
# നന്ദി.....ഹൃദയംഗമമായ നന്ദി

**രോഗവിമുക്തി നേടിയ ഖലീഫാ തിരുമനസ്സ് (അയ്യദഹുല്ലാഹുതആലാ ബിനസ്‌രിഹിൽ അസീസ്) തന്റെ ആതുരാവസ്ഥയിൽ വ്യാകുലചിത്തരാവുകയും ദാനധർമ്മങ്ങൾ നൽകി മനമുരുകി പ്രാർത്ഥിക്കുകയും ചെയ്ത അഹ്മദി സഹോദരീ സഹോദരന്മാർക്കും അഭ്യുദയകാംക്ഷികൾക്കും മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ മുഖേന 11.11.2002 ന് നൽകിയ സന്ദേശം.**



എന്റെ പ്രിയപ്പെട്ടവരേ, അഹ്മദിയ്യത്ത് എന്ന വൃക്ഷത്തിന്റെ ഫലസമൃദ്ധവും ഹരിതാഭവുമായ ശാഖകളേ!

السلام علیکم ورحمۃ اللہ وبرکاتہ

എനിക്ക് അസുഖമായിരുന്നപ്പോൾ നിങ്ങളെല്ലാവരും, പുരുഷന്മാരും സ്ത്രീകളും കുഞ്ഞുങ്ങളുമടക്കം വേദന തിങ്ങുന്ന ഹൃദയത്തോടെ എനിക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുകയും സ്നേഹവായ്പോടെ എന്റെ ആരോഗ്യനില അറിയുന്നതിനുവേണ്ടി കത്തുകളയക്കുകയും ഫോൺ ചെയ്തും ഫാക്സ് അയച്ചും സുഖവിവരങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയും ചെയ്തതിന്നു ഞാൻ നിങ്ങളേവരോടും അതീവ നന്ദിയുള്ളവനാണ്. ജമാഅത്തിന്റെ ഹൃദയങ്ങളിൽ അതാത് കാലത്തെ ഖലീഫയോട് ഈ രീതിയിൽ സ്നേഹബന്ധം പുലർത്തുകയും അദ്ദേഹത്തിന്നുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽ ജമാഅത്ത് അസ്വസ്ഥത പ്രകടിപ്പിച്ച് വ്യാകുലപ്പെടുകയും തങ്ങളുടെ എല്ലാ സങ്കടങ്ങളെയും ദുഃഖങ്ങളെയും വിസ്മരിച്ചുകൊണ്ട് അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹവും ഔദാര്യവും ആകുന്നു.

എനിക്കുവേണ്ടി ദുആ ചെയ്ത നിങ്ങളേവർക്കും അല്ലാഹു തന്റെ പ്രത്യേകാനുഗ്രഹങ്ങളും ഔദാര്യങ്ങളും തന്നരുളുമാറാകട്ടെ. തന്റെ കാരുണ്യത്തിന്റെ നിഴൽ എന്നെന്നും നിങ്ങളുടെയും നിങ്ങളുടെ ബന്ധുക്കളുടെയും മേൽ ഉണ്ടായിക്കൊണ്ടിരിക്കട്ടെ. എല്ലാ ദുഃഖങ്ങളിൽ നിന്നും കഷ്ടപ്പാടുകളിൽ നിന്നും നിങ്ങളെ രക്ഷപ്പെടുത്തുമാറാകട്ടെ. എല്ലാ വിധത്തിലുള്ള സുഖസന്തോഷങ്ങളും നിങ്ങൾക്കു പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ യാ അർഹമുർറാഹിമീൻ.

പരിശുദ്ധവും അനുഗൃഹീതവുമായ പുണ്യറമസാൻ മാസം സമാരംഭിച്ചിരിക്കുകയാണല്ലോ. ഈ മാസം പ്രാർത്ഥനകളുടെ സ്വീകാര്യതക്കുള്ള മാസമാണ്. ഈ അനുഗൃഹീത മാസത്തിൽ നിങ്ങളുടെയും എന്റെയും റബ്ബിനോടു പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. വളരെയധികം പ്രാർത്ഥിച്ചു കൊണ്ടിരിക്കുക.

അല്ലാഹു നമ്മെ അവന്റെ തൃപ്തിയുടെ വഴികളിൽ നടത്തുമാറാകട്ടെ. എന്തെല്ലാം ഉത്തരവാദിത്തങ്ങളാണോ അവൻ നമ്മിൽ ചുമത്തിയിരിക്കുന്നത്, ഏതെല്ലാം കർത്തവ്യ നിർവഹണത്തിനു വേണ്ടിയാണോ അവൻ നമ്മെ എഴുന്നേൽപിച്ചിരിക്കുന്നത്, ആ ഉത്തരവാദിത്തങ്ങളും കടമകളും പൂർണ്ണമായി നിറവേറ്റുന്നവരായി നമ്മെ ആക്കിത്തീർക്കുമാറാകട്ടെ. കഠിനപ്രയത്നത്തോടും ആത്മാർത്ഥതയോടും ത്യാഗമനോഭാവത്തോടും അവ നിറവേറ്റുന്നതിനായി അശ്രാന്തപരിശ്രമം ചെയ്യുന്നവരായി ആക്കിതീർക്കുമാറാകട്ടെ.

നമ്മുടെ നാഥൻ നമ്മുടെ നിസ്സാരമായ സേവനങ്ങളെയും ത്യാഗങ്ങളെയും സ്വീകരിച്ച് അനുഗ്രഹിക്കുമാറാകട്ടെ. ഇസ്‌ലാമിന്റെ ആഗോളവിജയത്തിന്നായി തന്റെ വാഗ്ദത്ത മസീഹിനോട് അല്ലാഹു ചെയ്ത വാഗ്ദാനങ്ങൾ നമ്മുടെ കണ്ണുകൾ കൊണ്ടു കാണുവാനുള്ള തൗഫീഖ് നൽകിയനുഗ്രഹിക്കുമാറാകട്ടെ. മാർഗ്ഗഭ്രംശം വന്നിരിക്കുന്ന മാനവകുലത്തെ യജമാനനായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ ശാശ്വതമായ ശീതളച്ഛായയിൽ കൊണ്ടുവരുമാറാകട്ടെ. ആമീൻ.

ഇതുവരെ നമ്മുടെ ജമാഅത്തിൽ ചേർന്നിട്ടില്ലാത്ത ധാരാളം സഹോദരന്മാരും എന്റെ ആരോഗ്യത്തിനും പൂർണ്ണസുഖത്തിനുമായി പ്രാർത്ഥിക്കുകയും എന്റെ സുഖവിവരങ്ങൾ അന്വേഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഞാനവരോടെല്ലാം അതീവ കൃതജ്ഞതയുള്ളവനാകുന്നു. അവരുടെ ഈ നല്ല സമീപനത്തെ ഹൃദയാത്മനാ വിലമതിക്കുന്നു. അല്ലാഹു അവർക്ക് നല്ല പ്രതിഫലം നൽകിയനുഗ്രഹിക്കുകയും അവരുടെ ദുഃഖങ്ങളെ അകറ്റി തന്റെ പ്രത്യേകാനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാക്കുകയും ചെയ്യുമാറാകട്ടെ. നിങ്ങളും അവർക്കായി പ്രാർത്ഥിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

എന്റെ റബ്ബ് എന്നെന്നും നിങ്ങളോടൊപ്പം ഉണ്ടാകട്ടെ.അവന്റെ സ്നേഹത്തിന്റെയും അവന്റെ കാരുണ്യത്തിന്റെയും അവന്റെ സംതൃപ്തിയുടെയും ദൃഷ്ടി നിങ്ങളിൽ എന്നെന്നും പതിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ. നിങ്ങൾ എപ്പോഴും അവന്റെ സംരക്ഷണയിലും സുരക്ഷിതത്വത്തിലും ആകുമാറാകട്ടെ. എന്റെ യജമാനനായ അല്ലാഹു നിങ്ങളുടെ ഒരു പ്രയാസവും വിഷമവും എനിക്ക് കാണിച്ചുതരാതിരിക്കട്ടെ. അല്ലാഹുവേ! നീ അങ്ങനെതന്നെ ആക്കേണമേ. ആമീൻ!

***വിവ: മുഹമ്മദ് ഉമർ എച്ച്.എ***

نحمده ونصلي على رسوله الكريم وعلى عبده المسيح الموعود


പുസ്തകം 70

ലക്കം 12

■

ഡിസംബർ 2002

ഫതഹ് 1381

റമസാൻ - ശവ്വാൽ 1423



■

ചീഫ് എഡിറ്റർ

മുഹമ്മദ് ഉമർ എച്ച്. ഏ.

■

എഡിറ്റർ

ഏ. എം. മുഹമ്മദ് സലിം

■

എഡിറ്റോറിയൽ ബോർഡ്

പ്രൊഫ. മഹ്മൂദ് അഹ്മദ്

(ചെയർമാൻ)

കെ. വി. ഈസക്കോയ

കെ. വി. ഹസ്സൻ കോയ

പി. എം. സലിം

പി. എം. ബഷീർ അഹ്മദ്

■

സെക്രട്ടറി പീരിയോഡിക്കൽസ്

പി. എം. അഹ്മദ് ഹസ്സൻ

■

മാനേജർ

എം. കെ. ഇമ്പിച്ചിക്കോയട്ടി

■

സർക്കുലേഷൻ മാനേജർ

എസ്. മുഹമ്മദ് സലിം



■

വരിസംഖ്യ - 100 ക.

ഒറ്റപ്രതി - 10 ക.

■

വിലാസം

**സത്യദൂതൻ**

**ജി. എച്ച്. റോഡ്**

**കോഴിക്കോട്.**


لا اله الا الله محمد رسول الله

# സത്യദൂതൻ

വജ്ര ജൂബിലി പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം


4 *യുഗശബ്ദം*

5 *മുഖക്കുറിപ്പ്*

6 *ഇസ്‌ലാമിലെ മതസ്വാതന്ത്ര്യവും ചിന്താസ്വാതന്ത്ര്യവും*
**ഡോ. അബ്ദുസ്സലാം**

12 *മതപരിത്യാഗത്തെ സംബന്ധിച്ച മൗദൂദിയൻ നിയമം*
**ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**

14 *മൗലാനാ അബുൽവഫാ സാഹിബിന്റെ പ്രാർത്ഥനയും കൊടിയത്തൂർ മുബാഹലയുടെ ബാക്കിപത്രവും*
**മുഹമ്മദ് ഉമർ എച്ച്. ഏ.**

17 *ഇസ്‌ലാം സമ്പൂർണ്ണമതം*
**മഹ്മൂദ് കൽക്കുളം**

20 *ഹിന്ദുത്വവും ഹിന്ദുക്കളും*
**എൻ. അബ്ദുർറഹീം**

22 *ആത്മീയ പീയൂഷം*
**ഇബ്നു മൊഹിയിദ്ദീൻ**

24 *മുഹമ്മദ് നബി (സ) അന്ത്യപ്രവാചകനോ?*
**ഏ. പി. കുഞ്ഞാമു**

29 *ആത്മീയഭണ്ഡാരം*
**മുഹമ്മദ് ഉമർ എച്ച്. ഏ**

31 *ഞാൻ എങ്ങനെ അഹ്മദിയായി (തുടർച്ച)*
**മൗലാനാ മുഹമ്മദ് അബുൽ വഫാ**

34 *മാസമുറപ്പിച്ച ഖാളിമാരും നോമ്പ് മുറിച്ച സുന്നികളും*
**അബൂരിസ്‌വാൻ**

39 *കുറിപ്പുകൾ*

42 *വാർത്തകൾ*


*മുഖചിത്രം : പുനസ്ഥാപിക്കപ്പെട്ട അലക്സാണ്ട്രിയ ലൈബ്രറി നീല ജലാശയത്തിന്റെ പശ്ചാത്തലത്തിൽ. ഇൻസെറ്റിൽ ലൈബ്രറിയുടെ ഉൾഭാഗം.*


Printed & Published by Dr. B. Mansoor Ahmad for The Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Saleem. Typeset, Layout & Cover Design : Carrot, Calicut

## ഖുർആനിൽ നിന്ന്

പ്രാർത്ഥിക്കുക: രക്ഷിതാവേ എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ചുതരേണമേ (20:115)
അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാത്രമെ അവനെ ഭയപ്പെടുകയുള്ളൂ. നിശ്ചയമായും അല്ലാഹു പ്രതാപവാനും സർവ്വഥാ പൊറുക്കുന്നവനുമാണ്. (35:29)

## നബിവചനം

അറിവ് അന്വേഷിച്ച് യാത്ര ചെയ്യുന്ന വരോട് അല്ലാഹു അവന്റെ സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗത്തെ ലഘുവാക്കിക്കൊടുക്കുന്നു (അബൂഹുറയ്റ).

ഒരു മുസ്‌ലിമിന് ഉചിതമായ ധർമ്മം ജ്ഞാനം സമ്പാദിക്കലും അത് മറ്റൊരു സഹോദരന് പകർന്നുകൊടുക്കലുമാണ് (അബൂഹുറയ്റ)

ബുഖാരി

## യുഗശബ്ദം

യുക്തിജ്ഞാനം ദൈവം മനുഷ്യന് നൽകിയ വിളക്ക് കൂടിയാണ്. സത്യത്തിലേക്ക് നയിക്കുകയും നാനാവിധ സന്ദേഹങ്ങളിൽ നിന്നും അടിസ്ഥാനരഹിതമായ ആവശ്യങ്ങളിൽ നിന്നും യുക്തിരഹിതമായ വിഭാവനകളിൽനിന്നും അവനെ അത് രക്ഷിക്കുന്നു. യുക്തിജ്ഞാനം വളരെ ആവശ്യമാണ്. ഏറ്റവും ഉപകാരപ്രദമാണ്. അതൊരു മഹിതമായ സമ്പത്താണ്. ഇതെല്ലാമുണ്ടെങ്കിലും അതിന് ചില അപര്യാപ്തതകൾ കൂടിയുണ്ട്. വസ്തുവിന്റെ ഉൺമയിലേക്കുള്ള ദൃഢനിശ്ചയജ്ഞാനത്തിലേക്ക് കേവല യുക്തിക്ക് മാത്രം നമ്മെ നയിക്കാൻ സാധ്യമല്ല. സമ്പൂർണ്ണമായ നിശ്ചയജ്ഞാനം എന്നത് വസ്തു നിലനിൽക്കുന്നത്പോലെത്തന്നെ വസ്തുവിന്റെ ഉണ്മയും നിലനിൽക്കുന്നു എന്ന വിശ്വാസമാണ്. യുക്തിജ്ഞാനത്തിന് ഈ ഉയർന്ന അളവിലുള്ള ബോധത്തിലേക്ക് നമ്മെ നയിക്കാനാവില്ല. ബാഹ്യത്തിൽ ഏതെങ്കിലും ഒരു വസ്തുവിന്റെ അസ്തിത്വം അത് തെളിയിക്കുന്നു. പക്ഷേ, ആന്തരികാർത്ഥത്തിൽ അതിന്റെ ഉൺമ തെളിയിക്കാനാവില്ല. ഇത്തരത്തിലുള്ള നിശ്ചയജ്ഞാനം 'ആയിരിക്കാം' എന്ന ജ്ഞാനത്തിൽനിന്ന് 'ആകുന്നു' എന്ന ജ്ഞാനത്തിലേക്ക് വ്യക്തിയെ നയിക്കുന്നു. ഊഹത്തെ വസ്തുതകളായി പരിവർത്തിപ്പിക്കണമെങ്കിൽ യുക്തിയോടൊപ്പം അതിന്റെ സഹായികൾക്കൂടി ചേരേണ്ടതുണ്ട്. യുക്തിയോട് ബന്ധപ്പെട്ട ഒരു കാര്യം 'ആയിരിക്കാം' എന്ന് പറയുമ്പോൾ അതിന്റെ സഹായികൾ 'ആകുന്നു' എന്ന് അറിയിക്കുന്നു. യുക്തി ഒരു വസ്തുതയുടെ അവ്യക്തമായ ജ്ഞാനത്തെ മാത്രമേ സ്ഥാപിക്കുന്നുള്ളൂ; അതിന്റെ ഉൺമ സ്ഥാപിച്ചെടുക്കുന്നില്ല. ഇത് രണ്ടും വ്യത്യസ്തമാണ്. ആയിരിക്കാമെന്ന അപൂർണ്ണജ്ഞാനം പ്രദാനം ചെയ്യുന്ന യുക്തിക്ക് ആകുന്നു എന്ന നിശ്ചയജ്ഞാനത്തിൽ എത്തിച്ചേരേണ്ടതുണ്ട്. അതാണ് വസ്തുവിന്റെ അസ്തിത്വത്തെപ്പറ്റിയുള്ള യഥാർത്ഥ അറിവ് നൽകുന്നത്.



മുഖക്കുറിപ്പ്

# വിജ്ഞാനവും വിശുദ്ധ ഖുർആനും

ആയിരം മാസത്തേക്കാൾ അനുഗൃഹീതവും നിർണ്ണായകവുമായ രാത്രിയിൽ അവതരിച്ച ഖുർആനിലെ പ്രഥമ പദം 'വായിക്കുക' അഥവാ 'ഓതുക' എന്നായിരുന്നു. "വായിക്കുക (സർവ്വവും) സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ. അവൻ മനുഷ്യനെ രക്തപിണ്ഡത്തിൽ നിന്നു-സൃഷ്ടിച്ചു. വായിക്കുക നിന്റെ നാഥൻ അത്യുദാരനാകുന്നു. പേനകൊണ്ട് പഠിപ്പിച്ചവനത്രെ (അവൻ). അവൻ മനുഷ്യന് അവനറിയാത്തത് പഠിപ്പിച്ചു" (96:2-6). അറിവുകളുടെ ആവാസ വ്യവസ്ഥയിൽ വളരേണ്ട ധൈഷണിക സത്വമാണ് മനുഷ്യൻ എന്നും സ്വയം വളരുന്നതിനും ദൈവത്തെ അറിയുന്നതിന്നുമായി ഭൗതിക പ്രപഞ്ചത്തിലേക്ക് മനുഷ്യന്റെ കണ്ണും കാതും മറ്റ് ഇന്ദ്രിയഗ്രാഹികളും തുറന്നുവെക്കണമെന്നുമാണ് ഖുർആൻ പറയുന്നത്. ആത്മീയജ്ഞാനങ്ങളുടെ ഒരു ആമുഖവും പ്രവേശികയുമാണ് ഭൗതികപ്രപഞ്ചം.

അറിവുകൾക്ക് മതകീയം, ഭൗതികം എന്ന വിഭജനം ഖുർആൻ നൽകിയിട്ടില്ല. പ്രപഞ്ച പ്രതിഭാസങ്ങളിലും വസ്തുക്കളിലും ദൈവചൈതന്യം നിറഞ്ഞുനിൽക്കുന്നതായി ഖുർആൻ പറയുന്നു. എല്ലാ പ്രാപഞ്ചിക ജ്ഞാനങ്ങളും മനുഷ്യന്റെ ആത്മീയ വിദ്യാഭ്യാസത്തിനുള്ള പാഠങ്ങളാണ്. അതുകൊണ്ട് ഖുർആൻ എല്ലാ ഭൗതിക വിജ്ഞാനങ്ങളോടും താൽപര്യം കാട്ടുന്നു. സ്ഥൂല പ്രപഞ്ചത്തെ ചൂണ്ടിക്കാട്ടി ദൈവത്തിന്റെ അസ്തിത്വത്തിലേക്കും ഗുണങ്ങളിലേക്കും മനുഷ്യന്റെ ശ്രദ്ധക്ഷണിക്കുന്ന അത്യപൂർവ്വമായ ഒരു ദൈവികഗ്രന്ഥമാണ് ഖുർആൻ. "ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറിമാറിവരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ (കിടന്നും) അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാൻമാർ പറയും) തങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർത്ഥമായിട്ടല്ല സൃഷ്ടിച്ചത്. നീ പരിശുദ്ധനാണ് അതിനാൽ നീ ഞങ്ങളെ നരകശിക്ഷയിൽ നിന്ന് രക്ഷിക്കേണമേ" (3: 191, 192). ഭൗതികശാസ്ത്രങ്ങളിലേക്കും മറ്റ് പ്രകൃതി ശാസ്ത്രങ്ങളിലേക്കും ദൈവാന്വേഷിയുടെ ശ്രദ്ധ ഖുർആൻ ക്ഷണിക്കുന്നത് കാണുക: "ഒട്ടകങ്ങളിലേക്ക് അവൻ നോക്കുന്നില്ലേ? അവ എങ്ങനെ സൃഷ്ടിക്കപ്പെട്ടുവെന്ന്? ആകാശത്തിലേക്കും (അവർ നോക്കുന്നില്ലേ) അതെങ്ങനെ ഉയർത്തപ്പെട്ടുവെന്ന്? പർവ്വതങ്ങളിലേക്ക് (അവർ നോക്കുന്നില്ലേ) അതെങ്ങനെ നാട്ടിനിറുത്തപ്പെട്ടിരിക്കുന്നുവെന്ന്? അവർ ഭൂതലത്തിലേക്ക് നോക്കുന്നില്ലേ അതെങ്ങനെ വിതാനിക്കപ്പെട്ടിരിക്കുന്നുവെന്ന്?"(88:18,21).

ഖുർആനിൽ മതസാമൂഹിക നിയമങ്ങൾക്കായി 250 വചനങ്ങളുള്ളപ്പോൾ അതിന്റെ പരിശുദ്ധ ഏടുകളിൽ 750 ഓളം വചനങ്ങൾ ശാസ്ത്രസംബന്ധിയാണ്. ഇത് ഖുർആന്റെ എട്ടിലൊന്നോളം വരും. അതായത്, മനുഷ്യന്റെ യുക്തിബോധത്തെയും, ധിഷണാശേഷിയെയും ബുദ്ധിശക്തിയെയും ഉത്തേജിതമാക്കിയാണ് ഖുർആൻ ആത്മീയ ലോകത്തേക്ക് മനുഷ്യനെ സ്വാഗതം ചെയ്യുന്നത്. ഖുർആനിക ലോകത്തെ പൗരന്മാർ ജ്ഞാന, വിജ്ഞാനങ്ങളുടെ സംമ്പൂർത്തി കൈവന്ന ഭക്തന്മാരായിരിക്കണമെന്നാണ് ഖുർആന്റെ താൽപ്പര്യം.

# ഇസ്‌ലാമിലെ മതസ്വാതന്ത്ര്യവും ചിന്താസ്വാതന്ത്ര്യവും

ഡോ. അബ്ദുസ്സലാം

**നോബൽ സമ്മാനജേതാവും ലോകം കണ്ടതിൽവെച്ചേറ്റവും വലിയ ഊർജ്ജതന്ത്രജ്ഞരിലൊരാളുമായ ലേഖകൻ ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ഏക ശാസ്ത്ര വിദ്യാഭ്യാസസ്ഥാപനമായ ട്രീസ്റ്റിലെ ഇന്റർനാഷനൽ സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സിന്റെ (ഡോ. സലാമിന്റെ പേരിലാണ് ഈ സ്ഥാപനം ഇപ്പോൾ അറിയപ്പെടുന്നത്) സ്ഥാപകനും ഡയറക്ടറുമായിരുന്ന ഡോ. സലാം, 1984 സെപ്:4ന് റോമിൽവെച്ച് ചേർന്ന രണ്ടാം മതസ്വാതന്ത്ര്യ സമ്മേളനത്തിൽ (World Congress of Religious Liberty) ചെയ്ത പ്രഭാഷണമാണ് ഈ ലേഖനം**

മുസ്‌ലിം പ്രകൃതിശാസ്ത്രജ്ഞൻ എന്ന നിലപാടിൽനിന്നു കൊണ്ട് തന്നെ ഞാൻ എന്റെ പ്രഭാഷണം നിർവ്വഹിക്കട്ടെ. ഒരു മുസ്‌ലിം എന്ന നിലക്ക് മതവിശ്വാസ സ്വാതന്ത്ര്യവും മതാചരണ സ്വാതന്ത്ര്യവും എനിക്ക് ഏറ്റവും പ്രിയങ്കരമാണ്. കാരണം സഹിഷ്ണുത എന്നത് ഇസ്‌ലാമിക വിശ്വാസത്തിന്റെ ഏറ്റവും സക്രിയമായ ഘടകമാണ്. ഒരു ഭൗതികശാസ്ത്രജ്ഞൻ എന്ന നിലക്ക് ആ മതസ്വാതന്ത്ര്യം ഏതൊരു സമൂഹത്തിലും ആചരിക്കപ്പെടണം എന്ന് ഞാനാഗ്രഹിക്കുന്നു. ശാസ്ത്രീയ സംവാദങ്ങൾക്കുള്ള അനുമതിയും ശാസ്ത്രീയ പുരോഗതിക്ക് അനുപേക്ഷണീയമായ വിയോജിപ്പുകളോടുള്ള സഹിഷ്ണുതയും അതിൽ ഉൾപ്പെടുന്നു.

ഇന്നത്തെ ഈ സന്ധ്യയിൽ ഞങ്ങളുടെ മതഗ്രന്ഥമായ വിശുദ്ധഖുർആൻ മതസ്വാതന്ത്ര്യത്തിന് നൽകിയ പ്രാധാന്യത്തെപ്പറ്റി ഞാൻ സംസാരിക്കാം. അതിനുശേഷം ഇസ്‌ലാംമത സ്ഥാപകരായ തിരുനബി (സ)യുടെ കർമ്മജീവിതത്തിൽ ഈ തത്ത്വങ്ങൾ സാക്ഷാത്ക്കരിച്ചതിനെക്കുറിച്ച് ഞാൻ വിവരിക്കാം. പിന്നീട്, നൂറ്റാണ്ടുകളോളം ഈ വിഷയത്തിൽ ഉണ്ടായ യഥാർത്ഥ ഇസ്‌ലാമിക സമീപനം എന്തായിരുന്നുവെന്നും ഞാൻ ചുരുക്കി വിവരിക്കാം. പ്രധാനമായും ഇസ്‌ലാമിക ശാസ്ത്ര ചർച്ചകളിൽ ഈ സ്വാതന്ത്ര്യസങ്കൽപം ചെലുത്തിയ പ്രഭാവവും ഇത്മൂലം അന്യസംസ്കാരങ്ങളിൽ നിന്നും മതങ്ങളിൽ നിന്നുമുള്ള ശാസ്ത്രജ്ഞൻമാർക്ക് സ്വച്ഛന്ദം കൂടിച്ചേരാൻ സാധ്യമായതിനെകുറിച്ചും ഞാൻ സംസാരിക്കാം.

## മതസ്വാതന്ത്ര്യവും വിശുദ്ധ ഖുർആനും

ആദ്യമായി മതസ്വാതന്ത്ര്യത്തെക്കുറിച്ച് വിശുദ്ധഖുർആൻ ഉന്നയിക്കുന്ന ആറ് വചനങ്ങൾ ഞാൻ ഉദ്ധരിക്കാം. അതിൽ ആദ്യത്തേത് ഇസ്‌ലാമിക വിശ്വാസത്തെ സംബന്ധിച്ചുള്ള മൗലിക തത്ത്വമാണ്.

1) ''മതത്തിൽ യാതൊരു വിധ ബലാൽക്കാരവുമില്ല" (2:257)

വിശ്വാസത്തെ സംബന്ധിച്ച അന്തിമ തീരുമാനം വ്യക്തിയിൽ മാത്രം നിക്ഷിപ്തമാണെന്ന് ഖുർആൻ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു.

2) "പറയുക ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാണ്. അതുകൊണ്ട്, ഏതൊരാൾ ആഗ്രഹിക്കുന്നുവോ? അവൻ വിശ്വസിക്കട്ടെ; ഏതൊരാൾ ആഗ്രഹിക്കുന്നുവോ അവൻ അവിശ്വസിക്കുകയും ചെയ്യട്ടെ." (18:30)

അടുത്ത വചനത്തിൽ വ്യക്തിക്ക് വിശ്വസിക്കാനും അവിശ്വസിക്കാനുമുള്ള സ്വാതന്ത്ര്യത്തെകുറിച്ച് കൂടുതൽ വ്യക്തതയോടെ ഖണ്ഡിതമായി പ്രസ്താവിക്കുന്നത് കാണുക.

3) "പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ. പറയുക: ഓ അവിശ്വാസികളേ, നിങ്ങൾ ആരാധിച്ചു വരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാധിച്ചു വരുന്നതിനെ നിങ്ങളും ആരാധിക്കുന്നില്ല. നിങ്ങൾ ആരാധിച്ചു വന്നതിനെ ഞാനും ആരാധിക്കുന്നവനല്ല. ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല. നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതവും!" (109.1-7)

അന്യമതസ്ഥരോട് അനുവർത്തിക്കേണ്ട സഹിഷ്ണുതയെ സംബന്ധിച്ചും തിരുനബിക്ക് മതവിഷയത്തിലുള്ള പങ്കിനെയും പരിമിതിയെയും കുറിച്ചും വളരെ വ്യക്തമായി വിശുദ്ധഖുർആൻ വീണ്ടും നിർവചിക്കുന്നു:

4) "അതുകൊണ്ട് നീ ഉദ്ബോധിപ്പിച്ചു കൊള്ളുക; നീ ഒരു ഉദ്ബോധകൻ മാത്രമാണ്; നീ അവരുടെ മേൽ സർവ്വാധികാരിയൊന്നുമല്ല." (88:23-24)

വീണ്ടും ഖുർആൻ പറയുന്നു:

5) "പറയുക: മനുഷ്യരേ, നിങ്ങളുടെ നാഥനിൽ നിന്ന് നിങ്ങൾക്ക് സത്യം വന്നുകിട്ടിയിരിക്കുന്നു. അതിനാൽ ആരെങ്കിലും നേർമാർഗ്ഗം പ്രാപിക്കുന്നതായാൽ അവൻ തന്റെ ഗുണത്തിനുവേണ്ടിതന്നെയാണ് നേർമാർഗ്ഗം പ്രാപിക്കുന്നത്. വല്ലവനും വഴിതെറ്റിപ്പോകുന്ന പക്ഷം തനിക്ക് ദോഷകരമായിട്ടുതന്നെയാണ് അവൻ വഴിതെറ്റിപ്പോകുന്നത്. ഞാൻ നിങ്ങളുടെ മേൽ കാര്യനിർവ്വഹകനൊന്നുമല്ല" (10:109)

വീണ്ടും പറയുന്നു:

6) ''നാം നിന്നെ അവരുടെ മേൽ കാവൽക്കാരനാക്കിയിട്ടുമില്ല. നീ അവരുടെ കാര്യനിർവ്വാഹകനുമല്ല" (6:108)

തൊട്ടടുത്ത വചനം മറ്റൊരു വ്യക്തമായ തത്ത്വം മനസ്സിലാക്കിത്തരുന്നു:

''അല്ലാഹുവിനു പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്'' (6:109)

വ്യാജദൈവങ്ങളാണെന്ന് ഇസ്‌ലാം കരുതുന്ന മതവിശ്വാസങ്ങളോടുപോലും ഇത്തരത്തിലുള്ള സഹിഷ്ണുത അനുവർത്തിക്കണമെന്നാണ് ഈ അനുശാസനം വ്യക്തമാക്കുന്നത്. മറ്റു വെളിപാടു മതങ്ങളുടെ സ്ഥാപക പുരുഷന്മാരോടുള്ള സമീപനത്തെ സംബന്ധിച്ച് ഒരു തത്ത്വാധിഷ്ഠിതമായ വ്യക്തമായ നിലപാടാണ് ഇസ്‌ലാം സ്വീകരിക്കുന്നത്. അതായത് "എല്ലാ സമുദായങ്ങൾക്കും ഒരു മാർഗ്ഗദർശകൻ വന്നുകഴിഞ്ഞിട്ടുണ്ട്"

മറ്റൊരു സുവ്യക്തമായ അനുജ്ഞ ഇപ്രകാരമാണ്:

"ദൈവത്തിന്റെ പ്രവാചകന്മാരിൽ ഞങ്ങൾ യാതൊരു വിധ വിവേചനവും കല്പിക്കുന്നില്ല."

ചുരുക്കത്തിൽ, വിശുദ്ധഖുർആൻ വളരെ വ്യക്തമായ വചനങ്ങളിൽ മതസ്വാതന്ത്ര്യത്തെ മുസ്‌ലിംകളുടെ മതവിശ്വാസത്തിന്റെ ഭാഗമാക്കി മാറ്റിയിരിക്കുന്നു. ദൈവത്തിന്റെ സന്ദേശം ജനങ്ങളിലേക്കെത്തിക്കുക മാത്രമാണ് പ്രവാചകന്റെ ദൗത്യമെന്ന് അത് പ്രസ്താവിക്കുന്നു. ജനങ്ങളെ നിർബന്ധപൂർവ്വം മതം സ്വീകരിപ്പിക്കാൻ അദ്ദേഹത്തിന് യാതൊരു അധികാരവുമില്ല. അദ്ദേഹം പ്രബോധനം ചെയ്യുന്ന മതം വിശ്വസിപ്പിക്കാനുള്ള ഉത്തരവാദിത്ത്വവും അദ്ദേഹത്തിന് നൽകപ്പെട്ടിട്ടില്ല. എല്ലാറ്റിനുമുപരിയായി എല്ലാ മതവിശ്വാസങ്ങളോടും വളരെ ആദരപൂർണമായ സമീപനം കൈക്കൊള്ളണമെന്നും പ്രവാചകൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു.

## തിരുനബി (സ) യുടെ മാതൃക

ഇക്കാര്യത്തിൽ പ്രവാചകൻ സ്വയം കാണിച്ച മാതൃകയെന്താണെന്ന് നമുക്ക് നോക്കാം. അദ്ദേഹത്തിന്റെ ജീവിതത്തിലെ മൂന്ന് സംഭവങ്ങൾ ഞാൻ ഇവിടെ വിവരിക്കാം.

മദീനയിലേക്ക് പലായനം ചെയ്യുന്നതിന് മുമ്പ് മക്കയിലെ പതിമൂന്ന് വർഷക്കാലം തിരുനബിയും അദ്ദേഹത്തിന്റെ അനുചരന്മാരും അതിക്രൂരമായി പീഡിപ്പിക്കപ്പെടുകയും കഠിനമായ മർദ്ദനങ്ങൾക്ക് വിധേയരാകുകയുമുണ്ടായി. ഈ വസ്തുതയെ സംബന്ധിച്ച് നിങ്ങൾക്കെല്ലാം അറിയാമല്ലോ. മുസ്‌ലിംകളിൽ അതിനിഷ്ഠൂരമായി ചിലർ വധിക്കപ്പെടുകയുണ്ടായി. മദീനയിലേക്ക് പലായനം ചെയ്തതിന് ശേഷം ഒന്നാമതായി അദ്ദേഹം ഒരു കരാറിൽ ഏർപ്പെടുകയുണ്ടായി. അതിലെ മുഖ്യപ്രമേയം മതവിശ്വാസസ്വാതന്ത്ര്യത്തിന്റെ പരിരക്ഷയും എല്ലാ മതവിഭാഗങ്ങൾക്കുള്ള ആരാധനാസ്വാതന്ത്ര്യവുമായിരുന്നു.

രണ്ടാമത്തെ സംഭവം മക്കയിൽ പ്രവാചകന്റെ ഏറ്റവും കഠിനനായ ശത്രു മക്കാ പടയാളികളുടെ തലവനായ അബൂജഹൽ ആയിരുന്നു. മദീനയുടെ നേർക്കുള്ള ആദ്യത്തെ മക്കൻ ആക്രമണമുണ്ടായപ്പോൾ ബദർ രണാങ്കണത്തിൽ വെച്ച് മുസ്‌ലിംകളാൽ അബൂജഹൽ കൊല്ലപ്പെട്ടു. അദ്ദേഹത്തിന്റെ പുത്രൻ ഇക്‌രിമ ഇസ്‌ലാമിന്റെ മറ്റൊരു പ്രതിയോഗിയായിരുന്നു. മദീനക്ക് നേരെയുള്ള മക്കക്കാരുടെ രണ്ടാം ആക്രമണമായ ഉഹ്ദ് യുദ്ധത്തിലെ പടത്തലവന്മാരിലൊരാൾ അദ്ദേഹമായിരുന്നു.

അവസാനം അല്ലാഹു പ്രവാചകന് (സ) മക്കയ്ക്ക് മേൽ വിജയം നൽകിയപ്പോൾ ഇക്‌രിമ അബീസീനിയയിലേക്ക് രക്ഷപ്പെടാനുള്ള ഉദ്ദേശ്യത്തോടെ മക്കാ പട്ടണം വിട്ട് അതിർത്തിയിലേക്ക് നീങ്ങി. ഈയവസരത്തിൽ ഇക്‌രിമയുടെ പത്നി തിരുനബി (സ)യെ സമീപിച്ചുകൊണ്ട് ചോദിച്ചു: "ഇക്‌രിമ ബിംബാരാധകനായിരിക്കെ അദ്ദേഹത്തെ മക്കയിലേക്ക് തിരിച്ചുവരാൻ അങ്ങ് അനുവദിക്കുമോ?" പ്രവാചകൻ പ്രതിവചിച്ചു: ''വിശ്വാസം വ്യക്തിയുടെ സ്വതന്ത്രമനസ്സാക്ഷിയുമായി ബന്ധപ്പെട്ടതാണ്. ഇക്‌രിമ മക്കയിലേക്ക് തിരിച്ചുവരികയാണെങ്കിൽ അദ്ദേഹത്തിന്ന് യാതൊരു വിധത്തിലുള്ള പീഡനവുമേൽക്കേണ്ടിവരികയില്ല. അദ്ദേഹത്തിന് ഇഷ്ടമുള്ള വിശ്വാസം തിരഞ്ഞെടുത്തുകൊണ്ട് സുരക്ഷിതമായി ഇവിടെ ജീവിക്കാം". പ്രവാചകൻ (സ) നൽകിയ ഈ ഉറപ്പിൻമേൽ അവർ തന്റെ ഭർത്താവ് ഇക്‌രിമയെ തേടിപ്പുറപ്പെട്ടു. അദ്ദേഹത്തെ കണ്ട് മക്കയിലേക്ക് തിരിച്ചുവരാൻ അഭ്യർത്ഥന നടത്തി. അങ്ങനെ മക്കയിലേക്ക് തിരിച്ചെത്തിയ ഇക്‌രിമ തിരുനബിയെ സന്ദർശിച്ചു. തന്റെ പത്നിയോട് ചെയ്ത സുരക്ഷാവാഗ്ദാനം വ്യക്തിപരമായി നേരിട്ടുതന്നെ അദ്ദേഹം ഉറപ്പുവരുത്തി. നബി(സ)യുടെ സവിധം പൂകിയ ഇക്‌രിമ അവിടുത്തെ വചനങ്ങൾ ശ്രദ്ധിച്ചു. വിശ്വാസസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കാൻ ആ മഹാത്മാവ് കാണിച്ച ഹൃദയവിശാലതയും ആത്മാർത്ഥതയും സഹിഷ്ണുതയും ഇക്‌രിമയെ ചിന്താധീനനാക്കി. അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചതായി പ്രഖ്യാപിക്കുകയാണുണ്ടായത്. തിരുനബി (സ) അദ്ദേഹത്തോട് താങ്കൾക്ക് ഇനിയും വല്ല ആഗ്രഹങ്ങ

ളുമുണ്ടോ എന്ന് ചോദിക്കുകയുണ്ടായി. ഇസ്‌ലാംമതം സ്വീകരിക്കാൻ ദൈവം എന്റെ ഹൃദയം തുറന്നുതന്നതിൽ കവിഞ്ഞ് ഞാനെന്ത് ആഗ്രഹിക്കാനാണ്. എനിക്ക് മറ്റൊരു ആഗ്രഹവുമില്ല എന്നദ്ദേഹം മറുപടി പറഞ്ഞു. പക്ഷേ, നബിതിരുമേനിക്കും മുസ്‌ലിംകൾക്കും നേരെ താൻ കാണിച്ച എല്ലാ അപരാധങ്ങൾക്കുമുള്ള പാപപ്പൊറുതിക്ക് വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കാൻ ഇക്‌രിമ തിരുമേനിയോടു ആഗ്രഹം പ്രകടിപ്പിച്ചു. ഇക്‌രിമയുടെയും തിരുമേനിയുടെയും പ്രാർത്ഥന ദൈവം സ്വീകരിച്ചു. അധികം താമസിയാതെ ഇക്‌രിമ ഇസ്‌ലാമിന് വേണ്ടി രക്തസാക്ഷിയായി.

മൂന്നാമത്തെ സംഭവം, നജ്റാനിൽ നിന്നു മദീനയിലെത്തിയ ഒരു ക്രിസ്തീയ സംഘവുമായി റസൂൽതിരുമേനി (സ) മസ്ജിദിൽ വെച്ച് സുദീർഘമായ സംവാദം നടത്തിയ അവസരത്തിലുണ്ടായതാണ്. നജ്റാനിലെ ക്രിസ്തീയ ദേവാലയങ്ങൾ സംരക്ഷിക്കപ്പെടുന്നതാണെന്ന് പ്രവാചകൻ (സ) ആ സംഭാഷണത്തിൽ അവർക്ക് പൂർണമായ ഉറപ്പുനൽകി. സംഭാഷണത്തിനിടയിൽ ക്രിസ്തീയ സംഘം പ്രാർത്ഥനക്കായി ഒരു ഇടവേള ആവശ്യപ്പെട്ടു. അവർ പ്രാർത്ഥനക്കായി എവിടെ പോകണമെന്നറിയാതെ ഒരു നിമിഷം അസ്വസ്ഥരായി. നബിതിരുമേനി അവരുടെ വിഷമവും പരിഭ്രവും മനസ്സിലാക്കി. മസ്ജിദ് മുസ്‌ലിംകളുടെ ഏറ്റവും പവിത്രമായ ആരാധനാസ്ഥലമാണല്ലോ ആ മസ്ജിദിൽ വെച്ച് തന്നെ പ്രാർത്ഥന നിർവ്വഹിക്കാൻ ആ ക്രിസ്തീയ സംഘത്തെ പ്രവാചകതിരുമേനി(സ) ക്ഷണിച്ചു. ഭാവിലോകത്ത് ആരാധനാലയങ്ങൾ പങ്കുവെക്കുന്ന കാര്യത്തിൽപോലും ഇസ്‌ലാമികപ്രമാണങ്ങൾ കാഴ്ചവെക്കുന്ന സഹിഷ്ണുതയുടെയും ഹൃദയവിശാലതയുടെയും പരസ്പര ധാരണയുടെയും ഉദാത്ത മാതൃക ഈ സംഭവത്തിലടങ്ങിയിരിക്കുന്നു.

സുപ്രസിദ്ധമായ തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ മനുഷ്യസമൂഹത്തോട് നിഷ്കളങ്കമായും നീതിപൂർവ്വവും പെരുമാറേണ്ട അദ്ധ്യാപനങ്ങളും, മനുഷ്യാവകാശങ്ങളുടെ അതുല്യമായ പ്രമാണങ്ങളും അവിടുന്ന് സംക്ഷേപിച്ചിരിക്കുന്നു. തന്റെ വിയോഗത്തിന് മുമ്പുള്ള അവസാനത്തെ ഹജ്ജ് വേളയിൽ തിരുദൂതർ ഇപ്രകാരം അരുളി.

“ഓ എന്റെ ജനങ്ങളേ, വീണ്ടും നാം ഇവിടെ ഒരുമിച്ചുകൂടുമെന്നോ നിങ്ങളെ വീണ്ടും കാണാനുള്ള സന്ദർഭമുണ്ടാകുമെന്നോ എനിക്കറിയില്ല. ഈ ദിവസവും ഈ മാസവും ഈ പട്ടണവും പാവനമാണ്. അതേപ്രകാരം നിങ്ങളുടെ ജീവനും, സ്വത്തും, അഭിമാനവും പരിപാവനമാണ്.

“ഓ എന്റെ ജനങ്ങളേ, നിങ്ങളെയെല്ലാം സൃഷ്ടിച്ച ദൈവം ഒന്നാണ് നിങ്ങളുടെ ആദിപിതാവും ഒരാളാണ്. നിങ്ങളെല്ലാം ആദമിന്റെ മക്കളാണ്; ആദമാകട്ടെ മണ്ണിൽനിന്നും. നിങ്ങളിൽ ചെറിയവനെന്നോ വലിയവനെന്നോ ഉള്ള വ്യത്യാസമില്ലാതെ നിങ്ങളെല്ലാം തുല്യരാണ്. അറബിക്ക് അനറബിയേക്കാൾ യാതൊരു മേന്മയുമില്ല; അനറബിക്ക് അറബിയേക്കാളും. വെളുത്തവന് കറുത്തവനേക്കാളും കറുത്തവന് വെളുത്തവനേക്കാളും മേന്മയില്ല; ദൈവഭയത്തിന്റെയും സൽക്കർമങ്ങളുടെയും അടിസ്ഥാനത്തിലല്ലാതെ”

അതായിരുന്നു പ്രവാചകതിരുമേനി ലോകത്തിനുമുമ്പിൽ സമർപ്പിച്ച സാഹോദര്യവും സഹിഷ്ണുതയും സമത്വവും. വർണത്തിന്റെയോ, മതത്തിന്റെയോ, ദേശത്തിന്റെയോ അടിസ്ഥാനം അംഗീകരിക്കാതെ മാനവമൂല്യങ്ങൾക്ക് വേണ്ടി മനുഷ്യസമൂഹത്തിന്റെ സമാധാനത്തിന്റെ അധിഷ്ടാനത്തിലായിരുന്നു അദ്ദേഹം ഈ തത്ത്വങ്ങൾ ഉയർത്തിപ്പിടിച്ചത്.

## ആദ്യകാല മുസ്‌ലിംകളുടെ മാതൃക

അടുത്തതായി നമ്മുടെ ചോദ്യം, വിശുദ്ധഖുർആനിലെ അനുശാസനകളോടും തിരുനബി (സ)യുടെ മാതൃകയോടും ആദ്യകാല മുസ്‌ലിംകളുടെ പ്രതികരണമെന്തായിരുന്നു എന്നതാണ്. ഉദാഹരണത്തിന്, പ്രവാചകതിരുമേനി (സ)യുടെ രണ്ടാംഖലീഫയായിരുന്ന ഹസ്റത്ത് ഉമറുബ്നുൽ ഖത്താബ് (റ) ഏലിയായിലെ ക്രിസ്ത്യൻ സമൂഹവുമായി ഒപ്പുവെച്ച കരാറിൽ ഇത് വ്യക്തമാകും.

“പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ. ഏലിയായിലെ ജനങ്ങൾക്ക് അല്ലാഹുവിന്റെ ദാസനും വിശ്വാസികളുടെ നേതാവുമായ ഉമർ നൽകുന്ന സുരക്ഷാ വാഗ്ദാനമാകുന്നു ഇത്. എല്ലാ ജനങ്ങൾക്കും, അവർ രോഗികളാകട്ടെ ആരോഗ്യമുള്ളവരാകട്ടെ അവരുടെ ജീവനും സ്വത്തിനും അവരുടെ പള്ളികൾക്കും കുരിശിനും അവരുടെ മതസംബന്ധമായ എല്ലാറ്റിനും ബാധകമായ വ്യവസ്ഥയാകുന്നു ഇത്. അവരുടെ ചർച്ചുകൾ ഒരിക്കലും താമസസ്ഥലങ്ങളാക്കി മാറ്റപ്പെടുകയോ നശിപ്പിക്കപ്പെടുകയോ, അവരോ അവരുടെ അനുബന്ധവസ്തുക്കളോ യാതൊന്നിനും തന്നെ ഹാനി സംഭവിക്കുകയോ, അവരുടെ കുരിശുകളോ അവരുടെ സ്വത്തുക്കളോ നശിപ്പിക്കപ്പെടുകയോ ചെയ്യാൻ പാടില്ല. അവരുടെ വിശ്വാസകാര്യങ്ങളിൽ യാതൊരു തടസ്സവും ചെയ്യാൻ പാടുള്ളതല്ല. അവരിലാരോടും തന്നെ യാതൊരു വിധ ദ്രോഹങ്ങളും ചെയ്യാൻ പാടുള്ളതുമല്ല.”

പ്രവാചകൻ ദിവംഗതനായതിന് ശേഷം എട്ട് വർഷം കഴിഞ്ഞ് താരീഖ്ബ്നുസിയാദ് സ്പെയിനിലേക്ക് പ്രവേശിച്ചപ്പോഴും ഈ സഹിഷ്ണുതയുടെ അദ്ധ്യാപനങ്ങൾ തുടരുകയുണ്ടായി. അദ്ദേഹത്തിന്റെ പടയാളികൾക്ക് താരീഖ് നൽകിയ അവിസ്മണീയമായ നിർദ്ദേശങ്ങൾ ചരിത്രത്തിന് ഒരിക്കലും മറക്കാൻ സാധ്യമല്ല.

“നമുക്ക് നേരെ ഖഡ്ഗമുയർത്തിയവർക്ക് നാം എല്ലാവിധ സുരക്ഷയും സംരക്ഷണവും വാഗ്ദാനം ചെയ്യുന്നു. ആരോടും യാതൊരു പ്രതികാരവും ചെയ്യപ്പെടുന്നതല്ല. ആരുടെയും അധീനതയിലുള്ള സ്വത്തിന്റെ ചെറിയ ഭാഗം പോലും അവരിൽ നിന്ന് പിടിക്കപ്പെടുന്നതല്ല. ആരുടെയും ഭൂമിയോ, കൃഷിയോ കണ്ടുകെട്ടപ്പെടുന്നതല്ല.

സ്പെയിൻ നിവാസികൾക്ക് അവർക്ക് ഇഷ്ടമുള്ള മതം വിശ്വസിക്കാനും ആചരിക്കാനുമുള്ള പൂർണ സ്വാതന്ത്ര്യമുണ്ട്. ക്രിസ്ത്യാനികളുടെ ചർച്ചോ മറ്റേതെങ്കിലും ആരാധനാസ്ഥലങ്ങളോ നശിപ്പിക്കുന്ന മുസ്ലിംഭടൻ കഠിനമായി ശിക്ഷിക്കപ്പെടുന്നതാണ്"

ഇത് ക്രി:വ എട്ടാം നൂറ്റാണ്ടിലെ സംഭവമായിരുന്നു. 9ാം നൂറ്റാണ്ടിലെ സത്യത്തിന്റെ ഉപാസകനായിരുന്ന ഖലീഫ മാമൂൻ റഷീദ് ഏറ്റവും സജീവമായൊരു ഇസ്ലാമിക മാതൃകയാണ്. അദ്ദേഹത്തിന്റെ ഭരണപ്രദേശങ്ങളിലെ വിദൂരദിക്കുകളിലേക്ക് അന്യമതസ്ഥരെ ഇസ്ലാമിക്ക് സ്വാഗതം ചെയ്തുകൊണ്ട് അദ്ദേഹം സന്ദേശമയക്കുകയുണ്ടായി. ട്രാൻസോകസിലും ഫർഗാനയിലും വെച്ച് അദ്ദേഹം പണ്ഡിതന്മാരുമായി മതവിഷയങ്ങളെ സംബന്ധിച്ച് സംവാദം സംഘടിപ്പിക്കാറുണ്ടായിരുന്നു. മാനിക്കേയൻ മതത്തിന്റെ ഒരു നേതാവായിരുന്നു യസ്ദൻ ബക്ത് ഖലീഫ മാമൂന്റെ ക്ഷണം സ്വീകരിച്ചുകൊണ്ട് ബാഗ്ദാദിലെത്തി. മുസ്ലിം പണ്ഡിതന്മാരുമായുള്ള സംവാദത്തിൽ അദ്ദേഹം തികച്ചും മൗനിയായി നിന്നു. ഖലീഫ അദ്ദേഹത്തോട് ചോദിച്ചു: ''പിന്നെ എന്തുകൊണ്ട് താങ്കൾ ഇസ്ലാംമതം സ്വീകരിക്കുന്നില്ല?"

1886ൽ പ്രസിദ്ധീകരിച്ച 'പ്രീ ച്ചിംങ്ങ് ഓഫ് ഇസ്ലാം' എന്ന ഗ്രന്ഥത്തിൽ ടി. ഡബ്ലിയു. ആർനോൾഡ് പ്രസ്തുതസംഭവം വിവരിക്കുന്നുണ്ട്. യസ്ദൻ ബക്ത് ഖലീഫയുടെ ക്ഷണത്തിന്റെ നിരാസം സൂചിപ്പിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു. "വിശ്വാസികളുടെ നേതാവേ, അങ്ങയുടെ ഉപദേശങ്ങളെല്ലാം ഞാൻ കേട്ടു. താങ്കളുടെ വാക്കുകൾ ശ്രവിക്കുകയും ചെയ്തു. പക്ഷേ, മനുഷ്യരെ അവരുടെ വിശ്വാസം ഉപേക്ഷിക്കാൻ നിർബന്ധിക്കാൻ പാടില്ലാത്ത ഒരു മതത്തിൽ പെട്ടവനാണ് താങ്കൾ എന്ന കാര്യം ഓർക്കുക"

കുരിശുയുദ്ധകാലത്തെ ഒരു സംഭവം കൂടി ഞാൻ വിവരിക്കാം:

ദൗർഭാഗ്യകരമായ രണ്ടാം കുരിശുയുദ്ധം ഇതുപോലെയുള്ള ഒരു സംഭവത്തെ അനുസ്മരിപ്പിക്കുന്നു. ഈ വിവരണം ലഭിച്ചത് സാത്ത്ദെനിയിലെ ഒരു സന്യാസിയായിരുന്ന ഓഡോയിൽ നിന്നാണ്. ലൂയി ഏഴാമന്റെ സ്വകാര്യ പുരോഹിതനായിരുന്ന അദ്ദേഹം കുരിശുയുദ്ധത്തിൽ ലൂയിരാജാവിനെ അനുഗമിച്ചിരുന്നു. ഏഷ്യാമൈനറിലൂടെ ജറുസലമിലെത്താൻ ശ്രമിക്കവെ കുരിശുയുദ്ധക്കാർക്ക് പ്രജിയയിലെ മലമ്പാതകളിൽ വെച്ച് തുർക്കികളിൽ നിന്ന് കനത്ത പരാജയമേറ്റു. വളരെ ബുദ്ധിമുട്ടിയാണവർ അത്താലിയാ തുറമുഖത്തെത്തിയത് (ക്രി.വ. വ 1148). അവിടെവെച്ച് ഗ്രീക്ക് വ്യാപാരികളുടെ അതിരുകടന്ന ആവശ്യങ്ങൾ നിറവേറ്റിക്കൊടുത്തുകൊണ്ട് അവർ കയറിയ കപ്പൽ അന്തിയോഖ്യയിലേക്ക് തിരിച്ചു. രോഗികളും മുറിവേറ്റവരുമായ യോദ്ധാക്കളും സാധാരണ തീർത്ഥാടകരും വഞ്ചകരായ ഗ്രീക്ക് വ്യാപാരികളുടെ കയ്യാൽ അവിടെ നിർദ്ദാക്ഷിണ്യം ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്. തീർത്ഥാടകരെ പരിരക്ഷിക്കുന്നതിനും രോഗികളായവരെ ആരോഗ്യം വീണ്ടെടുക്കുന്നതുവരെ ശുശ്രൂഷിക്കുന്നതിനും വേണ്ടി അവർ ലൂയിയിൽനിന്ന് അഞ്ഞൂറ് റൂബിൾ വാങ്ങിയിരുന്നു. പക്ഷേ, ലൂയിയുടെ സൈന്യം സ്ഥലം വിട്ട ഉടനെ തീർത്ഥാടകരുടെ നിസ്സഹാവസ്ഥയെ സംബന്ധിച്ച് മുസ്ലിംകൾക്ക് ഗ്രീക്കുകാർ വിവരം നൽകുകയാണ് ചെയ്തത്. നിർഭാഗ്യവാന്മാരായ ഇവരുടെ പാളയത്തിൽ ശത്രുസൈന്യത്തിന്റെ അമ്പുകളും ക്ഷാമവും രോഗവും സംഹാരനൃത്തമാടി. ഗ്രീക്കുകാർ നിസ്സംഗരായി ഇതെല്ലാം നോക്കി നിൽക്കുകയാണുണ്ടായത്. ഹതാശയരായ മൂന്നോ നാലോ ആയിരം തീർത്ഥാടകർ രക്ഷപ്പെടാൻ ശ്രമിച്ചു. പക്ഷേ, അവർക്ക് അത് സാധ്യമല്ലായിരുന്നു. അവശേഷിച്ചിരുന്നവരുടെ സ്ഥിതി അങ്ങേയറ്റം പരിതാപകരമായിരുന്നു. അവരുടെ ആ ദയനീയരംഗം മുഹമ്മദീയരുടെ കരളലിയിച്ചു. അവർ രോഗികളെ ശുശ്രൂഷിക്കുകയും ദരിദ്രർക്കും പട്ടിണിക്കാർക്കും ആശ്വാസമരുളുകയും അവരെ ഉദാരമായി സഹായിക്കുകയും ചെയ്തു. തീർത്ഥാടകർക്ക് ശത്രുക്കളായ അവിശ്വാസികളിൽ നിന്നു ലഭിച്ച ദയാപൂർണമായ പരിചരണത്തിന്റെയും സ്വന്തം മതസ്ഥരായ ക്രിസ്ത്യാനികളിൽ നിന്നു ലഭിച്ച ക്രൂരതയുടെയും വൈരുദ്ധ്യം അവരെ ഇരുത്തിച്ചിന്തിപ്പിച്ചു. അവരിൽ പലരും തങ്ങളുടെ വിമോചകരുടെ മതത്തിലേക്ക് (ഇസ്ലാമിലേക്ക്) പരിവർത്തനം ചെയ്യുകയാണുണ്ടായത്.

നമുക്ക് സംഭവത്തിന്റെ മുഖ്യവസ്തുതയിലേക്ക് വരാം. പുരാവൃത്തകാരൻ തന്നെ സംഭവം വിവരിക്കട്ടെ:

''തങ്ങളോട് ക്രൂരത കാണിച്ച സ്വന്തം മതസ്ഥരിൽ നിന്നൊഴിഞ്ഞുമാറി അവർ അവിശ്വാസികളിൽ അഭയം തേടി. അവരോട് കരുണ കാണിച്ചിരുന്ന തുർക്കികളുടെ കൂടെ മൂവ്വായിരത്തിലധികംപേർ ചേർന്നു എന്നാണ് കേൾക്കുന്നത്. ഹാ കഷ്ടം! വഞ്ചനയേക്കാൾ ഏറെ ക്രൂരമാണ് ഈ ദയ! തുർക്കികൾ അവർക്ക് രക്ഷ നൽകി പക്ഷേ, അവരുടെ വിശ്വാസം അവർ കവർന്നെടുക്കുകയായിരുന്നു. തങ്ങളുടെ സേവനത്തിൽ മാത്രം തൃപ്തി കണ്ടെത്തിയ തുർക്കികൾ ആരെയും മതപരിത്യാഗത്തിന് നിർബന്ധിച്ചില്ല എന്നത് തീർച്ചയാണ്.' '

അവസാനമായി നമുക്ക് സ്പെയിനിലെ 13ഉം 14 നൂറ്റാണ്ടുകളിലേക്ക് വരാം. മുസ്ലിം സ്പെയിനിലെ ഭരണാധികാരികൾ കാഴ്ചവെച്ച അത്ഭുതകരമായ സഹിഷ്ണുതയും മതസ്വാതന്ത്ര്യവും ഈ സദസ്സിനോട് ഞാൻ വിശദീകരിക്കേണ്ടതില്ല. പ്രത്യേകിച്ച് അവരുടെ ജൂത പ്രജകളോട് കാണിച്ച ഔദാര്യം മഹിതകരമാണ്. ഈ കാലഘട്ടം യഹൂദ മതസാംസ്കാരിക ചരിത്രത്തിലെ സുവർണ കാലഘട്ടമായാണ് അറിയപ്പെടുന്നത്. ഭരണകൂടവുമായി അവർ വളരെയേറെ രഞ്ജിപ്പിൽ കഴിഞ്ഞു. ഇസ്ലാമിക ഭരണത്തിന്റെ കുഞ്ചികസ്ഥാനങ്ങളിൽ ജൂതന്മാർ അവരോധിക്കപ്പെട്ടു. രണ്ടാം മോസസ് എന്നറിയപ്പെട്ട മോസസ് ബിൻ മൈറൂനെ നിങ്ങൾ ഓർക്കുന്നില്ലേ? അദ്ദേഹം സ്പെയിനിലെ കോർഡോവയിലാണ് ജനിച്ചത്. അദ്ദേഹമാണ് യഹൂദ ദൈവശാസ്ത്രത്തിലെ മുഖ്യ ഗ്രന്ഥം

അറബിയിൽ രചിച്ചത്. പിന്നീട് അദ്ദേഹത്തിന്റെ ഒരു ശിഷ്യനാണ് അത് ഹീബ്രുവിലേക്ക് വിവർത്തനം ചെയ്തത്.

ഈ സഹിഷ്ണുതയെല്ലാം തകർക്കപ്പെട്ടു. 1610ൽ അവസാനത്തെ സ്പാനിഷ് മുസ്‌ലിമിനേയും അവന്റെ ജന്മനാട്ടിൽ നിന്ന് ആട്ടിപുറത്താക്കുമ്പോൾ സ്പാനിഷ് ഇൻക്വിസിഷൻ കോടതിയിൽ നിന്നുള്ള ഒരു മുസ്‌ലിമിന്റെ വിലാപം ഞാൻ ഓർത്തുപോവുകയാണ്. അയാൾ തന്റെ പൂർവ്വഗാമികൾ അന്യമതസ്ഥരോട് കാണിച്ച സഹിഷ്ണുതയുടെ സാക്ഷ്യം ഇൻക്വിസിഷൻ കോടതിയിൽ മൊഴിയുകയുണ്ടായി. സർ തോമസ് ആൾനോൾഡ് അത് ഉദ്ധരിച്ചത് ഇപ്രകാരമാണ്.

"ഞങ്ങളുടെ പൂർവ്വപിതാക്കൾക്ക് സർവ്വവിധ അധികാരങ്ങളുണ്ടായിരുന്നിട്ടും ക്രിസ്തുമതത്തെ വേരറുക്കാനുള്ള വല്ല ശ്രമവും നടത്തിയോ? നിങ്ങളുടെ പൂർവ്വികരുടെ ആരാധനാ ചടങ്ങുകൾ സ്വതന്ത്രമായി നടത്താൻ അവർ അനുവദിച്ചില്ലയോ? മുസ്‌ലിംകൾ കീഴടക്കുന്ന ഏതൊരു ദേശത്തും ഉദാത്തമായ അനുനയങ്ങളിലൂടെയുള്ള പ്രബോധനം നടത്താൻ മാത്രമല്ലേ ഞങ്ങളുടെ പ്രവാചകൻ നിർദേശിച്ചത്? രക്തപങ്കിലമായ മതവിചാരണ ക്കോടതിയോ, മർദ്ദനപരമായ ഒരു മതപരിവർത്തന രീതിയോ വിശ്വാസകാര്യത്തിൽ ഞങ്ങളിൽ നിന്ന് ഒരിക്കൽപോലുമുണ്ടായിട്ടുണ്ടോ?"

സ്പാനിഷ് മുസ്‌ലിംകളുടെ മതസഹിഷ്ണുതാബോധം ഒരു കുറ്റമായിട്ടാണ് വാലൻസിയിലെ ബിഷപ്പ് അവരിൽ ആരോപിച്ചത്. മതപരിത്യാഗികളും രാജ്യദ്രോഹികളുമായി അവരെ കണക്കാക്കി 1602ൽ അവരെ പുറത്താക്കണമെന്ന് ഫിലിപ്പ് മൂന്നാമനോട് പ്രസ്തുത ബിഷപ്പ് ശുപാർശ ചെയ്യുകയുണ്ടായി. അപ്പോൾ താഴെ പറയുംപ്രകാരം അദ്ദേഹം പ്രതിവചിച്ചു. "അവർ (സ്പാനിഷ് മുസ്‌ലിംകൾ) മതപരമായ എല്ലാ വിഷയങ്ങളിലും മറ്റെന്തിനെക്കാളും മനസ്സാക്ഷിയുടെ സ്വാതന്ത്ര്യമാണ് വിലമതിച്ചത്. തുർക്കികളും മറ്റെല്ലാ അറബികളും അവരുടെ പ്രജകൾക്ക് ഈ സ്വാതന്ത്ര്യം അനുവദിച്ചിരുന്നു."

## പിൽക്കാല മുസ്‌ലിംകളുടെ മാതൃക

ഞാൻ വിശ്വസിക്കുന്ന കാര്യങ്ങളുടെ ഒരു പൊതുചിത്രം നിങ്ങളുടെ മുമ്പിൽ വെച്ചുകഴിഞ്ഞു. മുസ്‌ലിം രാജ്യങ്ങളിൽ അമുസ്‌ലിംകൾ ഒരിക്കലും പീഡിപ്പിക്കപ്പെട്ടിട്ടില്ലയോ? പീഡിപ്പിക്കപ്പെട്ടിരുന്നു എന്നത് ദുഃഖസത്യമാണ്. ഞാൻ നേരത്തെ പറഞ്ഞ കാലഘട്ടത്തിനു ശേഷമായിരുന്നു ആ പീഡനങ്ങൾ അരങ്ങേറിയത്. രാഷ്ട്രീയമായ ലക്ഷ്യങ്ങൾക്ക് വേണ്ടിയോ അല്ലെങ്കിൽ മതഭ്രാന്തന്മാരായ പണ്ഡിതന്മാർ തങ്ങൾ മനസ്സിലാക്കിയ ഇസ്‌ലാമാണ് യഥാർത്ഥ ഇസ്‌ലാമിക പാരമ്പര്യമെന്ന ധാരണകൊണ്ടോ ഉണ്ടായതാണ് ആ പീഡനങ്ങൾ. എല്ലാ മതങ്ങൾക്കും സംഭവിച്ച ദുരന്തമാണിത്. അതായത്, മതങ്ങളുടെ സ്ഥാപകന്മാരുടെ അദ്ധ്യാപനങ്ങളിൽ നിന്ന് തികച്ചും വിഭിന്നമായി പിൽക്കാല തലമുറ അതിനെ വികൃതമാക്കുന്നു ഇത് സാധാരണമാണ്.

ഇസ്‌ലാമിന്റെ വിഷയത്തിൽ ഭാഗ്യവശാൽ ഔദ്യോഗികമായ പൗരോഹിത്യമൊന്നുമില്ല. യഥാർത്ഥ മതപരമായ നടപടിക്രമം എന്ന നിലക്ക് പ്രയോഗിക്കാൻ പറ്റുന്ന മാനദണ്ഡമായി എക്കാലത്തേക്കുമായി ഒരു മർദ്ദന നയം സ്വീകരിക്കപ്പെട്ടിരുന്നില്ല. ആർനോൾഡ് അഭിപ്രായപ്പെടുന്നത്പോലെ മുസ്‌ലിം ഭരണാധികാരികളുടെ കീഴിൽ അമുസ്‌ലിംകൾ പീഡിപ്പിക്കപ്പെട്ട അത്യുക്തി കലർന്ന കഥകൾ പ്രചരിപ്പിക്കുന്നവർ ഈ വസ്തുത കാണുന്നതിൽ പരാജയപ്പെട്ടവരാണ്. ഒരു സംഘം മുസ്‌ലിം പണ്ഡിതന്മാരുടെ തീരുമാനങ്ങൾ മാറ്റാൻ പറ്റാത്ത ആചാരമായിട്ടാണ് ഇസ്‌ലാമിനെ എതിർക്കുന്ന ആ എഴുത്തുകാർ കരുതുന്നത്.

ഒരു ഉദാഹരണമിതാ. താഴെ കാണുന്ന സുദീർഘമായ ഒരു കത്ത്. ഉമറിബ്നു ഖത്താബ് പുറപ്പെടുവിച്ചുവെന്ന് പറയപ്പെടുന്ന ഒരു കൽപ്പനയുടെ അടിസ്ഥാനത്തിൽ ക്രിസ്ത്യാനികൾ അദ്ദേഹത്തിനെഴുതിയതാണിത്. മഹാനായ ഉമറുബ്നുഖത്താബിനെ അപകീർത്തിപ്പെടുത്താൻ കൃത്രിമമായുണ്ടാക്കിയ ഒരു വ്യാജരേഖയാണ് ഇതെന്ന് നാം മനസ്സിലാക്കണം.

"പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ. ഈ നഗരത്തിലെ ക്രിസ്ത്യാനികൾ ഉമറിബ്നു ഖത്താബിനെഴുതുന്നത്.

"താങ്കൾ ഞങ്ങൾക്കെതിരെ പടനയിച്ചപ്പോൾ താങ്കളോട് ഞങ്ങൾ സംരക്ഷണത്തിന് വേണ്ടി അപേക്ഷിച്ചു. ഞങ്ങളുടെ സ്വത്തിനും ഞങ്ങളുടെ സന്തതികൾക്കും ഞങ്ങളുടെ സഹജീവികൾക്കും സുരക്ഷയ്ക്ക് വേണ്ടിയും അഭ്യർത്ഥിച്ചു. പകരമായി ഞങ്ങൾ ഞങ്ങളുടെ നഗരങ്ങളിലോ നഗരപ്രാന്തപ്രദേശങ്ങളിലോ പള്ളികളോ സന്യാസിമഠങ്ങളോ പർണശാലകളോ പണിയുകയില്ല എന്ന് വ്യവസ്ഥ ചെയ്തു... ഞങ്ങൾ ഞങ്ങളുടെ കുട്ടികൾക്ക് ഖുർആൻ പഠിപ്പിക്കില്ല. ക്രിസ്തുമത ചിഹ്നങ്ങളൊന്നും ഞങ്ങൾ പ്രദർശിപ്പിക്കില്ല. ക്രിസ്ത്യാനികളാകാൻ ഞങ്ങൾ ആരെയും ക്ഷണിക്കില്ല.... ഞങ്ങൾ മുസ്‌ലിംകളെ ആദരിക്കുന്നതാണ്. ഞങ്ങളുടെ സദസ്സിലേക്ക് അവർ കടന്നുവരുമ്പോൾ ഞങ്ങൾ ഇരിപ്പിടങ്ങളിൽ നിന്ന് എഴുന്നേറ്റ് നിന്ന് അവർക്ക് ഇരിപ്പിടം ഒഴിഞ്ഞുകൊടുക്കും. ഞങ്ങൾ ക്രിസ്ത്യാനികൾ അവരുടെ വസ്ത്രധാരണത്തിലോ പാദരക്ഷയിലോ കേശസംവിധാനത്തിലോ അവരെ അനുകരിക്കില്ല. ഞങ്ങളുടെ മോതിരങ്ങളിൽ അറബി അക്ഷരങ്ങൾ കോറിവെക്കില്ല...... ഞങ്ങൾ ഞങ്ങളുടെ അരഞ്ഞാൺ അരയിൽ തൂക്കും. ഞങ്ങളുടെ പള്ളിക്ക് പുറത്ത് കുരിശ് പ്രദർശിപ്പിക്കില്ല. ഞങ്ങളുടെ പള്ളിമണികൾ ശബ്ദം കുറച്ച് പതുക്കെ മാത്രം മുഴക്കും. മുസ്‌ലിംകളുടെ സാന്നിധ്യത്തിൽ ഞങ്ങളുടെ മതശുശ്രൂഷകൾ പതിഞ്ഞ സ്വരത്തിലായിരിക്കും. ഞങ്ങൾ പനയോലയോ പ്രതിരൂപങ്ങളോ വഹിച്ച് തെരുവുകളിൽ ഘോഷയാത്ര നടത്തില്ല..... ഞങ്ങൾക്കും ഞങ്ങളുടെ മതസഹോദരന്മാർക്കും താങ്കൾ

സംരക്ഷണം നൽകുമെന്ന ഉറപ്പിന്മേൽ ഞങ്ങൾ ഇതെല്ലാം പാലിക്കുമെന്ന് ഉറപ്പ് നൽകുന്നു. ഇതിൽ ഏതെങ്കിലു മൊന്ന് ഞങ്ങൾ ലംഘിക്കുകയാണെ ങ്കിൽ ഞങ്ങളുടെ മേലുള്ള സംര ക്ഷണം അങ്ങേക്ക് പിൻവലിക്കാവുന്ന താണ് പിന്നെ ഞങ്ങളെ ശത്രുക്കളും കലാപകാരികളുമായി കാണാൻ അങ്ങേക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും."

മേൽപറഞ്ഞ സുദീർഘമായ കത്തിനെപ്പറ്റി ആദ്യം പരാമർശിച്ചത് 12ാം നൂറ്റാണ്ടിൽ മരിച്ച ഇബ്നു ഹസ മാണെന്നാണ് തോമസ് ആൾനോഡ് പറയുന്നത്. ഡി. ജി. യോജിയും ഖൈത്താനിയും സംശയലേശമെന്യേ നമ്മോട് പറയുന്നത് ഈ കത്ത് പിൽക്കാലത്ത് ഉണ്ടായ ഒരു വ്യാജ രച നയാണെന്നാണ്. ഉമറുബ്നു ഖത്താ ബിന്റെ നടപടികൾ അങ്ങേയറ്റത്തെ ഉദാരതയും സ്വാതന്ത്ര്യവും അനുവദി ക്കുന്നതായിരുന്നു. ഇതിന് മുമ്പ് ഞാൻ പരാമർശിച്ച ഏലിയായിലെ ജന ങ്ങൾക്ക് അദ്ദേഹം എഴുതി തുല്യം ചാർത്തിയ തിട്ടൂരം. ഇതിന്ന് ഉത്തമായ തെളിവാണ്.

ചരിത്രം ഈ രീതിയിൽ എന്ത് വ്യാജ ങ്ങൾ എഴുതിയാലും പ്രസ്തുത രേഖ യിലെ ചില കാര്യങ്ങൾ പിൽക്കാലത്തെ ചില മുസ്‌ലിം ഭരണാധികാരികൾ ആ രേഖയിലെ അസഹിഷ്ണുതയുടെ നിയമങ്ങൾ ചില നാടുകളിൽ നടപ്പാക്കി യിട്ടുണ്ട്. പക്ഷേ ഒരിക്കലുമത് സ്ഥിരമാ യിട്ടായിരുന്നില്ല. പൊതുഭരണ ഉദ്യോ ഗ്സ്ഥന്മാരുടെ ഇത് സംബന്ധിച്ചുള്ള സമീപനം വ്യക്തമാക്കാൻ മുഗൾഭരണ ത്തിലെ അവസാനത്തെ രാജാവായ ഔറംഗസീബ് ആലംഗീറിന്റെ കാലത്തെ ഒരു സംഭവം ഉദ്ധരിച്ചു കൊണ്ട് ഞാനീ ഭാഗത്തെ ചർച്ച അവ, സാനിപ്പിക്കാം.

രാജ്യത്തെ ഒരു സിവിൽ ഭരണ ഉദ്യോഗസ്ഥൻ തന്റെ കീഴിലുള്ള രണ്ട് അഗ്നിയാരാധകരായ പാർസിമത വിശ്വാ സികളെ ജോലിയിൽനിന്നും പിരിച്ചുവി ടണമെന്ന് കാണിച്ച് ഒരു അപേക്ഷ സമർപ്പിച്ചു. അല്ലാഹു ഖുർആനിൽ പ്രതിപാദിച്ച അഗ്നിയാരാധകരായിരുന്ന

*ശേഷം പേജ് 40*

# വിജ്ഞാനവും ഗവേഷണവും

**പ്രാർത്ഥിക്കുക: രക്ഷിതാവേ, എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ചുതരേണമേ! (വി. ഖുർആൻ, 20: 115)**

## തിരുനബിയുടെ വചനങ്ങളിൽ

1. വിദ്യാസമ്പാദനം ഏതൊരു മുസ്‌ലിമിനും നിർബ്ബന്ധമാകുന്നു.
2. വിദ്യാസമ്പാദനം ആരാധനയേക്കാൾ ഉൽകൃഷ്ടമാകുന്നു.
3. അൽപ്പം ജ്ഞാനം നേടുന്നത് അധികമായ ആരാധനയേക്കാൾ ഉത്തമമാകുന്നു.
4. അറിവു നേടുവിൻ. അറിവിനുവേണ്ടി അന്തസ്സും മനഃശാന്തിയും നേടുവിൻ. ഗുരുനാഥന്റെ നേരെ വിനയവും ബഹുമാനവും കാട്ടുവിൻ.
5. നിങ്ങൾ വിദ്യ കരസ്ഥമാക്കുന്നതു ആരിൽ നിന്നാണോ അവരെ ആദരിക്കുവിൻ.
6. ജനങ്ങളെ പഠിപ്പിക്കുവിൻ: അവരുടെ നേരെ കടുപ്പം കാണിക്കൊല്ലാ... ഒരദ്ധ്യാപകൻ കണിശക്കാരനായ സേനാധിപനെക്കാൾ ഉത്തമനാകുന്നു.
7. വിദ്യ നേടാൻ ശ്രമിക്കുന്നവൻ ഏറ്റവും അസംതൃപ്തനാണ്. അതിനുവേണ്ടി ശ്രമിക്കാത്തവൻ സംതൃപ്തനും.
8. വിശന്നവരായ രണ്ട് ആളുകൾ ഒരിക്കലും തൃപ്തിപ്പെടുകയില്ല; വിജ്ഞാനം തേടുന്നവനും ഐഹികസുഖം തേടുന്നവനും.
9. ഒരു മുസ്‌ലിമിൽ നിന്നുള്ള ഉത്തമദാനം ജ്ഞാനസമ്പാദനവും ജ്ഞാനദാനവും തന്നെ.
10. വിജ്ഞാന പ്രചരണത്തെക്കാൾ ഉൽകൃഷ്ടമായ മറ്റൊരു ദാനമില്ല.
11. ജ്ഞാന സമ്പാദനത്തിൽ ഏർപ്പെട്ടിരിക്കെ മരണപ്പെടുന്നവൻ രക്തസാക്ഷിയത്രെ.
12. അജ്ഞർക്കിടയിൽ വിദ്യനേടുന്നവൻ മരിച്ചവർക്കിടയിൽ ജീവനുള്ളവനെപ്പോലെയാകുന്നു.
13. ബാല്യത്തിൽ ജ്ഞാനം നേടുന്നവൻ കല്ലിൽ കൊത്തിയവനെപ്പോലെയും വാർദ്ധക്യത്തിൽ ജ്ഞാനം നേടുന്നവൻ വെള്ളത്തിലെഴുതിയവനെപ്പോലെയും ആകുന്നു.
14. എഴുത്തിലൂടെ ജ്ഞാനം നേടുക.
15. നിങ്ങൾ വിസ്മരിച്ചു പോകാനിടയുള്ളതിനെ എഴുതിവെക്കാൻ വലതുകൈയ്യിന്റെ സഹായം തേടുവിൻ.
16. മുസ്‌ലിംകളുടെ കളഞ്ഞുപോയ സ്വത്തിനെ കണ്ടെടുക്കുവിൻ-അതായത് വിദ്യാധനം.
17. അത്യാർത്തി പണ്ഡിതന്റെ മനസ്സിൽ നിന്ന് അറിവിനെ നീക്കിക്കളയും.
18. ബുദ്ധിശക്തിയാൽ അനുഗ്രഹിക്കപ്പെട്ടവൻ അഭിവൃദ്ധിപ്പെടും.
19. വിദ്യ കണ്ടെത്താൻ നിങ്ങൾ അതിന്നായി തേടിപ്പോകണം.
20. ഒളിച്ചുവച്ച ജ്ഞാനം നഷ്ടപ്പെട്ടതത്രെ.
21. ലജ്ജാശീലനും ധിക്കാരിയും ജ്ഞാന സമ്പാദനത്തിൽ പരാജയപ്പെടുന്നു.
22. ആരാണ് ഏറ്റവും വലിയ പണ്ഡിതൻ എന്ന് ഒരു പണ്ഡിതനോടു ചോദിച്ചാൽ എല്ലാ അറിവുകളും അല്ലാഹുവിനാണെന്നു പറയും.
23. സദ്ധർമ്മികൾക്കിടയിൽ ജ്ഞാനി നക്ഷത്രങ്ങൾക്കിടയിൽ ചന്ദ്രബിംബംപോലെയാകുന്നു.
24. ചുരുക്കിപ്പറയൽ ആണ് ഉത്തമം.

# മതപരിത്യാഗത്തെ സംബന്ധിച്ച മൗദൂദിയൻ നിയമം

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**"ഇത് ഒരനുസ്മരണ സന്ദേശമാകുന്നു. അതിനാൽ വല്ലവനും ഉദ്ദേശിക്കുന്നുവെങ്കിൽ തന്റെ നാഥനിലേക്ക് അവൻ ഒരു മാർഗം സ്വീകരിച്ചുകൊള്ളട്ടെ"** *–വി. ഖുർആൻ. 76.30*

*"നമ്മുടെ അധികാരപരിധിയിൽ നാം യാതൊരു മുസൽമാനും അവന്റെ മതം മാറ്റുവാനോ മറ്റു മതങ്ങൾക്ക് പ്രചാരണം നടത്തുവാനോ അനുവദിക്കുന്നതല്ല."* *–മൗലാനാ മൗദൂദി*

ഇസ്ലാമിൽനിന്ന് മതംമാറിപ്പോകുന്നതിനുള്ള ശിക്ഷയെക്കുറിച്ച് ജമാഅത്തെ ഇസ്ലാമി സ്ഥാപകനേതാവ് മൗലാനാ മൗദൂദി സമഗ്രമായിത്തന്നെ ചർച്ച ചെയ്യുന്നുണ്ട്. അതിനുമുമ്പായി ജമാഅത്തെ ഇസ്ലാമിക്കാരല്ലാത്ത മറ്റു മുസ്ലിംകളെ അമുസ്ലിംകളായി കണക്കാക്കി പുനഃപരിവർത്തനം ചെയ്യാനുള്ള പദ്ധതി ആവിഷ്ക്കരിച്ചുകൊണ്ട് അദ്ദേഹം താഴെ എഴുതിയ വാചകങ്ങളിൽ തന്റെ പദ്ധതി അനാവരണം ചെയ്യുന്നു.

"ഏതൊരു നാട്ടിലാണോ ഇസ്ലാമിക വിപ്ലവം ഉണ്ടാകുന്നത് അവിടെയുള്ള മുസ്ലിം ജനതക്ക് ഒരു നോട്ടീസ് നൽകപ്പെടും. അതായത്, ആരാണോ ഇസ്ലാമിൽ നിന്നും വിശ്വാസപരവും കർമ്മപരവുമായ കാര്യങ്ങളിൽ നിന്നും വിട്ടുനിൽക്കാനാഗ്രഹിക്കുന്നത് എന്നാരാഞ്ഞുകൊണ്ടുള്ളതാണ് ആ നോട്ടീസ്. ഈ വിളംബരത്തിനുശേഷം ഒരു വർഷത്തിനകം അമുസ്ലിമാകാൻ ആഗ്രഹിക്കുന്നവർ അമുസ്ലിംകളാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് മുസ്ലിം സൊസൈറ്റിയിൽ നിന്ന് പുറത്തുപോകേണ്ടതാണ്. ഈ കാലപരിധിക്ക് ശേഷം ജന്മനാ മുസ്ലിംകളെല്ലാം മുസ്ലിംകളായി കണക്കാക്കപ്പെടും. ഇസ്ലാമിന്റെ എല്ലാ നിയമങ്ങളും അവരിൽ പ്രാവർത്തികമാക്കപ്പെടുന്നതാണ്. ഇസ്ലാമിലെ എല്ലാ നിർബന്ധകാര്യങ്ങളും ബാധ്യതകളും നടപ്പാക്കാൻ അവർ നിർബന്ധിതരായിതീരുന്നതാണ്. ഇതിനുശേഷം ആരെങ്കിലും ഇസ്ലാമിക വൃത്തത്തിൽ നിന്നു പുറത്തുപോകാൻ ആഗ്രഹിച്ചാൽ അവർ **വധിക്കപ്പെടുന്നതാണ്**. കുഫ്റിന്റെ മടിത്തട്ടിൽ വീഴാൻ പോകുന്ന ധാരാളം സ്ത്രീപുരുഷന്മാരെ ഈവിധം രക്ഷപ്പെടുത്താൻ ശ്രമിക്കും. അതായത് ഒരു വിധത്തിലും രക്ഷപ്പെടുത്താൻ സാധിക്കാത്തവരെ നമ്മുടെ സൊസൈറ്റിയിൽ നിന്ന് വിഛേദിച്ചെറിയപ്പെടും (വധിക്കപ്പെടും) ഈ ശുദ്ധീകരണത്തിനുശേഷം സ്വമനസ്സാലെ മുസ്ലിമായി കഴിയാൻ ആഗ്രഹിക്കുന്നവരെക്കൊണ്ട് പുതിയൊരു ഇസ്ലാമിക സൊസൈറ്റിയുടെ ആരംഭം കുറിക്കുന്നതാണ്"[1]

മതപരിത്യാഗി വധിക്കപ്പെടണമെന്ന മൗലാനയുടെ ഈ നിയമം അയവുള്ളതാക്കിയിരിക്കുന്നത് ഏത് 'ഇജ്തിഹാദി'ന്റെ അടിസ്ഥാനത്തിലാണെന്ന് മൗലാന നമ്മോട് പറയുന്നില്ല. എപ്പോഴെങ്കിലുമൊരിക്കൽ ഇസ്ലാമിക രാഷ്ട്രം നിലവിൽ വരുന്ന സമയത്ത് മാത്രമാണ് ഈ സൗജന്യമനുവദിച്ചിട്ടുള്ളത്. ദയാപൂർവ്വം അനുവദിക്കുന്ന ഈ കാലയളവിനു (ഒരു വർഷത്തിനു) ശേഷം ജന്മനാ കാഫിറുകളായ മുസ്ലിംകൾ ഉന്മൂലനം ചെയ്യപ്പെടും. ഈ നിർഭാഗ്യവാന്മാർക്ക് യാതൊരുവിധ ഇളവും അനുവദിക്കാതിരിക്കാനുള്ള കാരണം മൗലാന വിശദീകരിക്കുന്നു. അദ്ദേഹം പറയുന്നു:

"മതപരിത്യാഗിയെ വധിക്കുന്നതിനെക്കുറിച്ച് പലരുടെയും മസ്തിഷ്ക്കത്തിൽ അസ്വസ്ഥതയുണ്ടാക്കുന്ന അവസാനത്തെ ഒരു പ്രശ്നമുണ്ട്. അമുസ്ലിമായിരുന്ന ഒരാൾ ഇസ്ലാംമതം ആശ്ലേഷിക്കുന്നു. പിന്നീടു വീണ്ടും അയാൾ കുഫ്രിലേക്ക് തിരിച്ചുപോകുന്നു. അത് അയാൾ മനഃപൂർവ്വം ചെയ്ത തെറ്റാണെന്ന് പറയാം. അയാൾക്ക് ഒരു ദിമ്മിയായി തുടർന്നു ജീവിക്കാൻ കഴിയുമായിരുന്നു. അതായത് ഒരു കൂട്ടുത്തരവാദിത്വമുള്ളതും പുറത്തുകടക്കാനുള്ള കവാടം അടഞ്ഞതുമായ ഒരു മതത്തിലേക്ക് എന്തിനയാൾ കടന്നുവന്നു? എന്നാൽ സ്വയം ഇസ്ലാം മതം സ്വീകരിക്കാതെ മുസ്ലിം മാതാപിതാക്കന്മാരുടെ വീട്ടിൽ ജനിച്ചത്കൊണ്ട് മാത്രം മുസ്ലിമായിത്തീർന്ന ഒരാൾ ഇസ്ലാം മതത്തിൽ വിശ്വാസമില്ലാത്ത കാരണത്താൽ ഇസ്ലാംമതം ത്യജിക്കുകയാണെങ്കിൽ അയാളെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി ഇസ്ലാമിൽ തന്നെ തുടരുന്നത് തികച്ചും അനീതിയായിരിക്കും. ഇതിന്റെ ഫലമായി ജന്മനാ മുസ്ലിംകളായവരിൽ നല്ലൊരു വിഭാഗം കപട വിശ്വാസികളായിത്തീരുന്നതായിരിക്കും. ഈയൊരു പ്രശ്നത്തിനു പ്രായോഗികവും താത്ത്വികവുമായ രണ്ടുതരത്തിലുള്ള പരിഹാരമുണ്ട്. മതം മാറി വന്നു മുസ്ലിമായിത്തീർന്ന ഒരു മുസ്ലിമും ജന്മനാ മുസ്ലിമും തമ്മിൽ താത്ത്വികമായി യാതൊരു വ്യത്യാസവും ഇല്ല. മതം മാറിവന്ന പരിവർത്തിതർക്കും ജന്മനാ വിശ്വാസികൾക്കും ഒരേ വിധത്തിലുള്ള കൽപ്പനകൾ (വിധി വിലക്കുകൾ) ആണുള്ളത്. അതേപ്രകാരം ഒരു മതത്തിലെ (രാഷ്ട്രത്തിലെ പൗരന്മാരുടെ) കുട്ടികളെ പ്രായപൂർത്തി എത്തുന്നതുവരെ കാഫിറുകളോ പരദേശികളോ ആയി കണക്കാക്കുകയും പിന്നീടു അവർ പ്രായപൂർത്തിയെത്തിയാൽ അയാൾ ജനിച്ച മതം അല്ലെങ്കിൽ സ്റ്റെയിറ്റ് വിശ്വസ്തതയോടെ സ്വീകരിക്കാനോ ത്യജിക്കാനോ അനുവദിക്കുന്നത് അസാധ്യവും യുക്തിപരവുമായി അസംബന്ധവുമാണ്. ഈ രീതിയിൽ ലോകത്ത് ഒരു കൂട്ടുത്തരവാ

ദിത്വമുള്ള സംവിധാനവും പ്രവർത്തിക്കുന്നതല്ല"[2]

ഇസ്‌ലാം മതപരിത്യാഗത്തിന് വധശിക്ഷ വിധിക്കുന്നുവെന്നും ജമാഅത്തെ ഇസ്‌ലാമി ഒഴിച്ച് ബാക്കി മുഴുവൻ മുസ്‌ലിംകളും കാഫിറാണെന്നുമുള്ള മൗദൂദിയൻ നിയമം നാം അംഗീകരിച്ചാൽ തന്നെ മൗദൂദികളല്ലാത്ത മുസ്‌ലിംകളെല്ലാം മതപരിത്യാഗികളാണെന്ന് മൗദൂദിയൻ യുക്തി ശാസ്ത്രമുപയോഗിച്ച് പോലും നമുക്ക് കണക്കാക്കാൻ സാധ്യമല്ല. കാരണം അവരെല്ലാം ജന്മനാ കാഫിറാണല്ലോ. മൗലാന താൻ ചുട്ട അപ്പം താൻ തന്നെ തിന്നുന്നതിലേക്ക് വരുന്നു! ഈ മൗദൂദിയൻ സങ്കൽപ പ്രകാരമുള്ള ഇസ്‌ലാമുമായി വിയോജിക്കുന്ന മുസ്‌ലിംകളെ ആദ്യമായി ജന്മനാ മുസ്‌ലിംകളെന്നും ജന്മനാ കാഫിറുകളെന്നും രണ്ടുവിധത്തിൽ വിവരിച്ചിരിക്കുന്നു. കാരണം അവർ (ജന്മനാ കാഫിർ) തങ്ങളുടെ മാതാപിതാക്കന്മാരാൽ കുഫ്‌രിയത്തിന്റെ അന്തരീക്ഷത്തിൽ വളർത്തപ്പെട്ടവരാണ്. അവരെ മതപരിത്യാഗികളാണെന്ന് വിളിക്കുന്നതിന് കാരണം അവർ പ്രായപൂർത്തിയെത്തിയ സന്ദർഭത്തിൽ മൗദൂദിയൻ സങ്കൽപ പ്രകാരമുള്ള ഇസ്‌ലാം സ്വീകരിക്കുന്നതിന് പകരം മാതാപിതാക്കന്മാരുടെ കുഫ്‌രിയത്തിനെ നിഷേധിക്കാതെ തുടരുകയാണ് ചെയ്തത് എന്നതാണ്. ഒരു അമുസ്‌ലിം ഇസ്‌ലാംമതം സ്വീകരിക്കുകയും പിന്നീട് അത് ഉപേക്ഷിക്കുകയും ചെയ്താൽ അയാൾ വധിക്കപ്പെടേണ്ടതാണ്. കാരണം ഇസ്‌ലാമിലേക്ക് പ്രവേശിച്ചുകഴിഞ്ഞാൽ പിന്നെ രക്ഷപ്പെടാൻ സാധ്യമല്ല എന്ന് അറിഞ്ഞുകൊണ്ടാണ് അയാൾ ഇസ്‌ലാമിലേക്ക് പ്രവേശിക്കുന്നത്. അതുപോലെ ജന്മനാ 'മൗദൂദി മുസ്‌ലിമല്ലാത്ത' ഒരാളെയും മതപരിത്യാഗിയായി കണക്കാക്കാം. അയാൾ പ്രായപൂർത്തിയായതിന് ശേഷം ഇസ്‌ലാമിന്റെ മൗദൂദിയൻ സങ്കൽപങ്ങൾ സ്വീകരിച്ചിട്ടില്ല എന്നതാണ് കാരണം. ഈ വാദഗതികൾ വ്യക്തമായും മൗലാനയുടെ ഏകാധിപത്യപരവും കൃത്രിമവും അസഹിഷ്ണുത നിറഞ്ഞതുമായ വ്യക്തിത്വമാണ് കാണിക്കുന്നത്. ജന്മനാ മുസ്‌ലിമാകട്ടെ മതം സ്വീകരിച്ച മുസ്‌ലിമാകട്ടെ ഒരു മുസ്‌ലിമും മൗലാനയുടെ പരിധിക്കപ്പുറമില്ല. അതായത് മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല എന്ന ഖുർആനിക വചനം താഴെ എഴുതിയ രീതിയിലാണ് മൗലാനാ മൗദൂദി വിവരിച്ചിരിക്കുന്നത്.

"*ലാഇക്റാഹഫിദ്ദീൻ* (മതത്തിൽ ബലാൽക്കാരമില്ല) എന്ന ആയത്തിന്റെ അർത്ഥം ഞങ്ങളുടെ മതം സ്വീകരിക്കാൻ ആരെയും ഞങ്ങൾ നിർബന്ധിക്കുന്നില്ല എന്നാണ്. ഞങ്ങളുടെ നിലപാടിതാണ്. എന്നാൽ വന്നിട്ട് തിരിച്ചു പോകാനാണ് ഭാവമെങ്കിൽ ഈ വാതിൽ സ്വതന്ത്രമായ ഗതാഗതത്തിനു വേണ്ടി തുറന്നിടപ്പെട്ടിട്ടുള്ളതല്ല എന്ന് ആദ്യം തന്നെയങ്ങ് മുന്നറിയിപ്പ് നൽകുകയാണ്. അതുകൊണ്ട്, വരുന്നുവെങ്കിൽ തിരിച്ചുപോകാൻ പാടുള്ളതല്ല. അല്ലെങ്കിൽ നിങ്ങൾ വരാതിരിക്കുന്നതാണ് നല്ലത്."

മൗലാനാ മൗദൂദിയുടെ ഈ ഖുർആൻ വ്യാഖ്യാനത്തിന് പ്രമുഖ അഹ്‌ലെ ഖുർആൻ പണ്ഡിതനായ ഗുലാം അഹ്മദ് പർവേഴ്സിന്റെ പരാമർശം ഇങ്ങനെയാണ്.

"മൗദൂദി സാഹിബിന്റെ ഇസ്‌ലാം ഒരു എലിക്കെണി പോലെയാണ്. എലിക്ക് അതിൽ വന്നുപെടാം. പക്ഷേ, പിന്നീടൊരിക്കലും രക്ഷപ്പെടാൻ സാധ്യമല്ല."

മൗലാനയുടെ വാദത്തിന്റെ കേന്ദ്രബിന്ദു ഇതാകുന്നു. അതായത് എല്ലാ മതങ്ങളും ആ മതത്തിന്റെ അനുയായികളുടെ സന്തതി പരമ്പരകളെയും അതാത് മതത്തിന്റെ അനുയായികളായി കണക്കാക്കുന്നു എന്നാണ്. അതുകൊണ്ട് മുസ്‌ലിം മാതാപിതാക്കന്മാർ അവർ കാഫിറായിരുന്നാൽ പോലും അവരുടെ സന്തതികൾ മുസ്‌ലിം സമ്പത്തായി കണക്കാക്കപ്പെടും. ഈ കുഞ്ഞുങ്ങളുടെ മേൽ മുസ്‌ലിം സൊസൈറ്റി സ്വത്തവകാശം സ്ഥാപിച്ചുകഴിഞ്ഞാൽ പ്രായപൂർത്തിയായതിന് ശേഷം അവർക്ക് മറ്റൊരു മതം എങ്ങനെ സ്വീകരിക്കാൻ കഴിയും? ഈ കാര്യങ്ങൾ വിശദീകരിക്കാൻ മൗലാനാ പ്രവാചകന്റെ (സ) താഴെ പറയുന്ന വചനങ്ങൾ കണ്ടില്ലെന്നു നടിക്കുന്നു.

"ഓരോ ശിശുവും മുസ്‌ലിമായിക്കൊണ്ടുള്ള അവസ്ഥയിലാണ് ജനിക്കുന്നത്. പക്ഷേ, അവന്റെ മാതാപിതാക്കളാണ് അവനെ ജൂതനും ക്രൈസ്തവനും സൊറോസ്ട്രിയനും ആക്കിത്തീർക്കുന്നത്."[3]

മുസ്‌ലിം കുഞ്ഞുങ്ങൾ മുസ്‌ലിംകളുടെ പൊതു സ്വത്താണെന്ന മൗലാനയുടെ വാദത്തിന്റെ കേന്ദ്രബിന്ദു ശരിയാണെങ്കിൽ അത് മുസ്‌ലിം സന്തതികളിൽ മാത്രമെന്തിനു ഒതുക്കി നിർത്തുന്നു? അത് എന്തുകൊണ്ട് അമുസ്‌ലിം സന്തതികൾക്കുകൂടി ബാധകമാക്കുന്നില്ല? ഹദീസ് പ്രകാരം അമുസ്‌ലിം കുഞ്ഞുങ്ങൾ ജന്മനാ മുസ്‌ലിം എന്ന നിലക്ക് മുസ്‌ലിം സൊസൈറ്റിക് അവകാശപ്പെട്ട സ്വത്തല്ലേ? ഇത് എല്ലാ അമുസ്‌ലിം സന്തതികളുടെയും പൂർണ നിയന്ത്രണം മൗദൂദിയൻ ഭരണകൂടത്തിന്റെ കൈയ്യിൽ ഏൽപിച്ചുകൊടുക്കുന്നു. ഇതുപ്രകാരം ഒരു സന്തതിയും മൗദൂദിയൻ പരിധിയിൽ പെട്ടതാകട്ടെ അല്ലാത്തതാവട്ടെ യാതൊരു വ്യത്യാസവും കൽപ്പിച്ചിട്ടില്ല. അവരെല്ലാം മൗദൂദിയുടെ കരവലയത്തിലൊതുങ്ങുന്നു. മേലുദ്ധരിച്ച ഹദീസ് മൗലാന അവഗണിക്കുമ്പോൾ അദ്ദേഹത്തിന്റെ തന്നെ തർക്കശാസ്ത്രത്തിന്റെ ബലം അദ്ദേഹത്തെ ഇത്തരം വിഡ്ഢിത്തത്തിലേക്കാണ് നയിക്കുന്നത്.

വാസ്തവത്തിൽ മധ്യകാല ക്രിസ്തുസഭയുടെ സിദ്ധാന്തങ്ങൾ പദാനുപദം ജമാഅത്തെ ഇസ്‌ലാമി പ്രസ്ഥാനത്തിലൂടെ പുനരാവിഷ്ക്കരിക്കുകയാണ് മൗലാന മൗദൂദി ചെയ്യുന്നത്. മധ്യകാലഘട്ടത്തിലെ കഠോരമായ അസഹിഷ്ണുതയെ വിവരിച്ചുകൊണ്ട് എലിസബത്ത് ലാബ്രോസസ് എന്ന മധ്യകാല ക്രിസ്തീയ ചരിത്രകാരി നിരീക്ഷിക്കുന്നത് ശ്രദ്ധിക്കുക. 'വ്യക്തിപരമായ നിലയിൽ അത് രക്തസാക്ഷികളേയും കപട വിശ്വാസികളേയും സൃഷ്ടിക്കുന്നു.'[4] ലാബ്രോസസിന്റെ നിരീക്ഷണങ്ങൾ മൗദൂദിയുടെ 'മതപരിത്യാഗത്തിന് ഇസ്‌ലാമിലെ ശിക്ഷ' എന്ന പുസ്തകത്തിലെ ഒരു ഖണ്ഡികയുമായി നമുക്ക് താരതമ്യപ്പെടുത്താം. മൗലാനാ മൗദൂദി എഴുതുന്നു.

'മതപരിത്യാഗിയെ വധിക്കുക എന്നതിന് ഈ അർത്ഥം കൊടുക്കുന്നതും തെറ്റാണ്. അതായത് ഒരാൾക്ക് മരണഭയം നൽകിക്കൊണ്ട് കപടത സ്വായത്തമാക്കാൻ നിർബ്ബന്ധിക്കുക എന്നാണ് ഇതിനർത്ഥം. വസ്തുത നേരെ മറിച്ചാ

*ശേഷം പേജ് 28 ൽ*

# മൗലാനാ അബുൽവഫാ സാഹിബിന്റെ പ്രാർത്ഥനയും കൊടിയത്തൂർ മുബാഹലയുടെ ബാക്കിപത്രവും

മുഹമ്മദ് ഉമർ എച്ച്.ഏ.

## മുബാഹലയിൽ സത്യാസത്യ വിവേചനത്തിന്നായി അല്ലാഹുവിന്റെ തക്ദീർ വെളിപ്പെടുവാൻ പ്രാർത്ഥിച്ചതിന് ശേഷം കേരള മുസ്‌ലിം സമൂഹത്തിലുണ്ടായ പ്രതികരണങ്ങളെ മൗലാനയുടെ സഹപ്രവർത്തകനായ ലേഖകൻ വിലയിരുത്തുന്നു

പ്രകാശവൃദ്ധി നേടിയ ഒരു പൗർണ്ണമിയുടെ നിറവോടെ കേരളത്തിലെ അഹ്മദിയ്യാ നഭോമണ്ഡലത്തെ പ്രശോഭിതമാക്കിയ ആ പണ്ഡിത പ്രതിഭ, മൗലാനാ അബുൽ വഫാ സാഹിബ് നമ്മെയെല്ലാം ദുഃഖത്തിലാഴ്ത്തിക്കൊണ്ട് ഒരിക്കലും തിരിച്ചുവരാത്ത ചക്രവാളത്തിലേക്ക് പോയ്മറഞ്ഞു. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ

'*എക് ആലിം കാ മർനാ ഏക് ആലം കാ മർനാഹൈ*'- ഒരു പണ്ഡിതന്റെ മരണം ഒരു പ്രപഞ്ചത്തിന്റെ മരണമാണെന്നൊരു ചൊല്ലുണ്ട്. മൗലാനാ സാഹിബ് കേരളത്തിലെ അഹ്മദിയ്യാ പ്രവർത്തനരംഗത്ത് ഒരു 'ആലം' തന്നെ സൃഷ്ടിക്കുകയും അതിനെ തന്റെ വിജ്ഞാന ചൈതന്യംകൊണ്ട് ധന്യമാക്കുകയും ചെയ്തു. തൊള്ളായിരത്തി നാൽപതുകളിലാണ് മൗലാനാ സാഹിബ് അഹ്മദിയ്യാ ജമാഅത്തിലേക്ക് പ്രവേശിച്ചത്.

കേരളത്തിലെ മുസ്‌ലിം പണ്ഡിതലോകത്ത് കൊടുങ്കാറ്റും പ്രകമ്പനങ്ങളും സൃഷ്ടിച്ച ഇതിഹാസമായിരുന്ന മൗലാനാ അബ്ദുല്ലാഹ് സാഹിബിന്റെ സമ്പൂർണ ശിഷ്യത്വംകൊണ്ട് അനുഗൃഹീതനായിരുന്നു മൗലാനാ അബുൽ വഫാ സാഹിബ്. അജയ്യരായ പടനായകന്മാരെപ്പോലെ അഹ്മദിയ്യത്തിന്റെ പ്രചാരണ ദൗത്യവുമായി കേരളത്തിലങ്ങോളമിങ്ങോളം നടത്തിയ ആ ഗുരുശിഷ്യന്മാരുടെ പണ്ഡിത പടയോട്ടങ്ങൾക്ക് മുമ്പിൽ മുസ്‌ലിം കേരളത്തിലെ ഉലമാ പ്രഭൃതികൾ മസ്തകം താഴ്ത്തിക്കീഴടങ്ങി. കേരളത്തിൽ പല സ്ഥലങ്ങളിലും അഹ്മദിയ്യാ ജമാഅത്തിന് അടിസ്ഥാനമിട്ടത് ഇവർ രണ്ടുപേരുടെയും പ്രചാരണ പ്രവർത്തനങ്ങൾ കൊണ്ടായിരുന്നു.

പരേതന്ന് ഉർദു, അറബി, മലയാളം, തമിഴ് എന്നീ ഭാഷകളിൽ തന്റെ ഗുരുവര്യനെപ്പോലെ അസാധാരണമായ പ്രാവീണ്യം ലഭ്യമായിരുന്നു. സന്ദർഭാനുസരണം അറബി കവിതകൾ ചൊല്ലുക അദ്ദേഹത്തിന്റെ ശീലമായിരുന്നു. ക്ലാസിക്കൽ അറബി സാഹിത്യവുമായി പരേതനുണ്ടായിരുന്ന ബന്ധം അന്യാദൃശമായിരുന്നു.

മൗലാനാ സാഹിബിന്റെ സവിശേഷഗുണങ്ങളിൽ എന്നെ ഹഠാദാകർഷിച്ചിരുന്നത് അദ്ദേഹത്തിന്റെ കൃത്രിമത്വം തൊട്ടുതീണ്ടിയിട്ടില്ലാത്ത ലാളിത്യവും വിനയവും ആയിരുന്നു. ഇന്നത്തെ പണ്ഡിതന്മാരിൽ കാണപ്പെടുന്ന അഹംഭാവവും മറ്റുള്ളവരെ നിസ്സാരരായി ഗണിക്കുന്ന മനോഭാവവും അദ്ദേഹത്തിനന്യമായിരുന്നു. മൗലവി സാഹിബിനോട് ഓരോ അഹ്മദിക്കും ഉള്ള ഭക്തിബഹുമാനങ്ങൾ അദ്ദേഹത്തിന്റെ പാണ്ഡിത്യവും ജ്ഞാനവും ഒന്നുകൊണ്ടു മാത്രമായിരുന്നില്ല. മറിച്ച് അദ്ദേഹത്തിന്റെ വിനയാന്വിതമായ പെരുമാറ്റവും കളങ്കരഹിതവും നിസ്വാർത്ഥവും ആയ ലളിതജീവിതവുമായിരുന്നു.

മൗലാനാ സാഹിബ് 1950ൽ മുബല്ലിഗായി നിയമിതനായ കാലംതൊട്ടു വിദ്യാർഥിയായിരുന്ന വിനീതൻ അദ്ദേഹവുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. 1954ൽ ഖാദിയാനിൽ ഒരു വിദ്യാർത്ഥിയായി ചേർന്നതുമുതൽ പഠനം പൂർത്തിയാക്കി ഹൈദരാബാദ്, ബോംബെ, മദ്രാസ് എന്നീ ജമാഅത്തുകളിൽ മുബല്ലിഗായി സേവനം ചെയ്തുകൊണ്ടിരുന്നതുവരെ എനിക്കദ്ദേഹം എന്നെന്നും മാർഗ്ഗദർശനം നൽകിക്കൊണ്ടിരുന്നു. അദ്ദേഹവുമായി നിരന്തരം കത്തിടപാടുകൾ നടത്തിയിരുന്നു ഞാൻ. 1990 മുതൽ കേരളത്തിൽ മുബല്ലിഗ് ഇൻചാർജ്ജായി സ്ഥാനമേറ്റതിനുശേഷവും അദ്ദേഹം പിതൃതുല്യനായി പരിപൂർണ സ്നേഹവും സഹകരണവും എനിക്ക് നൽകിക്കൊണ്ടിരുന്നു. പലപ്പോഴും അദ്ദേഹത്തിന്റെ അഗാധമായ വിജ്ഞാനത്തിൽനിന്ന് ഫലമാർജ്ജിക്കുവാനുള്ള സൗഭാഗ്യം എനിക്ക് ലഭിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ ജീവിതത്തിലെ വിവിധ വശങ്ങളിലേക്ക് കഴിഞ്ഞലക്കം സത്യദൂതനിൽ പലരും വെളിച്ചം വീശിയിരുന്നു. എനിക്കദ്ദേഹത്തിന്റെ ജീവിതത്തിൽ അവിസ്മരണീയമായിത്തോന്നുന്നത് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കൊടിയത്തൂരിൽ നടന്ന മുബാഹലയും ദൈവാനുഗ്രഹത്താൽ അതിന്റെ പരി

ണിത ഫലമായുണ്ടായ വിജയവും നേട്ട ങ്ങളുമാണ്.

1988 ജൂൺ 10ന് ഹസ്റത്ത് ഖലീ ഫത്തുൽ മസീഹ് നാലാമൻ സത്യനി ഷേധികളെ മുബാഹലയ്ക്ക് വെല്ലുവി ളിച്ചപ്പോൾ കേരളത്തിൽ 'അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാം' പ്രസ്തുത വെല്ലുവിളി സ്വീകരിച്ചതായി പ്രഖ്യാപി ക്കുകയുണ്ടായി. കളവും കറ്റുകെട്ടും പരിഹാസവുമായി കഴിഞ്ഞ ഈ ക്ഷുദ്ര സംഘത്തിനു കീഴിൽ കേരളത്തിലെ മുസ്‌ലിം കക്ഷിപ്രസ്ഥാനങ്ങൾ അണി നിരന്നു. അഹ്മദിയ്യാ ജമാഅത്തിന്നെ തിരായി അതിന്റെ എതിരാളികൾ ഉന്ന യിച്ചുകൊണ്ടിരിക്കുന്ന വ്യാജാരോപണ ങ്ങൾ മുൻനിർത്തിയായിരുന്നു ഖലീഫ ത്തുൽമസീഹ് മുബാഹല നടത്തിയത്. പക്ഷേ, ശാപഭയത്താൽ ഇശാഅത്ത് നേതൃത്വം ഹസ്റത്ത് ഖലീഫത്തുൽ മസീഹ് മുന്നോട്ടുവെച്ച മുബാഹല അഥവാ ശാപപ്രാർത്ഥന നടത്താൻ തയ്യാറായില്ല. ഇവർ അത് തള്ളിക്കളയു കയാണുണ്ടായത്. സത്യാസത്യവിവേച നത്തിന്നായി അല്ലാഹുവിന്റെ തക്ദീർ വെളിപ്പെടുത്താൻ വേണ്ടി ശത്രുക്കളുടെ വ്യാജാരോപണങ്ങൾ മുൻനിർത്തി അഹ്മദികളുടെ ഭാഗത്തുനിന്നു നട ത്തിയ ഖലീഫത്തുൽ മസീഹിന്റെ മുബാഹലയിൽ നിന്നു പിൻവാങ്ങിയ ഇശാഅത്തുകാർ ആദ്യറൗണ്ടിൽ തന്നെ തങ്ങൾ പ്രചരിപ്പിക്കുന്നതെല്ലാം വ്യാജമാണെന്ന സത്യം സമ്മതിക്കുക യായിരുന്നു. തങ്ങൾ ഉന്നയിച്ചുകൊണ്ടി രുന്ന ആരോപണങ്ങൾ കളവല്ലായിരു ന്നുവെങ്കിൽ ഈ മുബാഹലക്കവർ തയ്യാറാകുമായിരുന്നു. ഇവരുടെ ഈ നിഷേധത്തിൽ നിന്നു മനസ്സിലാകു ന്നത്, തങ്ങൾ ഈ കാര്യത്തിൽ വ്യാജ രാണെന്നും തങ്ങൾ ഈ മുബാഹല സ്വീകരിക്കുകയാണെങ്കിൽ ദൈവശാപ ത്തിന്നർഹരായിത്തീരുന്നതാണെന്നും അവർ കരുതിയിരിക്കണം എന്നാണ്. ഈ ആരോപണങ്ങൾ സത്യമാണെന്ന് അൽപ്പമെങ്കിലും അവർക്ക് വിശ്വാസമു ണ്ടായിരുന്നുവെങ്കിൽ അവർ തീർച്ച യായും ഈ വിഷയത്തിൽ മുബാഹല നടത്തുമായിരുന്നു. തദ്വിഷയകമായി ഹസ്റത്ത് ഖലീഫാ തിരുമനസ്സ് 1989 നവംബർ ഒന്നാം തിയ്യതിയിലെ ഖുത് ബയിൽ പറയുന്നു:

"മുബാഹലയ്ക്ക് അനുവാദം നൽകി യപ്പോൾ അഹ്മദിയ്യാ ജമാഅത്ത് പ്രസിദ്ധീകരിച്ച ലഘുലേഖയിൽ ഒപ്പു വെക്കുവാൻ അവർ കൂട്ടാക്കിയില്ല. മാത്രമല്ല എത്രതന്നെ ആവർത്തിച്ചാവ ശ്യപ്പെട്ടിട്ടും ഞങ്ങൾ വളരെ വിസ്തരിച്ചു പ്രഖ്യാപിച്ച അവരുടെ ആരോപണങ്ങളിൽ ഒപ്പുവെക്കുവാൻ തയ്യാറായില്ല...... ഒരു ആരോപണമെ ങ്കിലും സത്യമാണെന്ന് കരുതുന്നുവെ ങ്കിൽ അതുമാത്രം അടയാളപ്പെടുത്തു വാൻ പോലും ഞാനവർക്ക് സൗകര്യം നൽകി. എന്നാൽ ഒരൊറ്റ ആരോപണ മെങ്കിലും സത്യമെന്നു പ്രഖ്യാപിച്ച് മുബാഹല നടത്താൻ അവർ ധൈര്യ പ്പെട്ടില്ല. ഇവിടെയാണ് അവരുടെ ആദ്യത്തെ പരാജയം പ്രകടമായത്. ....... എന്നാൽ അവർ ഹസ്റത്ത് മസീഹ് മൗഊദി (അ)ന്റെ നിഷേധത്തിൽ മാത്ര മാണ് മുബാഹല ചെയ്തത്. അതായ ത് അഹ്മദിയ്യാ ജമാഅത്ത് അദ്ദേഹ ത്തെപ്പറ്റി സത്യവാനാണെന്നു പ്രഖ്യാ പിക്കട്ടെ. തങ്ങൾ കള്ളവാദിയാണെന്ന് പ്രഖ്യാപിക്കാം എന്ന്."

ഈ മുബാഹലയ്ക്കുശേഷം തന്നെ അല്ലാഹു ഇവർ വ്യാജരാണെന്നും ദൈവകോപത്തിന് പാത്രവാന്മാരാ ണെന്നും തെളിയിച്ചു. അതായത്, മുബാഹല കഴിഞ്ഞയുടൻ തന്നെ ഇക്കൂട്ടർ സഊദി അറേബിയയിലെയും പാക്കിസ്താനിലെയും ചില പത്രങ്ങ ളിൽ ഈ മുബാഹലയുടെ ഫലമായി അഹ്മദിയ്യാ ജമാഅത്തിന്റെ പ്രാതിനി ധ്യം വഹിച്ച് മുബാഹലയ്ക്ക് നേതൃത്വം നൽകിയിരുന്ന മൗലാനാ മുഹമ്മദ് അബുൽ വഫാ സാഹിബും(കേരള മുബല്ലിഗ് ഇൻചാർജ്ജ്) അന്നത്തെ സംസ്ഥാന അമീർ ഡോ. മൻസൂർ അഹ്മദ് സാഹിബും മരണപ്പെട്ടുവെന്ന വ്യാജവാർത്ത പ്രചരിപ്പിക്കുകയുണ്ടായി. പാക്കിസ്താനിലെ ലാഹോറിൽ നിന്നു പുറപ്പെടുന്ന 'ഇംറോസ്' എന്ന പത്രം 9.7.89ലും കറാച്ചിയിൽ നിന്നു പുറപ്പെ ട്ടുകൊണ്ടിരുന്ന തക്ബീർ എന്ന പത്രം 13.7.89ലും ഈ വ്യാജവാർത്ത ഒന്നാം പേജിൽ തന്നെ വളരെ പ്രാധാന്യ ത്തോടെ പ്രസിദ്ധീകരിച്ചു. എന്നാൽ ഈ വാർത്ത തികച്ചും കള്ളമാണെന്നെ ല്ലാർക്കും അറിയാം. ഈ മുബാഹ ലയ്ക്ക് നേതൃത്വം നൽകിയിരുന്ന മൗലാനാ സാഹിബ് ദൈവാനുഗ്രഹ ത്താൽ സുദീർഘകാലം ജീവിച്ചിരുന്നു കൊണ്ടും ഡോ. മൻസൂർ അഹ്മദ് സാഹിബ് ഇന്നുവരെ ജീവിതം നയിച്ചു കൊണ്ടിരിക്കുന്നതുകൊണ്ടും ഈ വാർത്ത വ്യാജവും വ്യാജന്മാർക്കുണ്ടാ കുന്ന ദൈവശാപത്തിന്ന് ഇക്കൂട്ടർ അർഹരുരാണെന്നും അല്ലാഹു തെളി യിച്ചു കാണിച്ചു.

1991ൽ ഖാദിയാനിൽവെച്ച് നടന്ന വാർഷിക സമ്മേളനത്തിൽ 'ഖിലാഫ ത്തിന്റെ അനുഗ്രഹങ്ങൾ' എന്ന വിഷ യത്തെക്കുറിച്ചുള്ള ഈ വിനീതന്റെ പ്രസംഗസമയത്ത് പ്രസ്തുത മുബാഹ ലയെക്കുറിച്ച് പ്രതിപാദിക്കുകയും സ്റ്റേജിൽ ഉപവിഷ്ടരായിരുന്ന ഈ രണ്ടു മാന്യന്മാരെയും ഇശാഅത്തുകാ രുടെ വ്യാജാരോപണത്തിനുള്ള ജീവ സ്സുറ്റ മറുപടിയെന്നോണം കാണിച്ച് കൊടുക്കുകയും ചെയ്തപ്പോൾ പതി നായിരക്കണക്കിലുള്ള സദസ്യരിൽ നിന്ന് ഉയർന്ന തക്ബീർ ധ്വനികളുടെ ശബ്ദം ഇന്നും എന്റെ കാതുകളിൽ മാറ്റൊലി കൊള്ളുകയാണ്. പ്രസ്തുത യോഗത്തിനു ശേഷം രണ്ടു മാന്യ ന്മാർക്കും ഹസ്തദാനം ചെയ്തു അനു മോദനങ്ങൾ അർപ്പിക്കുവാൻ സദസ്യർ ആവേശത്തോടെ കുതിച്ചുവന്നുകൊ ണ്ടിരുന്ന ദൃശ്യവും എനിക്കൊരിക്കലും മറക്കുവാൻ സാധിക്കുന്നതല്ല. മറുഭാ ഗത്ത് ഈ വ്യാജവാർത്ത പ്രസിദ്ധീക രിച്ച ഇംറോസ് പത്രത്തിന്റെ അധിപർ ഒരപകടത്തിൽ മരണപ്പെട്ടു! തക്ബീർ പത്രത്തിന്റെ പ്രിന്റിംഗ് പ്രസ്സും എഡിറ്റ റുടെ ഭവനവും മുജാഹിദ് ഖൗമീ മൂവ്മെന്റുമായി ബന്ധപ്പെട്ടവർ അഗ്നി ക്കിരയാക്കി. പത്രാധിപർ സലാഹുദ്ദീൻ, ജിദ്ദയിൽ അഭയം പ്രാപിച്ചതിനുശേഷം ചെയ്ത പ്രസ്താവനയിൽ താനും തന്റെ ഭാര്യയും കുട്ടികളും എരിഞ്ഞു കൊണ്ടിരുന്ന ഭവനത്തിൽനിന്നു താഴേ ക്കുചാടി ജീവൻ രക്ഷിക്കുകയാണുണ്ടാ യതെന്ന് 'മാധ്യമം' (21-11-91) റിപ്പോർട്ടു ചെയ്യുന്നു.

കൊടിയത്തൂരിൽ നടന്ന മുബാഹലയിൽ കേരളത്തിലെ മറ്റു മുസ്‌ലിം കക്ഷികളും അണിനിരന്നികുന്നുവല്ലോ. മുബാഹല കഴിഞ്ഞതിൽ പിന്നെ കേരളത്തിലെ അഹ്മദികളുടെയും ജമാഅത്തിന്റെയും മുബാഹലയിൽ അണിനിരന്ന ശത്രു കക്ഷിക്ളുടെയും പുരോഗതിയുടെയും അധോഗതിയുടെയും ബാക്കിപത്രം (Balance Sheet) പരിശോധിക്കുമ്പോൾ ദൈവഭക്തർക്ക് ഗ്രഹിക്കാവുന്ന അനിഷേധ്യമായ ചില സത്യങ്ങൾ ദൃശ്യമാകുന്നതാണ്. മുബാഹലയ്ക്ക് ശേഷം സുന്നികളുടെ ഛിദ്രത അതിരൂക്ഷമായി. പള്ളി കയ്യേറ്റങ്ങളിലേക്കും തെരുവ് സംഘട്ടനകളിലേക്കും പകപോക്കലുകളിലേക്കും അത് വഴിമാറി. ഒരേ അഖീദയിൽ വിശ്വസിച്ചിരുന്ന സുന്നികളുടെ ഏറ്റവും വലിയ ശത്രു മറുചേരിയിലെ സുന്നിയായി മാറി. ദൈവശാപം എന്നല്ലാതെ ഇതിനെ മറ്റെന്താണ് വിശേഷിപ്പിക്കുക? കേരളത്തിൽ പ്രതാപികളായി കഴിഞ്ഞിരുന്ന മുജാഹിദ് പ്രസ്ഥാനത്തിന്റെ ഗതിയെന്തായി? മുബാഹലാ വേദിയിൽ ഒരു സംഘടനയുടെ പ്രതിനിധികളായി പങ്കെടുത്ത മുജാഹിദുകൾ നെടുനീളെ പിളർന്നു. പച്ചത്തെറികൾ എഴുതിയ സാഹിത്യങ്ങൾ സ്വന്തം നേതാക്കന്മാർക്കെതിരെ പ്രചരിപ്പിച്ചുകൊണ്ടും ആരോപണപ്രത്യാരോപണങ്ങൾ തെരുവുനീളെ മുഴക്കിക്കൊണ്ടും മുജാഹിദുകൾ പരസ്പരം പോരാടുകയാണ്. മുജാഹിദിന്റെ ഇന്നത്തെ ഏറ്റവും വലിയ ജിഹാദ് മറ്റൊരു മുജാഹിദിനോടാണ്. ഇത് ശാപമോ അനുഗ്രഹമോ? കൊടിയത്തൂരിൽ അന്ന് ഉരുവിട്ട ശാപവചസ്സുകൾ അന്തരീക്ഷത്തിൽ ലയിച്ചുപോകുമെന്ന് ആരെങ്കിലും കരുതിയെങ്കിൽ അവർക്ക് തെറ്റി. അഹ്മദിയ്യാ പ്രസ്ഥാനത്തിനനുകൂലമായ അല്ലാഹുവിന്റെ തക്ദീറിന്റെ ഈ വിളയാട്ടം ദൈവഭക്തർക്ക് പാഠമാണ്. ഇതു നിലച്ചുപോവില്ല. മുബാഹലാ വേദിയിൽ അഹ്മദിയ്യത്തിന്റെ എതിർപക്ഷത്ത് നിലയുറപ്പിച്ച മറ്റു കക്ഷികളുടെ ഊഴം ഇൻശാ അല്ലാഹ് വരാനിരിക്കുന്നതേയുള്ളൂ.

മൗലാനാ അബുൽവഫാ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന മുബാഹല സത്യാസത്യ വിവേചനം നടത്തിക്കൊണ്ടിരിക്കുകയാണ്. ദൈവഭക്തർ ഇതിൽനിന്നു പാഠം പഠിക്കുകതന്നെ ചെയ്യും. കേരളത്തിൽ 30 ജമാഅത്തുകളുണ്ടായിരുന്ന അഹ്മദിയ്യാ ജമാഅത്ത് മുബാഹലയ്ക്ക് ശേഷം 50 എണ്ണമായി വർദ്ധിച്ചു. ഭാരതത്തിൽ ജമാഅത്ത് അംഗങ്ങളുടെ വളർച്ച കോടികളിലേക്ക് കുതിച്ചുയരുകയാണ്.

മുബാഹലയ്ക്ക് ശേഷം സുദീർഘകാലം ജീവിച്ച് തന്റെ 84-ാമത്തെ വയസ്സിൽ മൃതിയടഞ്ഞ മൗലാനാ സാഹിബിന് തന്റെ കാലത്ത് തന്നെ ജമാഅത്തിന്ന് ഭൗതികമായും ആത്മീയമായും ഉണ്ടായ അഭിവൃദ്ധികളെയും പുരോഗതികളെയും കണ്ട് ആനന്ദമടയുവാനുള്ള ഭാഗ്യമുണ്ടായി. അദ്ദേഹത്തിന്റെ അന്ത്യം വളരെ സമാധാനത്തോടുകൂടിയതും ശാന്ത സായൂജ്യപൂർണവുമായിരുന്നു. അതെ, അദ്ദേഹത്തിന്റെ പര്യവസാനം *“യാഅയ്യത്തുഹൽ ന ഫ്സുൽ മുത്മയിന്ന തുർജിഈ ഇലാറബ്ബിക റാളിയത്തൻ മർളിയാ. ഫത്ഖുലീ ഫീ ഇബാദീ വദ്ഖുലീ ജന്നത്തീ”* എന്ന പ്രാർത്ഥനയുടെ സാക്ഷാത് ക്കാരമായിരുന്നു! ■


## സത്യദൂതൻ വായനക്കാർക്ക് ഈദാശംസകൾ

## പുതിയ വിഭവങ്ങളുമായി പുതിയ വർഷത്തിലേക്ക്

**വരിസംഖ്യ പുതുക്കുക**

**വാർഷിക വരിസംഖ്യ 100 രൂപ**

***അയക്കേണ്ട വിലാസം***

**മാനേജർ**
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്-1**

# ഇസ്‌ലാം സമ്പൂർണ്ണ മതം

മഹ്മൂദ് കൽക്കുളം

## പ്രകൃതിമതമായ ഇസ്‌ലാം ആത്മീയസമ്പൂർണ്ണവും യുക്തിയിലധിഷ്ഠിതവുമാകുന്നു

ഭുവനതലം നാഗരികവും ബൗദ്ധികവുമായ നിലയിൽ അഭിവൃദ്ധിപ്പെടുകയും ദേശവൃത്തങ്ങൾക്കതീതമായി ലോകജനത പരസ്പരം സമ്പർക്കം പുലർത്താൻ പ്രാപ്തമാകുകയും ചെയ്തപ്പോൾ സമസ്ത മനുഷ്യർക്കുമുള്ള ഒരു സമ്പൂർണ്ണ നീതി ശാസ്ത്ര സംഹിതയുടെ അനിവാര്യതയും ലോകത്ത് പ്രകടമായി. ഈ അനിവാര്യതയുടെ ദിവ്യമായ അനന്തരഫലമാണ് ഇസ്‌ലാം മതം. പൂർവ്വഗ്രന്ഥങ്ങളിലെ സാരാംശങ്ങൾ സമഗ്രമായി ഉൾക്കൊണ്ടുകൊണ്ടും അതിലെ അപര്യാപതതകൾ പരിഹരിച്ചുകൊണ്ടും സർവ്വസമ്പൂർണ്ണവും ശാശ്വതവും സർവ്വോപരി മനുഷ്യകുലത്തിന്നാകമാനം മാർഗദർശകവുമായ ഇസ്‌ലാം, ഇതരമതങ്ങളിൽ നിന്ന് വ്യത്യസ്തമായി നിൽക്കുന്നു. ഫറോവ രാജവംശത്തിൻ കീഴിൽ, നൂറ്റാണ്ടുകളോളം പീഢനങ്ങൾക്കും കീഴ്പ്പെടുത്തലുകൾക്കും വിധേയരായി കഴിഞ്ഞുകൂടിയിരുന്ന ഇസ്റാഈൽ ജനതയുടെ മോചനത്തിന്നായി നിയുക്തനായ മോശാ പ്രവാചകന് 'കണ്ണിന് പകരം കണ്ണ് പല്ലിന് പകരം പല്ല്' എന്ന രൂപത്തിൽ കാർക്കശ്യത്തിന്റെ പരിധികൾ അതിലംഘിക്കുന്ന കല്പന നൽകേണ്ടിവന്നു. (ആവർത്തനം 19:21) എന്നാൽ പ്രസ്തുത കല്പനയനുസരിച്ച് ഇസ്റാഈല്യർ ദീർഘകാലം പ്രവർത്തിച്ചപ്പോൾ പ്രതികാരവാഞ്ച അവരുടെ സ്വഭാവത്തിന്റെ ഭാഗമായി മാറി. തന്നിമിത്തം പിന്നീട് വന്ന യേശു നൽകിയ അദ്ധ്യാപനമാകട്ടെ, 'ദുഷ്ടനെ എതിർക്കരുത് നിന്റെ വലത്തെ ചെകിടത്തടിക്കുന്നവന്നു നീ മറ്റേതും തിരിച്ചു കാണിക്കുക (മത്തായി-5:38,39) എന്ന അതിരുകടന്ന സഹിഷ്ണുതയുടേതായിരുന്നു. അക്കാലത്തെ പ്രത്യേകമായ പരിതസ്ഥിതിയും സാഹചര്യങ്ങളും കണക്കിലെടുത്തുകൊണ്ട് കാലപരിധി നിർണ്ണയിക്കപ്പെട്ടിരുന്ന അദ്ധ്യാപനങ്ങളാണ് മോശയും യേശുവും നൽകിയിരുന്നതെന്ന് സുവിദിതമാണ്. എന്നാൽ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ സർവ്വജനീനവും സർവ്വകാലികവുമായതിനാൽ ഇതു സംബന്ധിച്ചുള്ള ഇസ്‌ലാമിക വിധി യുക്തി നിർഭരവും പ്രായോഗികവുമാണ്. വിശുദ്ധ ഖുർആൻ അനുശാസിക്കുന്നതിപ്രകാരമാണ്:

"തിന്മക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും മാപ്പ് ചെയ്യുകയും (അതുമുഖേന) നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെയടുക്കലാണ്. തീർച്ചയായും അല്ലാഹു അക്രമികളെ ഇഷ്ടപ്പെടുന്നില്ല." (42:41)

ബുദ്ധിയുടെ അടിസ്ഥാനത്തിൽ സന്ദർഭൗചിത്യമനുസരിച്ച് പ്രവർത്തിക്കാനാണ് ഈ വചനത്തിൽ ഖുർആൻ നിർദേശിക്കുന്നത്. മനുഷ്യപ്രകൃതി വ്യത്യസ്തങ്ങളാണ്. കേവലം ശിക്ഷ നടപ്പാക്കുന്നതിലൂടെയാണ് ചിലരിൽ പരിവർത്തനമുണ്ടാകുന്നതെങ്കിൽ മറ്റുചിലരിൽ മാപ്പുകൊടുക്കുക മൂലം പരിവർത്തനമുണ്ടാകുന്നു.

മാപ്പും ശിക്ഷയും സന്ദർഭൗചിത്യമനുസരിച്ച് പ്രയോഗിക്കപ്പെടുമ്പോൾ അവ നന്മകളായി മാറുമെന്നതിൽ സംശയമില്ല. നന്മ വരുത്തുവാൻ സാധിക്കുന്ന വഴിയേതാണോ അതനുസരിച്ച് പ്രതിക്രിയയോ മാപ്പുകൊടുക്കുകയോ ചെയ്യാവുന്നതാണെന്ന് ഖുർആൻ പഠിപ്പിക്കുന്നു. അഥവാ പൊറുത്തുകൊടുക്കുന്നതുകൊണ്ട് കുറ്റവാളിയിൽ പരിഷ്കരണം സാധ്യമാകുമെന്ന് കണ്ടാൽ അന്നേരം പൊറുത്തുകൊടുക്കണമെന്നും, പൊറുത്തുകൊടുക്കുകമൂലം കുറ്റവാളി കുറ്റകൃത്യങ്ങളിൽ മുന്നേറാനാണ് സാധ്യതയെങ്കിൽ അപ്പോൾ യുക്തമായ ശിക്ഷ നടപ്പാക്കണമെന്നും ഇസ്‌ലാം നിർദേശിക്കുന്നു.

## യുക്തിയിലധിഷ്ഠിതം

പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളും മനുഷ്യരുടെ ഗുണത്തിന്ന് വേണ്ടി സൃഷ്ടിക്കപ്പെട്ടതാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു: "ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും ആകാശത്ത് നിന്ന് ജലമിറക്കി അതുമുഖേന നിങ്ങൾക്ക് ആഹാരമായി ഫലവർഗ്ഗങ്ങളിൽ നിന്ന് (പലതും) ഉദ്പാദിപ്പിച്ചുതരുകയും ചെയ്തവനത്രെ അല്ലാഹു. തന്റെ കല്പനപ്രകാരം സമുദ്രത്തിൽ സഞ്ചരിക്കേണ്ടതിന് അവൻ നിങ്ങൾക്ക് കപ്പലുകളെ വിധേയമാക്കിത്തരുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്ക് നദികളേയും അവൻ വിധേയമാക്കിത്തന്നിരിക്കുന്നു.

"അവൻ സൂര്യനേയും ചന്ദ്രനേയും, രണ്ടും അവയുടെ കൃത്യങ്ങൾ സ്ഥിരമായി നിർവഹിക്കുന്ന വിധത്തിൽ നിങ്ങൾക്ക് സേവനത്തിനേർപ്പെടുത്തിത്തന്നിരിക്കുന്നു. രാവിനെയും പകലിനെയും നിങ്ങൾക്ക് പ്രയോജനത്തിന്നായി അവൻ ആക്കുകയും ചെയ്തിരിക്കുന്നു.

"നിങ്ങൾ അവനോട് ആവശ്യപ്പെട്ടതെല്ലാം അവൻ നിങ്ങൾക്ക് നൽകിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്ക് അവയെ തിട്ടപ്പെടുത്തുവാൻ കഴിയുകയില്ല. നിശ്ചയമായും മനുഷ്യൻ വലിയ അക്രമകാരിയും വളരെ നന്ദികെട്ടവനുമാകുന്നു". (വി. ഖു. 14:33-35)

മനുഷ്യന്റെ സേവനത്തിന് വേണ്ടി സൃഷ്ടിക്കപ്പെട്ട ഭൗതികവസ്തുക്കളെ യഥോചിതം പ്രയോജനപ്പെടുത്തുവാൻ അവൻ ബാധ്യസ്ഥനാണ്. ഈ

ലോകത്ത് നിന്ന് പൂർണ്ണമായും വിട്ടുമാറി സർവ്വസംഗ പരിത്യാഗം സ്വീകരിക്കുന്നതിനെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. സമസൃഷ്ടികളോടുള്ള കർത്തവ്യധർമ്മങ്ങളിൽ നിന്ന് ഒളിച്ചോടാതെ അവയെല്ലാം യഥാവിധം നിർവഹിക്കുന്നവന് മാത്രമെ ദൈവപ്രീതി ലഭിക്കുകയുള്ളു. സൃഷ്ടികളോട് കരുണ കാണിക്കാത്തവനോട് ദൈവവും കരുണ കാണിക്കുന്നതല്ലെന്ന് തിരുനബി വചനം വ്യക്തമാക്കുന്നു. മനുഷ്യനിൽ അന്തർലീനമായികിടക്കുന്ന വാസനകളെ ഹനിച്ചുകളയണമെന്നത് യുക്തിസഹമല്ല. എന്നാൽ ഇസ്‌ലാം പ്രസ്തുത നൈസർഗിക വാസനകളെ ശരിയായ ദിശയിലൂടെ തിരിച്ചുവിടുകയാണ് ചെയ്തിരിക്കുന്നത്. ദിവ്യകല്പനകൾ ആത്മസംതൃപ്തിയോടുകൂടി അനുഷ്ഠാനത്തിൽ വരുത്താൻ മനുഷ്യന് സാധിക്കണമെങ്കിൽ ആ കല്പനകൾ യുക്തിപൂർവ്വകങ്ങളായിരിക്കണം. ഒരു കവിളത്ത് അടികൊണ്ടാൽ മറുകവിളും കാണിച്ചുകൊടുക്കുക എന്ന കല്പന യുക്തിശൂന്യമായതിനാൽ ക്രിസ്ത്യാനികൾക്ക് പോലും പ്രസ്തുത നിർദ്ദേശത്തെ അവഗണിക്കേണ്ടിവരുന്നു. രണ്ടാം ലോക മഹായുദ്ധത്തിൽ ഹിരോശിമയിലും നാഗസാക്കിയിലും അണുബോംബിടാൻ കല്പന നൽകിക്കൊണ്ട്, പരസഹസ്രം നിരപരാധികളായ മനുഷ്യരുടെ കൂട്ടക്കുരുതിക്ക് വഴിയൊരുക്കിയ 'ട്രൂമാൻ' എന്നു പേരായ അമേരിക്കൻ പ്രസിഡന്റും ബോംബുകൾ വഹിച്ചുപോയ വിമാനത്തിലുണ്ടായിരുന്ന രണ്ട് വൈമാനികരും ക്രിസ്തുമതവിശ്വാസികളായിരുന്നെങ്കിലും യേശുവിന്റെ അദ്ധ്യാപനത്തോട് നീതി പുലർത്താൻ പക്ഷേ അവർക്ക് സാധിച്ചില്ല. വാഗ്ദത്ത മസീഹ് (അ)ന്റെ ഒരു പ്രീതശിഷ്യനായിരുന്ന മുഫ്തി മുഹമ്മദ് സാദിഖ് (റ)ന്റെ 'അനുഭവസംഭവങ്ങൾ' വിവരിച്ചുകൊണ്ടെഴുതിയ ആത്മകഥയിൽ വന്ന ഒരു സംഭവം ഇവിടെ കുറിക്കുന്നു. കഴിഞ്ഞ ഒന്നാം ലോകമഹായുദ്ധമാണ് പശ്ചാത്തലം. 1917-ൽ ബ്രിട്ടീഷ് പ്രധാനമന്ത്രി 'ലോയ്ഡ് ജാരിജ്' (........) ലണ്ടനിൽ വെച്ച് ഒരു പ്രസംഗം ചെയ്തു. "നാം ജർമ്മനിയെ അങ്ങോട്ട് ആക്രമിച്ചതല്ല, അവരിങ്ങോട്ട് ആക്രമിച്ചപ്പോൾ സ്വരക്ഷക്ക് വേണ്ടി നാം യുദ്ധം ചെയ്യുകയാണ്; ഈ സന്ദർഭത്തിൽ നമ്മുടെ സമൂഹത്തിന് യുദ്ധത്തിൽ പങ്കെടുക്കേണ്ടത് അനുവദനീയം മാത്രമല്ല, അത്യന്താപേക്ഷിതം കൂടിയാണ്." ഇതായിരുന്നു പ്രഭാഷണത്തിന്റെ സംക്ഷേപം. അക്കാലങ്ങളിൽ ഒരു ക്രിസ്തീയ പാതിരി മതപരമായ വിഷയങ്ങളെപ്പറ്റി മുഫ്തി സാഹിബുമായി സംവാദം നടത്താറുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം മുഫ്തി സാഹിബിനോട് ചോദിച്ചു. ക്രിസ്തീയ അദ്ധ്യാപനങ്ങൾക്കില്ലാത്ത വല്ല മേന്മയും ഇസ്‌ലാമിനുള്ളതായി താങ്കൾക്ക് തെളിയിക്കാൻ കഴിയുമോ? തീർച്ചയായും തെളിയിക്കാൻ കഴിയുമെന്ന് മുഫ്തി സാഹിബ് അദ്ദേഹത്തോട് പറഞ്ഞു. എന്നിട്ട് തുടർന്നു: താങ്കൾ ബ്രിട്ടീഷ് പ്രധാനമന്ത്രി ലോയ്ഡ് ജാരിജിന്റെ പ്രഭാഷണം ശ്രവിച്ചില്ലേ? അദ്ദേഹം തന്റെ പ്രസംഗത്തിൽ പറഞ്ഞത്, ബ്രിട്ടന് ജർമ്മനിക്കെതിരിൽ യുദ്ധം ചെയ്യൽ അനുവദനീയവും അനുപേക്ഷണീയവുമായി വന്നത് പ്രതിരോധം എന്ന നിലയിലായിരുന്നു എന്നാണ്. ഈ പ്രശ്നം നിങ്ങൾ നിങ്ങളുടെ യേശുവിന്റെ മുമ്പിൽ സമർപ്പിക്കുക, എന്നിട്ട് യേശുവിനോട് പരിഹാരത്തിന്നായി ചോദിക്കുക; "കർത്താവെ, ജർമ്മനി ഞങ്ങളെ ആക്രമിക്കുകയും നശിപ്പിക്കാൻ ശ്രമിക്കകയുമാണ് ഞങ്ങളെന്ത് ചെയ്യണം." അപ്പോൾ യേശുവിന്റെ വിധിയുണ്ടാകും: "നിങ്ങൾ ദുഷ്ടനോടെതിർക്കരുത്. വലത്തെ ചെകിടത്തടിക്കുന്നവന്ന് ഇടത്തേതും കാണിച്ചുകൊടുക്കുക. അടിവസ്ത്രം ചോദിച്ചാൽ മേൽവസ്ത്രം കൂടി കൊടുക്കുക". ബ്രിട്ടനും അവരോടൊപ്പമുള്ളവരും യേശുവിന്റെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥരാണ്. ജർമ്മനി ആക്രമിച്ചപ്പോൾ അവർ ജർമ്മനിയോട് സന്തോഷപൂർവം പറയേണ്ടിയിരുന്നത്, 'നിങ്ങളുടെ ആവശ്യമെന്താണ്? ബൽജിയമാണ് ആവശ്യമെങ്കിൽ അതോടൊപ്പം ഫ്രാൻസിനെ കൂടി വിട്ടുതരാം. ഫ്രാൻസാണ് ആവശ്യമെങ്കിൽ ഒപ്പം ബ്രിട്ടനെയും തരം' എന്നാണ്. പക്ഷെ ബ്രിട്ടൻ അപ്രകാരം പറഞ്ഞില്ല. ആ നിർണ്ണായകഘട്ടത്തിൽ യേശുവിന്റെ അദ്ധ്യാപനത്തിൽ എന്തോ ന്യൂനതയുള്ളതായി അവർക്ക് തോന്നുകയും ഇതുസംബന്ധിച്ചുള്ള ഇസ്‌ലാമിന്റെ വിധി ഏറ്റവും മേന്മയുള്ളതായി ബോദ്ധ്യപ്പെടുകയും അങ്ങനെ ഇസ്‌ലാമികപാഠമനുസരിച്ച് പ്രവർത്തിക്കാൻ അവർ നിർബന്ധിതരായിത്തീരുകയും ചെയ്തു. "'നിങ്ങൾ ആരെയും ആക്രമിക്കരുത്, എന്നാൽ നിങ്ങൾ ആക്രമിക്കപ്പെട്ടാൽ പ്രതിരോധം ചെയ്യാനുള്ള അനുവാദം നിങ്ങൾക്കുണ്ട്.' ഇതാണ് ഇസ്‌ലാമിന്റെ പാഠം. ഇത്രയും മുഫ്ത്തീ സാഹിബ് പറഞ്ഞുകഴിഞ്ഞപ്പോൾ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾക്കുള്ളത്ര മേന്മ ക്രിസ്തുമതാദ്ധ്യാപനങ്ങൾക്കില്ലെന്ന് ആ ക്രിസ്തീയ പാതിരി ഏറ്റുപറയുകയുണ്ടായി.

## അതിജയിച്ചുനിൽക്കുന്ന ദൈവകാരുണ്യം

ഇസ്‌ലാം പ്രകൃതിമതമാണെന്ന് അതിന്റെ ഓരോ കല്പനയും സാക്ഷ്യം നൽകുന്നുണ്ട്. ഇസ്‌ലാമികാദ്ധ്യാപനങ്ങളിൽ ദൈവകാരുണ്യത്തിന്റെ വശം ഉപരിയായി നിൽക്കുന്നതിനാൽ അതുപ്രകാരം ജീവിതം നയിക്കാൻ മനുഷ്യൻ സ്വമേധയാ പ്രേരിതനായിത്തീരുന്നു. പാപം ചെയ്തുപോയവന് നിത്യനരകമാണെന്നും അഥവ പാപിയെ നിരന്തരം ശിക്ഷിച്ചാലും കോപം അടങ്ങാത്ത ക്രുദ്ധനാണ് ദൈവമെന്നും സിദ്ധാന്തിക്കുന്നവർ, യഥാർത്ഥത്തിൽ മനുഷ്യരെ ഹതാശയരും നിഷ്ക്രിയരുമാക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാം ഒരു പാപിയെ വിലയിരുത്തുന്നത് ഹൈന്ദവ-ക്രൈസ്തവ മതങ്ങളുടെ വീക്ഷണഗതികൾക്ക് തികച്ചും വിരുദ്ധമായ രൂപത്തിലാണ്. അറിയാതെയോ അബദ്ധത്തിലോ ഒരു മനുഷ്യനിൽ നിന്ന് വന്നുപോകുന്ന പാപം ശിക്ഷാർഹമായ പാപമാകുന്നില്ല. അതുപോലെ ഏതു വലിയ പാപിക്കും അയാൾ ആത്മാർത്ഥമായി മാനസാന്തരപ്പെടുകയാണെങ്കിൽ ദൈവം പൊറുത്തുകൊടുക്കുന്നതാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. എന്നാൽ മനുഷ്യരാസകലം ജന്മനാ പാപികളായിട്ടാണ് പറന്നിരിക്കുന്നതെന്നും അതിനാൽ പാപപരിഹാ

രാർത്ഥമുള്ള യേശുവിന്റെ കുരിശുമരണത്തിൽ വിശ്വസിക്കുന്നവർക്ക് മാത്രമെ മുക്തി ലഭിക്കുകയുള്ളൂവെന്നും വാദിക്കുന്ന ക്രൈസ്തവലോകം ഫലത്തിൽ, ദൈവത്തിന്റെ സർവ്വാധികാരത്തെയും കാരുണ്യാതിരേകഭാവത്തെയും നിരാകരിക്കുകയാണ് ചെയ്യുന്നത്. യാതൊരു പാധിയുമില്ലാതെ കരുണ ചൊരിയുന്നവനാണ് ദൈവം. തന്റെ മുമ്പിലുള്ള കക്ഷികളുടെ അവകാശങ്ങളെപ്പറ്റി വിധി പറയുന്ന ഒരു ന്യായാധിപന്റെ നിലയിലല്ല, ഒരു യജമാനൻ തന്റെ ഭൃത്യനോട് ആർദ്രമായും അനുകമ്പാപൂർണമായും പെരുമാറുകയും ആനുകൂല്യങ്ങൾ അനുവദിച്ചുകൊടുക്കുകയും ചെയ്യുന്നതുപോലെയാണ് ദൈവം തന്റെ സൃഷ്ടികളുടെ തെറ്റുകുറ്റങ്ങൾ പൊറുക്കുന്നതെന്നാണ് ഇസ്‌ലാമിക വീക്ഷണം. ഇതുസംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: "എന്റെ ശിക്ഷ ഞാനുദ്ദേശിക്കുന്നവർക്ക് ഞാൻ എത്തിക്കുന്നു. എന്റെ കാരുണ്യമാകട്ടെ, സർവ്വ വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നു" (7:157)

"പറയുക, തങ്ങളുടെ സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവർത്തിച്ച എന്റെ ദാസരെ, അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടരുത്. നിശ്ചയമായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കുന്നതാണ്. തീർച്ചയായും അവൻ വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു" (39:54) ശിക്ഷിക്കുക എന്ന ദൈവീക ഗുണം അവന്റെ കാരുണ്യഗുണവുമായി പൊരുത്തപ്പെടാത്തവയല്ല. മറിച്ച് ശിക്ഷ എന്നത് തന്നെ ദൈവിക കാരുണ്യത്തിന്റെ ഭാഗമാണ്. നരകവാസികളായ പാപികളെകുറിച്ച് വി. ഖുർആൻ പറയുന്നത് 'മഅ്‌വാഹുമുന്നാർ' 'അവരുടെ സങ്കേതം നരകമാകുന്നു' എന്നാണ്. അഭയം പ്രാപിക്കുന്ന സങ്കേതത്തിനാണ് 'മഅ്‌വാ' എന്നു പറയുന്നത്. എന്നുവെച്ചാൽ, രോഗബാധിതനായ ഒരാളെ ആതുരാലയത്തിൽ പ്രവേശിപ്പിക്കേണ്ടി വരുമ്പോൾ രോഗത്തിന്നനുസരിച്ച വേദനയും വിഷമവും അയാൾക്ക് സഹിക്കേണ്ടിവരുന്നു. എന്നാൽ രോഗം സുഖപ്പെട്ട് പുറത്തുവരുമ്പോൾ തന്നെ വൈദ്യൻ വേദനിപ്പിച്ചിരുന്നതും ആതുരാലയത്തിൽ പ്രവേശിച്ചിരുന്നതും തന്റെ ഗുണത്തിന് വേണ്ടിയായിരുന്നുവെന്ന് അയാൾക്ക് ബോദ്ധ്യപ്പെടുന്നു. ഇതുപോലെ ഒരു പാപിയിൽ നരകശിക്ഷ പൂർത്തിയായി കഴിയുമ്പോൾ നരകം ഒരഭയ സങ്കേതമായിരുന്നുവെന്ന് അയാൾക്ക് ബോദ്ധ്യമാകുന്നതാണ്! ചുരുക്കത്തിൽ മനുഷ്യന്റെ പ്രകൃതിദത്തമായ അഭിലാഷങ്ങൾക്കനുഗുണമായ അദ്ധ്യാപനങ്ങളാണ് ഇസ്‌ലാമിലുടനീളമുള്ളത്.

## പരിശ്രമങ്ങൾക്കതീതമായ ഫലങ്ങൾ

തന്റെ പ്രവർത്തനങ്ങൾക്കതീതമായ ഫലങ്ങളാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നതെന്ന ബോധം മനുഷ്യനുണ്ടാകുമ്പോൾ അവനിൽ വിനയഭാവവും അതേസമയം കർമ്മങ്ങൾ ചെയ്യാനുള്ള ആവേശ ഭരിതമായ പ്രചോദനവുമുണ്ടാകുന്നു. മനുഷ്യപ്രകൃതി ആവശ്യപ്പെടുന്ന ഈ സത്യത്തെയും ഇസ്‌ലാം ഉൾക്കൊള്ളുന്നുണ്ട്. മനുഷ്യന്റെ കർമ്മങ്ങളൊന്നൊഴിയാതെ വിലയിരുത്തപ്പെടുന്നതാണെന്നും സൽക്കർമ്മങ്ങൾക്കുള്ള പ്രതിഫലം പരിധിക്കതീതമായതാണെന്നും വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു. "അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവാക്കുന്നവരുടെ ഉപമ ഒരു ധാന്യമണിയുടെത് പോലെയാകുന്നു. അത് ഏഴ് കതിരുകളെ ഉദ്പാദിപ്പിച്ചു. ഓരോ കതിരിലും നൂറ് മണി വീതം ഉണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ (ഇതിനെക്കാൾ) ഇരട്ടിയായി നൽകുന്നതാണ്. അല്ലാഹു ഔദാര്യവാനും സർവജ്ഞനുമാകുന്നു." (വി. ഖു 2:262) "സത്യത്തിൽ വിശ്വസിക്കുകയും സുകൃതങ്ങളനുഷ്ഠിക്കുകയും ചെയ്തവർക്ക് അവസാനിക്കാത്ത പ്രതിഫലം ലഭിക്കുന്നതാണ്." (വി.ഖു. 95:7) ദൈവീക കല്പന ഔത്സുക്യപൂർവം അനുഷ്ഠാനത്തിൽ വരുത്താൻ മനുഷ്യന് സാധിക്കുന്നു എന്നതും ഇസ്‌ലാമിന്റെ പ്രത്യേകതയാണ്.

## ഉയർന്ന ലക്ഷ്യം

ഇസ്‌ലാം ഉന്നതമായ ഒരു ലക്ഷ്യസ്ഥാനം മനുഷ്യന് നിർണ്ണയിക്കുന്നു. മഹത്തായ ആ ലക്ഷ്യപ്രാപ്തിയിലേക്കുള്ള സമ്പൂർണ്ണമായ മാർഗ്ഗദർശനങ്ങളാണ് ഇസ്‌ലാമിന്റെ രത്നചുരുക്കം. എല്ലാ മതങ്ങളും പരലോകമോക്ഷത്തെക്കുറിച്ചാണ് വാഗ്ദാനം ചെയ്യുന്നത്. എന്നാൽ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളനുസരിച്ച് ജീവിതം നയിക്കുന്നവർക്ക് ഈ ലോകത്ത് വെച്ച് തന്നെ സ്വർഗ്ഗീയാനുഗ്രഹങ്ങൾ സിദ്ധിക്കുന്നതാണെന്ന് അതു പ്രഖ്യാപിക്കുന്നു. "ഭക്തിസഹമായ സൂക്ഷ്മജീവിതം നയിക്കുന്നവന് രണ്ട് ഉദ്യാനങ്ങളുണ്ട്." (വി. ഖു. 55:47) "ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെയടുക്കൽ മലക്കുകൾ ഇറങ്ങും. നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ട, നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗ്ഗം ലഭിച്ചതിൽ സന്തുഷ്ടരാവുക" എന്നവർക്ക് സുവിശേഷം നൽകുകയും ചെയ്യുന്നു." (വി.ഖു. 41:31)

ഇപ്രകാരം ദിവ്യാനുഭൂതിയും സ്വർഗ്ഗീയാനുഗ്രഹങ്ങളും ലഭിച്ച ലക്ഷക്കണക്കിന്നാളുകൾ ഇസ്‌ലാമിൽ കഴിഞ്ഞുപോയിട്ടുണ്ട്. ഇസ്‌ലാം ജീവനുള്ള മതമാണെന്നതിലേക്കുള്ള പ്രബലമായ തെളിവാണിത്. എപ്പോഴും സൽഫലം നൽകിക്കൊണ്ടിരിക്കുന്ന ഒരു ശുഭവൃക്ഷത്തോടാണ് ഇസ്‌ലാമിനെ വിശുദ്ധഖുർആൻ താരതമ്യപ്പെടുത്തുന്നത്. ■

## പുസ്തകങ്ങൾ

പുസ്തകം പാതിരാവിലും നിന്നോടു വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്ന കൂട്ടാളിയാണ്. പഠനസമയത്ത് അത് നിന്നോടു സംസാരമാരംഭിക്കുന്നു. വിശ്രമ സമയത്ത് അത് നിന്നെ വിളിച്ച് വിഷമിപ്പിക്കുകയില്ല. അതുമായി സന്ധിക്കാനും സംവദിക്കാനും ആരംഭിക്കുമ്പോൾ താങ്കൾക്ക് സ്വന്തം ശരീരത്തെ മോടിപിടിപ്പിക്കേണ്ടതില്ല. താങ്കളെ അമിതമായി ഇകഴ്ത്തുകയോ പുകഴ്ത്തുകയോ ചെയ്യാത്ത കൂട്ടുകാരനാണത്. അത് താങ്കളെ ഒരിക്കലും വഞ്ചിക്കുകയില്ല. വെറുപ്പിക്കുകയുമില്ല. ഒട്ടും വഴിപിഴക്കാത്ത ഉപദേഷ്ടാവത്രെ ഉത്തമഗ്രന്ഥം.

*(അറബി പഴമൊഴി)*

# ഹിന്ദുത്വവും ഹിന്ദുക്കളും

എൻ. അബ്ദുർറഹീം

(മുസ്‌ലിംലീഗ് മുഖപത്രമായ ചന്ദ്രികയിൽ നവംബർ 25ന് പ്രസിദ്ധീകരിച്ച ലേഖനം)

ഹിന്ദു എന്ന പേരിനെ പറ്റി ഡി. എം. കെ. നേതാവും മുൻ തമിഴ്നാട് മുഖ്യമന്ത്രിയുമായ എം. കരുണാനിധി പുറപ്പെടുവിച്ച ഒരു പ്രസ്താവന ഇപ്പോൾ ഒരു വിവാദത്തിന് തിരി കൊളുത്തിയിരിക്കുകയാണല്ലോ. 'ഹിന്ദു' എന്ന പദത്തിന് ദുരർത്ഥം ആണുള്ളതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുകയും വാരാണസിയിൽ നിന്നു പ്രസിദ്ധീകരിച്ച 'ഹിന്ദു വിശ്വ വിജ്ഞാനകോശം' ഉദ്ധരിച്ച് അത് സ്ഥിരപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇതോടെ കരുണാനിധിയുടെ പ്രസ്താവനക്കെതിരെ ഹിന്ദുത്വവാദികൾ പ്രതിഷേധം ഉയർത്തിത്തുടങ്ങി. 'ഹിന്ദു' എന്ന പേർഷ്യൻ പദത്തിന്റെ അർത്ഥം കള്ളൻ എന്നാണെന്നു കരുണാനിധി വ്യാഖ്യാനിക്കുകയുണ്ടായി. ഇതിന്നെതിരെ പ്രതിഷേധം ഉയർത്തിയതുകൊണ്ടോ പ്രക്ഷോഭം കൂട്ടിയതുകൊണ്ടോ ഒരു കാര്യവും ഇല്ല. 'വിശ്വ ഹിന്ദു പരിഷത്ത്' എന്ന നാമത്തിനോ ആ നാമത്തിലുള്ള സംഘടനയ്ക്കോ ഒരു പ്രസക്തിയും നൽകാൻ പാടില്ലാത്ത ഒരവസ്ഥയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്.

വാരണസിയിൽ നിന്നു പ്രസിദ്ധീകരിച്ച ഹിന്ദു വിശ്വാസ വിജ്ഞാനകോശത്തിൽ തീരെ അടിസ്ഥാനരഹിതമായ ഒരു കാര്യം അച്ചടിച്ചുവരാൻ സാദ്ധ്യതയില്ല. വിശ്വഹിന്ദു പരിഷത്തിന്റെ ആധികാരിക വക്താക്കൾക്കോ ഹിന്ദുത്വവാദികൾക്കോ മറുപടി നൽകാൻ നിവൃത്തിയില്ലാത്ത പരുവത്തിലാകുന്ന ചില പരമാർത്ഥങ്ങൾ കൂടിയുണ്ടെന്ന് അറിയേണ്ടിയിരിക്കുന്നു. വാരാണസിയിലെ ഹിന്ദു വിശ്വവിജ്ഞാനകോശത്തിൽ ഇതു പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ആര്യസമാജ സ്ഥാപകനും വൈദിക സംസ്കാര വേദിയുമായ പണ്ഡിറ്റ് ദയാനന്ദ സരസ്വതി ഇപ്രകാരം ഘോഷിച്ചിട്ടുണ്ടെന്നും ഈ പദം ദുരർത്ഥദ്യോതകമായിരിക്കയാൽ പരിവർജ്ജ്യമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ഉള്ളതാണത്. അതിനപ്പുറവും കടന്നു ഈ പേര് മുസ്‌ലിംകളാണ് ശത്രുത കാരണം ദുഷ്ടാർത്ഥം അടക്കിക്കൊണ്ട് ആര്യന്മാർക്ക് നൽകിയതെന്നുകൂടി സ്വാമി എഴുതുകയുണ്ടായി. സ്വാമികളുടെ സ്വന്തം വാചകങ്ങൾ തന്നെ ഉദ്ധരിക്കാം.

*'മുസൽമാനോനെ അദാവത് സെ ആര്യോൻ കാ നാം ഹിന്ദു രഖാ ഹൈ. ഇസ്കെ മാനോ ഹൈ ദുഷ്ട്, നീച്, കപടീ, ജഹ്‌ലീ ഔർഗുലാം. ഇസ്സെയെ നാം ഭ്രഷ്ട് ഹെ'*

(മുസ്‌ലിംകൾ ശത്രുത കാരണം ആര്യന്മാർക്ക് ഹിന്ദു എന്ന പേര് നൽകി. ഇതിന്റെ അർത്ഥം ദുഷ്ടൻ, നീചൻ, കപടൻ, അറിവ് കെട്ടവൻ, അടിമ എന്നിങ്ങനെയാണ്. അതുകൊണ്ട്, ഈ നാമം ഭ്രഷ്ട് ആകുന്നു)

സ്വാമിജിയുടെ പ്രസിദ്ധമായ 'സത്യാർത്ഥ പ്രകാശ്' ലാണ് ഇപ്രകാരം എഴുതിയിട്ടുള്ളത്. എന്നാൽ ഇന്ന് 'സത്യാർത്ഥ പ്രകാശ്' എടുത്തു നോക്കിയാൽ അതുകാണുകയില്ല. 1875 -ൽ ബനാറസ് സ്റ്റാർ പ്രസ്സിൽ നിന്നു അച്ചടിച്ചിറക്കിയ ഒന്നാംപതിപ്പിൽ ഇതു കാണാവുന്നതാണ്. സ്വാമിജിയുടെ ഈ പ്രസ്താവനയെ പുസ്കതം അച്ചടിച്ചു പുറത്തായ ഉടനെ മുസ്‌ലിം പക്ഷത്ത് നിന്ന് ശക്തിമത്തായ ആക്ഷേപ ഖണ്ഡനങ്ങൾ ഉയർന്നപ്പോൾ അതു നീക്കിക്കളയാൻ നിർബ്ബന്ധിതമായി. സുപ്രസിദ്ധമായ 'വക്കീൽ' പത്രത്തിലാണ് ആദ്യത്തെ ഖണ്ഡന ലേഖനം പ്രത്യക്ഷപ്പെട്ടത്. പിന്നീടുള്ള പതിപ്പുകളിൽ അതു ചേർത്തില്ലെങ്കിലും പ്രസ്താവന പിൻവലിക്കുകയോ തെറ്റു തിരുത്തുകയോ ചെയ്തില്ല. വാചകം പുസ്തകത്തിൽ നിന്നു നീക്കിയെങ്കിലും വാദം ഉപേക്ഷിച്ചില്ല. ആര്യ സമാജികൾ ഈ ആശയത്തെ ആധികാരികമായിത്തന്നെ കരുതിപ്പോരുകയും 'ഹിന്ദു' എന്ന പ്രയോഗത്തിനെതിരായ തങ്ങളുടെ ആക്ഷേപത്തിൽ ഉറച്ചിരിക്കയുമാണ് ചെയ്തു പോന്നത്. ഹിന്ദു എന്ന പേർഷ്യൻ പദത്തിന് കള്ളൻ എന്നതിന് പുറമെ കൊള്ളക്കാരൻ, അടിമ ജോലിക്കാരൻ, ക്രൂരൻ എന്നിങ്ങനെയും അർത്ഥങ്ങളുണ്ടെന്ന് കരുണാനിധി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതു ഹിന്ദുക്കളെ അവഹേളിക്കാൻ വേണ്ടി മറ്റുള്ളവർ പ്രചരിപ്പിച്ച ആക്ഷേപമല്ല. സ്വാമി ദയാനന്ദ സരസ്വതിയെ പോലുള്ള ഒരു യോഗിവര്യൻ പറഞ്ഞതാകയാൽ അതിന്റെ ആധികാരികതയെ ചോദ്യം ചെയ്യാൻ ആര്യ പണ്ഡിതന്മാർ ആരും മുന്നോട്ടുവന്നില്ല. അക്കാലത്തെ പ്രസിദ്ധ ക്രൈസ്തവ പണ്ഡിതനായ റവ. തോമസ് ഹോവൽ മുസ്‌ലിംകൾക്കെതിരായി സ്വാമിജി പുറപ്പെടുവിച്ച ഈ ആക്ഷേപത്തെ ശക്തിയുക്തം ഖണ്ഡിക്കയുണ്ടായിട്ടുണ്ട്. പേർഷ്യൻ ഭാഷയിൽ ദുരർത്ഥങ്ങൾ ഉണ്ടെങ്കിൽ അതു തികച്ചും സ്വാഭാവികമാണെന്നും മുസ്‌ലിംകൾ ഇക്കാര്യത്തിൽ കുറ്റക്കാരല്ലെന്നും അദ്ദേഹം വാദിച്ചു. ഒരു ഭാഷയിൽ ദുരർത്ഥമുള്ള ഒരു ശബ്ദത്തിന് മറ്റൊരു ഭാഷയിൽ നല്ല അർത്ഥങ്ങളുണ്ടാകാമെന്ന് അദ്ദേഹം ഉദാഹരണങ്ങൾ നിരത്തിക്കൊണ്ട് തെളിയിച്ചു.

ശ്രീ ദയാനന്ദൻ മുസ്‌ലിംകളെപ്പറ്റി ഇത്തരം ഒരാക്ഷേപം പുറപ്പെടുവിച്ചു എന്നതാണ് ഒരു പ്രശ്നം. ഈ ആക്ഷേപം ശരിയാണോ വസ്തുതാധിഷ്ഠിതമാണോ എന്നതു മറ്റൊരു പ്രശ്നമാണ്. അടിസ്ഥാനരഹിതങ്ങളും അർത്ഥശൂന്യങ്ങളുമായ അനേകം ആക്ഷേപങ്ങൾ സ്വാമികൾ തന്റെ ഗ്രന്ഥങ്ങളിൽ ഇസ്‌ലാമിനെപ്പറ്റി എഴുതിപ്പിടിപ്പിച്ചതിൽ ഒന്നു മാത്രമാണ് ഇത്. അത്തരം ചില ആക്ഷേപങ്ങൾ അവ അന്തസ്സാര ശൂന്യങ്ങളാണെന്നു കണ്ടു

പിൽക്കാലത്ത് ശിഷ്യന്മാർ മാറ്റിക്കളയുകയുണ്ടായി. മറ്റു മതങ്ങളെപ്പറ്റിയും സമുദായങ്ങളെപറ്റിയും മതാചാര്യന്മാരെപ്പറ്റിയും ദയാനന്ദ സ്വാമികൾ പുറപ്പെടുവിച്ച അടിസ്ഥാനരഹിതങ്ങളായ ആക്ഷേപങ്ങളെപ്പറ്റി ഗാന്ധിജി തന്നെ വിമർശിച്ചിരുന്നുവല്ലോ. 'സത്യാർത്ഥ പ്രകാശ'ത്തിന്റെ മലയാള തർജ്ജമ (വിവർത്തകന്റെ പേർ ഗ്രന്ഥത്തിൽ ചേർത്തിട്ടില്ലെങ്കിലും തലശ്ശേരിയിലെ അഡ്വ. ടി. നാരായണൻ നമ്പ്യാരാണ് അതു വിവർത്തനം ചെയ്തതെന്ന് ഞാൻ എവിടെയോ വായിച്ചിട്ടുണ്ട്-ലേ) തയ്യാറാക്കിയപ്പോൾ ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ അവ അസംബന്ധങ്ങളാണെന്നു കാണുകയാൽ നീക്കിക്കളഞ്ഞിട്ടുണ്ട് എന്നതു പ്രസ്താവ്യമാണ്. ചില പേജുകൾ തന്നെ വിട്ടുകളഞ്ഞു. ഏതായാലും ഇത്തരം ആരോപണങ്ങളാണ് മർഹഷിയായി കൊണ്ടാടപ്പെട്ട ഈ മത പരിഷ്ക്കർത്താവിന്റെ തൂലികയിൽ നിന്നു നിർഗ്ഗളിച്ചത്. ഇത്തരം കാര്യങ്ങൾ എടുത്തു കാട്ടിയാണ് ആര്യസമാജികളും ഹിന്ദുത്വവാദികളും ഇസ്‌ലാമിനെയും ഖുർആനെയും നബി തിരുമേനിയെയും ആക്ഷേപിക്കാൻ മുതിരുന്നത്. മുസ്‌ലിംകൾ ദുഷ്ടാർത്ഥം അടക്കിക്കൊണ്ട് ആര്യാക്കൾക്ക് ഹിന്ദു എന്ന പേർ നൽകിയതാണെന്ന ആക്ഷേപം പ്രഥമ ശ്രവണത്തിൽ തന്നെ പുച്ഛിച്ചു തള്ളേണ്ടതാണ്. മുസ്‌ലിംകൾ ഇന്ത്യയിൽ വരുന്നതിനും എന്നല്ല, ഇസ്‌ലാം അറേബ്യയിൽ ആവിർഭവിക്കുന്നതിനും നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഹിന്ദു എന്ന പേർ പ്രചാരത്തിലുണ്ടായിരുന്നു. അറേബ്യയിലെ അതിപുരാതന കവിതകളിൽ ഹിന്ദു എന്ന പേർ കാണപ്പെടുന്നു. ഇന്ത്യയിൽ ഉണ്ടാക്കപ്പെട്ട മികച്ച വാളിന് 'മുഹന്നദ' എന്ന വാക്ക് പണ്ടേ പ്രയോഗിച്ചുപോന്നിരുന്നു. ഹിന്ദിയിൽ ഉണ്ടാക്കപ്പെട്ടതു എന്നർത്ഥമുള്ള ഈ വാക്ക് മുന്തിയ വാളിന്നുള്ള പര്യായമാണ്.

'ഹിന്ദു' എന്ന വാക്കിനു ദുഷ്ടാർത്ഥമുള്ളതിനാൽ അതു വർജ്ജിക്കപ്പെടേണ്ടതാണെന്ന നിലപാട് സ്വീകരിച്ച ആര്യാസമാജികൾ ഇന്ത്യയിലങ്ങളോളമിങ്ങളോം ഈ ആശയത്തെ പ്രചരിപ്പിച്ചു. മുപ്പതുകളിൽ ആര്യസമാജക്കാർ ഇതു സംബന്ധിച്ചു ലഘുലേഖകൾ ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കി പ്രചരിപ്പിച്ചിരുന്നു. തങ്ങളുടെ മതം ഹിന്ദുമതം ആണെന്നു പറയരുതെന്നു കാണിച്ചു ആര്യസമാജം നോട്ടീസുകളിറക്കി അവയിൽ ചില പ്രതികൾ എന്റെ പക്കൽ ഉണ്ടായിരുന്നു. ഹിന്ദു എന്ന ശബ്ദത്തിന് ദുഷ്ടാർത്ഥമാണുള്ളതെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ലേഖനങ്ങൾ 'ഓർഗനൈസ'റിൽ പ്രസിദ്ധം ചെയ്തിരുന്നു. ഞാൻ സൂക്ഷിച്ചുപോന്ന ചില ലക്കങ്ങൾ ചിതലരിച്ചുപോയി. ആര്യസമാജ മിഷണറി ആയിരുന്ന സാധു ശിവപ്രസാദ് കണ്ണൂർ കേന്ദ്രമാക്കി പ്രവർത്തിച്ചുപോന്ന കാലത്ത് നിരവധി ഈഴവരെ ആര്യസമാജത്തിൽ ചേർക്കുകയുണ്ടായി. ഹിന്ദു ശബ്ദവിരക്തിയും ആര്യനായ താൽപ്പര്യവും മൂലം അന്നു കണ്ണൂരിലെ ഒരു ഈഴവ നേതാവായിരുന്ന ശ്രീ. പി.കെ. ബാപ്പു 'ആര്യബന്ധു പി. കെ. ബാപ്പു' എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങി. ഈഴവന് ആര്യൻ ആകാൻ കഴിയില്ല. അതിനാൽ ആര്യബന്ധു എന്നതുകൊണ്ട് തൃപ്തിപ്പെട്ടു. 1941-ലെ കാനേഷുമാരി കാലത്ത് കണ്ണൂർ ആര്യസമാജം അച്ചടിച്ചിറക്കിയ ഒരു നോട്ടീസിൽ സർക്കാർ 'കൊറി'ക്കുള്ള മറുപടിയിൽ ഹിന്ദു എന്നതിന് പകരം ആര്യൻ എന്ന് ചേർപ്പിക്കണമെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ചുരുക്കത്തിൽ അക്കാലത്ത് ഹിന്ദു നാമത്തോടു അനിഷ്ടവും ആര്യനാമത്തോട് താൽപര്യവും ആയിരുന്നു. ഇപ്പോൾ ഹിന്ദുനാമ പ്രഭാവം ഉയർത്തുന്നു. ആര്യ സഭ്യതയിൽ അഭിമാനം കൊള്ളണമെന്നതായിരുന്നു മുപ്പതുകളിലുള്ള ആഹ്വാനം. ഇപ്പോൾ ഹിന്ദു സംസ്ക്കാരത്തിൽ അഭിമാനം കൊള്ളണമെന്നാണ് സുദർശൻജിയുടെ ഉത്തരവ്. കൂട്ടത്തിൽ മന്ത്രി ഒ. രാജഗോപാലനും ശ്രീ. പരമേശ്വർജിയും 'ഹിന്ദു' എന്ന ആശയത്തിന്റെ മഹത്വം ഉദ്ഘോഷിക്കുന്നു. ഇന്ത്യയിലുള്ളവരെല്ലാം ഹിന്ദുക്കളായി അറിയപ്പെടണമത്രെ.

സ്വാമി ചിന്മയാനന്ദൻ, മുൻ മൈസൂർ മഹാരാജാവ് ജയ ചാമരാജ വാഡിയാർ, കുലപതി ഡോ. കെ. എം. മുൻഷി, സർ. സിപി. രാമസ്വാമി അയ്യർ എന്നീ സമുന്നതന്മാർ ചേർന്നാണ് 1966-ൽ 'വിശ്വഹിന്ദു പരിഷ'ത്തിനു രൂപം നൽകിയത്. ഏറെ തലപുകഞ്ഞു ചിന്തിച്ചുകൊണ്ടായിരിക്കണം ഈ നാമം സ്വീകരിച്ചത്. സത്യം പറഞ്ഞാൽ, വിശ്വഹിന്ദു പരിഷത്ത് എന്ന നാമധേയം അപ്രസക്തവും അടിയുറപ്പില്ലാത്തതുമാണ്. ഇന്ത്യയിലെ മതം ആര്യധർമ്മമാണെന്നും അപ്പേരിലാണ് അറിയപ്പെടേണ്ടതെന്നും ഒരു പ്രബല വിഭാഗം പറയുന്നു. ആര്യധർമ്മം ആര്യാവർത്തത്തിലെ മതമാണ്. എന്നാൽ, ആര്യാര്യത്തിന്നപ്പുറത്ത് അതിനു വേരില്ല. കടൽ കടന്നുള്ള ഒരു ഇടപാടുമില്ല. അതൊക്കെ പാപങ്ങളിൽപെടുന്നു. പിന്നെങ്ങനെ വിശ്വദർശനം? ഹിന്ദു എന്ന നാമത്തെ ശുദ്ധി ചെയ്തെടുത്തു എന്നാണ് പറയപ്പെടുന്നത്. 'മ്ലേച്ഛ'രായ മുസ്‌ലിംകളെ 'ശുദ്ധി' ചെയ്തെടുക്കുന്നതുപോലെ. ഏതായാലും മുസ്‌ലിംകളിൽ ഈ നാമം അടിച്ചേൽപ്പിക്കേണ്ടതില്ല. ദുഷ്ടാർത്ഥകമായ ഒരു നാമം അവർ എന്തിനു സ്വീകരിക്കണം? ആദ്യം അടിസ്ഥാനരഹിതവും പ്രകോപനപരവുമായ ആക്ഷേപം പുറപ്പെടുവിച്ചതിന് ആര്യസമാജം ലോകത്തോട് പരസ്യമായി മാപ്പു പറഞ്ഞുകൊണ്ട് അതു പിൻവലിക്കട്ടെ. അതാണ് മര്യാദ.

ഹിന്ദു എന്ന ശബ്ദത്തിന് ദുരർത്ഥമുണ്ടെന്ന് മുസ്‌ലിംകൾ ആരും പറഞ്ഞിട്ടില്ല. മറിച്ച് ജ്യേഷ്ഠ സമുദായം എന്ന നിലയിൽ ഹൈന്ദവ സമുദായത്തോടു വളരെ സ്നേഹത്തിലും ബഹുമാനത്തിലുമാണ് മുസ്‌ലിംകൾ വർത്തിച്ചുവന്നിട്ടുള്ളത്. എന്തുപേരാണ് സ്വീകരിക്കേണ്ടതെന്ന് ഒരു സമുദായത്തിലെ അംഗങ്ങൾ തന്നെയാണ് തീരുമാനിക്കേണ്ടത്. ആർക്കും ഒരു സമുദായത്തിന്റെ മേൽ അവർക്കിഷ്ടമില്ലാത്ത പേർ അടിച്ചേൽപ്പിക്കാനാവില്ല. ഹിന്ദു എന്ന പേർ സിന്ധു എന്ന ശബ്ദത്തിൽ നിന്ന് ഉരുത്തിരഞ്ഞതാണെന്ന നെഹ്റുവിന്റെ കാഴ്ചപ്പാടാണ് ശരി. നെഹ്റു 'ഡിസ്ക്കവറി ഓഫ് ഇന്ത്യ'യിൽ അതു വ്യക്തമാക്കിയിട്ടുണ്ട്. നമുക്കൊക്കെ അതു അംഗീകരിക്കാം. അപ്പോൾ ഒരു കുഴപ്പവും ഇല്ല. ഹിന്ദുമതത്തിന് ആര്യധർമ്മം എന്നാണ് പറയേണ്ടതെന്നു വരുത്തിതീർക്കാൻ മുസ്‌ലിംകളെ കടന്നാക്രമിക്കേണ്ട കാര്യമുണ്ടോ? ആ കുറ്റ

*ശേഷം പേജ് 27 ൽ*

# ആത്മീയ പീയൂഷം

ഇബ്നു മൊഹിയിദ്ദീൻ

## പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ആത്മീയ മാർഗ്ഗമാണ് പ്രാർത്ഥന

പ്രതിസന്ധികൾ നമ്മുടെ വിശ്വാസത്തിന്റെ പരിശോധനാഘട്ടങ്ങളാണ്. വിശ്വാസരഹിതൻ അപ്പോൾ പ്രയാസപ്പെടുന്നു. വിശ്വാസധീരൻ അടിപതറാതെ ഉറച്ചുനിൽക്കുന്നു. പ്രതിസന്ധികളിലും വിപരീതാനുഭവങ്ങളിലും തളർന്നുപോകാതെ ഉറച്ചുനിൽക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത് അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ പിൻബലമൊന്ന് മാത്രമാണ്. ഇതുതന്നെയാണ് നമ്മുടെ ജീവിതം ധന്യമാക്കുന്നതും. ജീവിതം വിജയകരമാക്കിത്തീർക്കുകയും വമ്പിച്ച നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തിട്ടുള്ള വ്യക്തികളെ കാണുമ്പോൾ നമ്മിൽ ആശ്ചര്യവും അസൂയയും കലർന്ന ഭാവങ്ങൾ ഉയർന്നു വെന്ന് വരാം. ആദ്ധ്യാത്മികമായി അഭിവൃദ്ധി പ്രാപിച്ച മനുഷ്യന് ഒരിക്കലും ഈയൊരു അവസ്ഥ ഉണ്ടാകുന്നില്ലെന്ന് തന്നെ പറയാം. അതിന് നാം ആദ്യമായി അനുവർത്തിക്കേണ്ട കാര്യം സർവ്വശക്തനായ അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസവും ദുആ മുഖേന എപ്പോഴും അവനുമായി ഒരാത്മബന്ധം സ്ഥാപിക്കലുമാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനെയും ഇൻസിനെയും ഞാൻ സൃഷ്ടിച്ചിട്ടില്ല."

(സൂറ: അദ്ദാരിയാത്ത്: 57)

അല്ലാഹുവിനെ ആരാധിക്കുക എന്നത് കൊണ്ട് വെറും നമസ്കരിക്കുക എന്നത് മാത്രമല്ല മറിച്ച്, നമ്മുടെ ചിന്താഗതികളും സംസാരരീതികളും നമ്മുടെ പ്രവൃത്തികളുമെല്ലാം ഒരുതരത്തിൽ ആരാധന തന്നെയാണ്. നമ്മുടെ ജീവിതലക്ഷ്യം തന്നെ അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. ഭൗതികതയിലും സമ്പന്നതയിലും സുഭിക്ഷതയിലും കഴിയുന്ന ഒരുവൻ പ്രാർത്ഥനയ്ക്ക് വിമുഖനായിത്തീരുന്നു; പ്രാർത്ഥനയ്ക്ക് പ്രയോജനമില്ലെന്നു കരുതുന്നു. മറിച്ച് കഷ്ടതകൾ അനുഭവിക്കുന്നവർ പ്രാർത്ഥനയുടെ മാഹാത്മ്യം ശരിക്കും മനസ്സിലാക്കി ജീവിക്കുന്നു. പ്രാർത്ഥനയും അതിലുള്ള നേട്ടവും നമുക്ക് അല്ലാഹുവിൽ നിന്നനുവദിച്ചുതന്നിട്ടുള്ള അനുഗ്രഹങ്ങളിൽ വെച്ചേറ്റവും ശ്രേഷ്ഠതയേറിയതാണ്.

അല്ലാഹു ലോകത്ത് മതങ്ങൾ സ്ഥാപിച്ചതിന്റെ ഉദ്ദേശ്യം തന്നെ മനുഷ്യർ അവനുമായി നിരന്തരം ബന്ധം സ്ഥാപിക്കാനും അതുമൂലം അവന്റെ സാമീപ്യം കരസ്ഥമാക്കിക്കൊണ്ട് ആത്മീയമായി പുരോഗതി പ്രാപിക്കാനും വേണ്ടിയാണ്. ഇതര മതങ്ങളെ അപേക്ഷിച്ച് ഇസ്‌ലാം ഈയൊരു യാഥാർത്ഥ്യം വിശ്വാസത്തിലൂടെയും കർമ്മങ്ങളിലൂടെയും തെളിയിച്ച്കൊണ്ട് നിലകൊള്ളുന്നു. ഇതര മത വിശ്വാസങ്ങളിലും ഈയൊരു അടിസ്ഥാനാദ്ധ്യാപനം നിലകൊള്ളുന്നുണ്ടെങ്കിലു അത് പൂർണ്ണരൂപത്തിൽ പ്രായോഗികമല്ല.

ഇസ്‌ലാമിന്റെ ആവിർഭാവകാലം തൊട്ട് തന്നെ അതിൽ എക്കാലത്തും അല്ലാഹുവുമായി യഥാർത്ഥ ബന്ധമുള്ളവരും ദുആയുടെ സ്വീകാര്യതയെക്കുറിച്ച് തെളിവ് നൽകുന്നവരും വന്നുകൊണ്ടിരിക്കുന്നു എന്നത് ഒരു ജീവനുള്ള അല്ലാഹുവിന്റെ ജീവനുള്ള ഉദാഹരണം തന്നെയാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ ഇപ്രകാരം പറയുന്നു:

"നിങ്ങളുടെ നാഥൻ പറയുന്നു, നിങ്ങൾ എന്നോട് പ്രാർത്ഥിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും. എന്നെ ആരാധിക്കുന്നതു വിട്ട് അഹംഭാവം കാണിക്കുന്നവർ നിന്ദ്യരായി നരകത്തിൽ പതിക്കുകതന്നെ ചെയ്യും."

(സൂറ: മുഅ്മിൻ- 61)

ഇക്കാലത്ത് അല്ലാഹുവിൽ നിന്ന് നിയുക്തനായ ഹസ്റത്ത് അഹ്മദ് (അ) ദുആയുടെ സ്വീകാര്യതയെക്കുറിച്ച് ഇപ്രകാരം അരുൾ ചെയ്യുന്നു:

"ദുആ സ്വീകാര്യതയുടെ കാര്യത്തിൽ ഞാൻ ശരിക്കും ഒരു ദൃഷ്ടാന്തമാണ്. ഇന്ന് ഈ കാര്യത്തിൽ ഞാനുമായി മത്സരിക്കാൻ വേറെ ആരുമില്ല." (സറൂത്തുൽ ഇമാം, പേ: 26).

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ചരിത്രം പരിശോധിച്ചാൽ ദുആയുടെ സ്വീകാര്യതയെക്കുറിച്ച് നിരവധി ഉദാഹരണങ്ങൾ നമുക്ക് കാണുവാൻ സാധിക്കുന്നതാണ്.

മനുഷ്യജീവിതത്തിൽ രണ്ട് ഘട്ടങ്ങളാണുള്ളത്. ഒന്ന് അവന്റെ ബാഹ്യജീവിതം, മറ്റൊന്ന് ആന്തരിക ജീവിതവും. പ്രകൃതിപരമായി മനുഷ്യൻ എപ്പോഴും ബാഹ്യമായി നന്നാകാൻ മാത്രമെ ശ്രമിക്കുകയുള്ളൂ. ബാഹ്യമായി എല്ലാവരുടേയുമിടയിൽ നന്നായിത്തീരുക, ജനഹൃദയങ്ങളിൽ തന്നെ കുറിച്ച് എപ്പോഴും നന്മ മാത്രം ഉണ്ടാക്കിത്തീർക്കുക, നല്ല സംസ്കാരമുള്ളവനായിത്തീരുക, സമൂഹത്തിൽ തന്നെക്കുറിച്ച് സൽപേര് ഉണ്ടാക്കിത്തീർക്കുക എന്നതെല്ലാം ബാഹ്യമായി ഏതൊരു മനുഷ്യന്റെയും ആഗ്രഹമാണ്. ഈ കാര്യപ്രാപ്തിക്ക് വേണ്ടി മനുഷ്യനാൽ കഴിയുന്നതെല്ലാം മനുഷ്യൻ ചെയ്യുന്നു. അതിന്ന് വേണ്ടി നിർല്ലോപം ധനം ചെലവഴിക്കാൻപോലും മനുഷ്യൻ വെമ്പൽ കൊള്ളുന്നു. മറ്റുള്ളവരുമായി കിടപിടിക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, ഇക്കൂട്ടർ ആന്തരികമായി ഇസ്‌ലാമികാദ്ധ്യാപനങ്ങളിൽ നിന്ന് എത്രയോ വിദൂരമായിരിക്കുമെന്ന് ഇവരുമായി അടുക്കുന്നവർക്ക് മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ഇത്തരക്കാരെക്കുറിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നതിപ്രകാര

മാണ്:

"വിശ്വസിച്ചവരേ, നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിന് നിങ്ങൾ പറയുന്നു? നിങ്ങൾ പ്രവർത്തിക്കാത്തത് നിങ്ങൾ പറയുകയെന്നത് അല്ലാഹുവിന്റെ ദൃഷ്ടിയിൽ വളരെ ക്രോധകരമാകുന്നു."

(സൂറ: സഫ്ഫ്-3,4)

മുകളിൽ വിവരിക്കപ്പെട്ട രണ്ട് തരം ജീവിതത്തെയും ശുദ്ധീകരിക്കാൻ റസൂൽ(സ) തന്റെ ഉമ്മത്തിനെ എപ്പോഴും ഉപദേശിച്ചിട്ടുണ്ട്. മനുഷ്യൻ തന്റെ പ്രവൃത്തിയിലും വാക്കിലും ഒരുപോലെ ഭയഭക്തി സ്വായത്തമാക്കുകയാണെങ്കിൽ മാത്രമേ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് പ്രസ്തുത ഉദ്ബോധനത്തിന്റെ ഉദ്ദേശ്യം. എങ്കിൽ ജനഹൃദയങ്ങളിലും മനുഷ്യൻ സമ്മതനായിരിക്കും എന്ന് തീർച്ചയാണ്. കാരണം അല്ലാഹു ഇഷ്ടപ്പെടുന്നവരെ സമൂഹം ഇഷ്ടപ്പെടാതിരിക്കാൻ ഒരിക്കലും വഴിയില്ല. അതുകൊണ്ട് തന്നെയാണ് മുഅ്മിനീങ്ങളുടെ അടയാളമായിട്ട് അല്ലാഹു 'ആന്തരികമായി അല്ലാഹുവിനെ ഭയപ്പെടുന്നവനാണ് മുഅ്മിൻ' എന്ന് പറഞ്ഞിട്ടുള്ളത്. അതുപോലെ പരിശുദ്ധ ഖുർആൻ നമുക്ക് പഠിപ്പിച്ചുതന്ന അല്ലാഹു മറഞ്ഞതും വെളിപ്പെട്ടതുമായ കാര്യങ്ങൾ അറിയുന്നവൻ ആണ്. അപ്പോൾ മനുഷ്യൻ ബാഹ്യവും ആന്തരികവുമായി ഏതുവരെ അഭിവൃദ്ധി പ്രാപിക്കുന്നില്ലയോ അതുവരെ അവന്ന് യഥാർത്ഥ ഫലപുഷ്ടിയുള്ള ജീവിതം കരസ്ഥമാക്കാൻ കഴിയുകയില്ല എന്നതാണ് പരമാർത്ഥം. ഈയൊരു സ്ഥിതിവിശേഷം അല്ലാഹുവിനോട് ചെയ്യപ്പെടുന്ന ആത്മാർത്ഥമായ ദുആകളിലൂടെ മാത്രമേ സംജാതമാകുകയുള്ളൂ.

ഇതേക്കുറിച്ച് ഒരു ഹദീസിൽ ഇങ്ങനെ വിവരിക്കുന്നു:

"റസൂൽ കരീം(സ) അരുൾ ചെയ്തതായി ഹസ്റത്ത് സൊഅബാൻ (റ) നിവേദനം ചെയ്യുന്നു: 'നിങ്ങൾ അധികമധികം സുജൂദുകൾ ചെയ്യുക. എന്തെന്നാൽ എത്രത്തോളം നിങ്ങൾ അല്ലാഹുവിന്ന് മുമ്പിൽ സുജൂദുകൾ ചെയ്യുന്നുവോ അതനുസരിച്ച് അല്ലാഹു നിങ്ങളുടെ സ്ഥാനങ്ങളെ ഉയർത്തുകയും അത് പാപപ്പൊറുതിക്ക് കാരണമായിത്തീരുകയുംചെയ്യുന്നു."(മുസ്ലിം)

അധികമധികം നാം അല്ലാഹുവിന്ന് മുമ്പിൽ നമ്മെ സ്വയം സമർപ്പിക്കുമ്പോൾ മാത്രമെ നമുക്ക് നമ്മുടെ ദുആകളിൽ ആത്മാർത്ഥത കൈവരിക്കാൻ കഴിയുകയുള്ളൂ. അപ്പോൾ മാത്രമേ നമുക്ക് അല്ലാഹുവിനോട് കൂടുതലായി അടുക്കുവാനും നമ്മുടെ ന്യൂനതകളെല്ലാം തിരുത്തി ജീവിക്കാനും അവസരം ലഭിക്കുകയുള്ളൂ. അങ്ങനെ സംജാതമാകുന്ന ഒരവസ്ഥയാണ് പാപപ്പൊറുതിക്കുള്ള കാരണമായിത്തീരുന്നത്.

ഈ കാര്യത്തിൽ മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു:

"ഈ പ്രസ്ഥാനത്തിൽ പ്രവേശിക്കുന്നവരുടെ കൂടെ എന്റെ ദുആ എപ്പോഴും ഉണ്ടെന്നുള്ളതാണ് അവർക്കുള്ള ഏറ്റവും വലിയ നേട്ടം. ദുആകൊണ്ട് ഉണങ്ങിയ കൊമ്പുകളെപ്പോലും പച്ച പിടിച്ച അവസ്ഥയിലാക്കാൻ കഴിയുന്നതാണ്. അല്ലാഹുവിന്റെ വിധി കൽപ്പന പ്രക്രിയയെകുറിച്ച് പറയുകയാണെങ്കിൽ എത്രവലിയ പ്രയാസങ്ങളിൽ അകപ്പെട്ടവരായാലും ദുആ അവരെ രക്ഷിക്കുകയും അല്ലാഹു അവർക്ക് തണലായിത്തീരുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ഈ പ്രക്രിയ ദുആ ചെയ്യുന്നവർക്ക് തന്നെ മനസ്സിലാക്കാവുന്ന കാര്യമാണ്. രോഗിയായ ഒരാളുടെ ചികിത്സ ഒരിക്കലും അയാളല്ലല്ലോ ചെയ്യാറ്. വിജയപ്രാപ്തിക്ക് വേണ്ടിത്തന്നെയാണ് അല്ലാഹു ഈ പ്രസ്ഥാനം സ്ഥാപിച്ചിട്ടുള്ളത്. അല്ലാഹുവിൽ നിന്ന് നിയുക്തരായവരുടെ ദുആകൾ എക്കാലത്തും ഇതിന്റെ പരിശുദ്ധതക്കുള്ള കാരണമായിത്തീരുന്നു.

"ദുആകൾ ചെയ്യുക, ചെയ്യിക്കുക എന്നത് അല്ലാഹുവിന്റെ പരിധിയിൽപ്പെട്ട കാര്യമാണ്. ദുആക്ക് വേണ്ടി ആത്മാർത്ഥതയോടെ ഹൃദയം വിലപിക്കുകയും അതിനുള്ള വഴി തുറക്കുകയും ചെയ്തുകഴിഞ്ഞാൽ മനസ്സിലാക്കുക ദുആ സ്വീകരിക്കപ്പെട്ടു എന്ന്. ഇത് ദുആയുടെ പ്രധാന ഘടകമാണ്. ഒരു വഴിപിഴച്ചവന്റെ ജീവിതത്തിൽപോലും ഇത്തരം അവസ്ഥ സംജാതമാകുകയാണെങ്കിൽ തീർച്ചയായും അയാൾ നേർമാർഗ്ഗത്തിലായിത്തീർന്നിക്കുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്. ദുആ ചെയ്തുകൊണ്ടിരിക്കാതെ ഒരാൾക്ക് ഒരിക്കലും തന്റെ തൗബയിൽ ഉറച്ചുനിൽക്കാനാവുകയില്ല. രോഗിക്കും ബലഹീനനും ഒരിക്കലും തന്നെ സ്വയം സഹിക്കാനാവുകയില്ലല്ലോ. അല്ലാഹുവിന്റെ പ്രക്രിയയും ഇത് തന്നെയാണ്. ആത്മാർത്ഥമായി ചെയ്യപ്പെടുന്ന ദുആ അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തുമ്പോൾ ഹൃദയത്തിൽ ഒരു ആത്മീയ പ്രകാശം ഉത്ഭവിക്കുന്നു. അത്മൂലം എല്ലാവിധ തിന്മകളും ദൂരീകരിക്കപ്പെടുകയും അങ്ങനെ ദുആ സ്വീകരിക്കപ്പെടുകയും ചെയ്യുന്നു.

"ദുആ മൂലം എല്ലാ പ്രയാസങ്ങളും എളുപ്പമായിത്തീരുന്നു. ശത്രുക്കൾക്കായാലും മിത്രങ്ങൾക്കായാലും അല്ലാഹു എനിക്ക് തന്നനുഗ്രഹിച്ച ദുആ എന്ന ഔഷധം മാത്രമേ എന്റെ പക്കൽ എല്ലാവർക്കും തരാനായിട്ടുള്ളൂ. കറുപ്പിനെ വെളുപ്പാക്കുക, വെളുപ്പിനെ കറുപ്പാക്കുക എന്നത് എന്നെ സംബന്ധിച്ചിടത്തോളം അസാധ്യം തന്നെയാണ്. അല്ലാഹു എനിക്ക് തന്നനുഗ്രഹിച്ച കാര്യങ്ങളല്ലാതെ മറ്റൊന്നും എന്റെ പരിധിയിൽപ്പെടുന്നവയല്ല. സർവ്വശക്തനായ അല്ലാഹു തന്റെ ദാസന്മാരുടെ നന്മക്കായി തുറന്നുവെച്ച ഒരേ ഒരു കാര്യമാണ് ദുആ. ഏതൊരാൾ വിലപിച്ച് കേണപേക്ഷയോടെ ഈ വഴി സ്വായത്തമാക്കുന്നുവോ അവരെ കാരുണ്യവാനായ രക്ഷിതാവ് പരിശുദ്ധതയുടെ പുതപ്പ് ധരിപ്പിക്കുകയും തന്റെ കാരുണ്യം അവരിൽ പ്രകടിപ്പിക്കുയും ചെയ്യുന്നു. അങ്ങനെ അവർ എല്ലാവിധ അനാവശ്യകാര്യങ്ങളിൽ നിന്നും വിദൂരമാക്കപ്പെടുകയും ചെയ്യുന്നു."

(മൽഫൂസാത്ത്: ഭാഗം: 5, പേ: 438-439)

അല്ലാഹു നമുക്കേവർക്കും ദുആയുടെ യഥാർത്ഥ അന്തസ്സത്ത മനസ്സിലാക്കി ജീവിതത്തെ രൂപപ്പെടുത്തുവാൻ തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ. ■

## നമ്മുടെ വിയോജിപ്പുകൾ (6)

# മുഹമ്മദ് നബി(സ) അന്ത്യപ്രവാചകനോ?

ഏ. പി. കുഞ്ഞാമു

**മുഹമ്മദ് നബി (സ)യുടെ പ്രവാചകത്വത്തിലാണ് അഹ്മദികളും അനഹ്മദികളും തമ്മിലുള്ള മുഖ്യമായ ഒരു വിയോജിപ്പ്. എല്ലാ പ്രവാചകന്മാരേക്കാളും ശ്രേഷ്ഠനും പ്രവാചകത്വത്തിന്റെ പാരമ്യവുമായ തിരുമേനി (സ)യുടെ പ്രവാചകത്വത്തിന്റെ അർത്ഥവും, വിവക്ഷയും, തത്ത്വവും ലേഖകൻ വിശദീകരിക്കുന്നു**

മുസ്ലിം പണ്ഡിത വർഗ്ഗം റസൂൽ തിരുമേനി (സ)യെപ്പറ്റി അന്ത്യപ്രവാചകൻ എന്ന് വിശ്വസിക്കാത്തവരെ കാഫിറാണെന്ന് ഫത്വ പുറപ്പെടുവിച്ചുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിനെ സമീപിക്കാൻപോലും മുസ്ലിംകളെ സമ്മതിക്കാതെ അകറ്റിനിർത്തിയിരിക്കയാണ്. എന്നാൽ ഇവരുടെ എല്ലാ കക്ഷികളുടെയും വിശ്വാസം ഈസാ നബി (അ) വീണ്ടും വരുമെന്നാണ്. ഈസാനബി (അ) വരുകയാണെങ്കിൽ അന്ത്യപ്രവാചകൻ ഈസാനബി (അ) ആയിരിക്കുമെന്ന് മനസ്സിലാക്കാൻ ആർക്കാണ് സാധിക്കാത്തത്? ഈ വരികൾ എഴുതുമ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ യുവജനസംഘടനയായ ഖുദ്ദാമുൽ അഹ്മദിയ്യായിലെ ചില മെമ്പർമാർ അഹ്മദിയ്യാ ജമാഅത്തിന്റെ ബദ്ധശത്രുവായ ഒരു പണ്ഡിതനെ അദ്ദേഹം ജോലിചെയ്യുന്ന അരീക്കോട് അറബി കോളജിൽ കാണാൻ പോയിരുന്ന സംഭവം ഓർമ്മിക്കുകയാണ്. നിർഭാഗ്യവശാൽ അദ്ദേഹത്തെ കാണാൻ പറ്റിയില്ല. അദ്ദേഹത്തിന്റെ സഹോദരനെക്കണ്ടു. അദ്ദേഹം ഒരു അറബി പണ്ഡിതനും അതേസ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഒരു മാന്യദേഹവുമാണ്. ഈ വന്ന യുവാക്കൾ അഹ്മദിയ്യാ മുസ്ലിം വിഭാഗത്തിൽപ്പെട്ടവരാണെന്ന് അദ്ദേഹത്തിന് മനസ്സിലായി. അദ്ദേഹം ഉടനെ ഇങ്ങനെ പ്രതിവചിച്ചതായി ആ സംഘത്തിൽപ്പെട്ട ചില യുവാക്കൾ എന്നോട് പറഞ്ഞു. “ഈസാനബി (അ) വിശുദ്ധഖുർആന്റെ തെളിവുകളുടെ അടിസ്ഥാനത്തിൽ മരിച്ചിരിക്കുന്നു. 'ഖാത്തമുന്നബിയ്യീൻ' എന്ന ആയത്തിന് അന്ത്യപ്രവാചകൻ എന്ന് ഒരർത്ഥം അറബിഭാഷയിൽ ഇല്ല. ഇതൊക്കെ പണ്ഡിതന്മാരായ നമുക്ക് അറിയാവുന്ന വിഷയമാണ്.” ഇത്രയും പറഞ്ഞ് അദ്ദേഹം സ്ഥലംവിട്ടതായി അവർ എന്നോട് പറഞ്ഞു. വാസ്തവത്തിൽ മുസ്ലിം ബഹുഭൂരിപക്ഷത്തെ അഹ്മദിയ്യാ മുസ്ലിം ജമാഅത്തുമായി സമീപിക്കുന്നത് തടയാനായി അവർ കരുതിക്കൂട്ടി ഉണ്ടാക്കിയ ഒരു പുകമറയാണ് 'അന്ത്യപ്രവാചകൻ' എന്ന ആശയം. 'ഖാത്തം' എന്ന വിശേഷണം ഒരു സമൂഹനാമത്തോടു കൂടി റസൂൽതിരുമേനി (സ) തന്നെ ഉപയോഗിച്ചതായി ഹദീസ് ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. ഉദാഹരണത്തിന് ഹസ്റത്ത് അലി (റ) യെ സംബന്ധിച്ച് 'ഖാത്തമുൽ ഔലിയാ' എന്നും ഹസ്റത്ത് ഇബ്നു അബ്ബാസിനെക്കുറിച്ച് 'ഖാത്തമുൽ മുഹാജിരീൻ' എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. അലി (റ)ക്ക് ശേഷം ഔലിയാക്കന്മാരാരും ഉണ്ടായിട്ടില്ല എന്നോ ഇബ്നുഅബ്ബാസ് (റ)നു ശേഷം ആരും ഹിജ്റത്ത് ചെയ്തിട്ടില്ലെന്നോ ഈ പണ്ഡിതന്മാരിൽ ആരെങ്കിലും പറയുമോ? അപ്പോൾ അവരുടെ പക്കൽ ഏതൊരു അർത്ഥമാണോ പ്രസ്തുതഹദീസിൽ വന്ന 'ഖാത്തമുൽ ഔലിയാ' 'ഖാത്തമുൽ മുഹാജിരീൻ' എന്നീ വാക്യങ്ങൾക്ക് നൽകുന്നത് അതേ അർത്ഥമാണ് അഹ്മദി മുസ്ലിംകൾ 'ഖാത്തമുന്നബിയ്യീൻ' എന്ന വാക്കിനും നൽകുന്നത്. അപ്പോൾ ഈ കാരണത്താൽ ഇവർ മുഅ്മിനീങ്ങളും അഹ്മദികൾ കാഫിറുമാകുന്നത് എങ്ങനെ? എന്നാൽ പ്രവാചകാവതാരം അല്ലാഹു ഇച്ഛിക്കുമ്പോഴൊക്കെ ഉണ്ടാകുമെന്ന് വിശുദ്ധഖുർആന്റെ മറ്റു ആയത്തുകൾകൊണ്ടു സ്ഥാപിതമാവുകയാണെങ്കിൽ 'ഖാത്തമുന്നബിയ്യീൻ' എന്നതിന് റസൂൽ തിരുമേനി വിവക്ഷിച്ച രൂപത്തിൽ ഉള്ള അർത്ഥം നാമും നൽകേണ്ടത് അനിവാര്യമായി വരുന്നു. അങ്ങിനെയല്ലെങ്കിൽ വി. ഖുർആനിൽ പരസ്പര വൈരുദ്ധ്യമുണ്ടെന്ന് പറയേണ്ടിവരും. എന്നാൽ വലിമാരുടെ ഏറ്റവും ഉന്നതമായ മഖാമിലാണ് അലി (റ) ഉള്ളതെന്നും മുഹാജിറുകളിൽ അദ്വിതീയ സ്ഥാനമാണ് ഇബ്നുഅബ്ബാസിന്നു (റ)കരഗതമായിരിക്കുന്നത് എന്നുമാണ് റസൂൽ തിരുമേനി പ്രസ്തുത വചനങ്ങൾ കൊണ്ട് വിവക്ഷിച്ചത് എന്നു മനസ്സിലാകുന്നു. ഈ അർത്ഥത്തിൽ പ്രവാചകത്വത്തിന്റെ പരിപൂർണ്ണത പ്രാപിച്ച ആൾ, പ്രവാചകത്വത്തിന്റെ പാരമ്യം പ്രാപിച്ചആൾ, പ്രവാചകന്മാരിൽ ശ്രേഷ്ഠൻ എന്നീ അർത്ഥത്തിൽ അഹ്മദി മുസ്ലിംകൾ 'ഖാത്തമുന്നബിയ്യീൻ' എന്നതിന് അർത്ഥം വിവക്ഷിക്കുന്നു. പ്രവാചകാവതാരം നിലച്ചുപോയെന്നും റസൂൽ തിരുമേനി അന്ത്യപ്രവാചകനാണെന്നും സമർത്ഥിക്കുന്നതിന്ന് ഈ മൊല്ലമാർക്ക് കാണിക്കാനുള്ള ഒരേ ഒരു രേഖ ഈ 'ഖാത്തമുന്നബിയ്യീൻ' എന്ന വാക്യം ഉൾക്കൊള്ളുന്ന വചനമാണ്. അപ്പോൾ ഇവർ നൽകുന്ന “അന്ത്യപ്രവാചകൻ” എന്ന വിശേഷണം റസൂൽതിരുമേനി (സ) യുടെ പദവി ഉയർത്തുന്നതോ അതല്ല

ഇകഴ്ത്തു ന്നതോ എന്ന് ഇവർ പരിശോധിച്ചിട്ടുണ്ടോ? മനുഷ്യരാശി ധാർമ്മികവും ആദ്ധ്യാത്മികവുമായി അധഃപതിക്കുമ്പോൾ അവരെ ഉദ്ധരിച്ചു കൊണ്ടു ശാന്തിയും സമാധാനവും സംജാതമാക്കുന്ന അല്ലാഹുവിന്റെ അനുഗ്രഹം ഒരാളുടെ ആഗമനത്തോടുകൂടി നിർത്തലാക്കിക്കളഞ്ഞു എന്നു പറയുമ്പോൾ ഈ വന്ന ആൾ ലോകാനുഗ്രഹി ആയിത്തീരുമോ അതല്ല ഒരു ശാപമായി തീരുമോ എന്നു നെഞ്ചിൽ കൈവെച്ചുകൊണ്ടു മുസ്‌ലിം ബഹുജനങ്ങൾ ചിന്തിക്കേണ്ടതാണ്. എന്നാൽ അഹ്മദി മുസ്‌ലിംകൾ റസൂൽ തിരുമേനി (സ) തങ്ങളെപറ്റി ലോകാനുഗ്രഹി, അനുഗ്രഹദാതാവ് എന്നൊക്കെ വിശുദ്ധഖുർആൻ വിശേഷിപ്പിക്കുന്ന രൂപത്തിലാണ് വിശ്വസിക്കുന്നത്. അതുകൊണ്ടാണ് സാലിഹീങ്ങൾ തൊട്ടു പ്രവാചകന്മാർ വരെയുള്ള നാലു ആത്മീയ സ്ഥാനങ്ങൾ അല്ലാഹുവിനെയും റസൂൽ തിരുമേനിയെയും പിൻപറ്റുന്നവരിൽ ഉണ്ടാകുമെന്ന് വിശുദ്ധഖുർആൻ പ്രഖ്യാപിച്ച പ്രകാരം അഹ്മദി മുസ്‌ലിംകൾ വിശ്വസിക്കുന്നത്. അങ്ങനെ വരുമ്പോൾ മാത്രമെ റസൂൽ തിരുമേനി (സ) ലോകാനുഗ്രഹിയായിത്തീരുന്നുള്ളൂ. ഇനി ബുദ്ധിമാന്മാർ പറയട്ടെ, ഇസ്‌ലാമിന്റെ അന്തസ്സ് ആരുടെ വിശ്വാസം മുഖേനയാണ് സ്ഥാപിതമാവുന്നത് എന്ന്.

നാം ദിവസം 5 നേരവും നമസ്കാരങ്ങളിൽ റസൂൽ തിരുമേനിയുടെ (സ) പേരിൽ സലാത്തു ചൊല്ലുന്നതിന്റെ തത്ത്വജ്ഞാനത്തെക്കുറിച്ചു കഴിഞ്ഞ ലക്കത്തിൽ വിവരിച്ചു. ഇതേ നമസ്കാരങ്ങളിൽ 17 പ്രാവശ്യം ദിവസവും നാം ഫാത്തിഹാ സൂറത്ത് ഓതുന്നുണ്ട്. ഇതിൽ അല്ലാഹുവിന്റെ നാല് പ്രധാന സിഫത്തുകൾ ഉരുവിട്ടശേഷം നേരായ പാതയിൽ വഴി നടത്തേണമേ എന്നു പ്രാർത്ഥിക്കുന്നു. നേരായമാർഗ്ഗം, അതായത് നീ ആരുടെമേൽ അനുഗ്രഹം വർഷിച്ചുവോ അവരുടെ വഴിയിൽ. അപ്പോൾ നാം നീ അനുഗ്രഹിച്ചവരുടെ വഴിയിൽ വഴി നടത്തണമെന്ന് പറയുമ്പോൾ ആ വഴിയിൽ കൂടി നടന്നതിന്റെ ഫലമായി ഒരുപാട് പേർക്ക് അല്ലാഹുവിന്റെ ആത്മീയ അനുഗ്രഹം ലഭിച്ചിട്ടുണ്ട് എന്നതൊരു വസ്തുതയാണ്. അതിൽ നബിമാരുണ്ട്, സിദ്ദീഖ്മാരുണ്ട്, ശുഹദാക്കളുണ്ട്, സാലിഹീങ്ങളുണ്ട്. അപ്പോൾ ഈ ശ്രേഷ്ഠ സമുദയത്തിലും(റസൂൽ തിരുമേനിയുടെ ഉമ്മത്തിലും) അല്ലാഹുവിന്റെ അനുഗ്രഹത്തിന് പാത്രമായവർ ധാരാളം ഉണ്ടായിത്തീരട്ടെ എന്നുതന്നെയാണ് നാം പ്രാർത്ഥിക്കുന്നത്. അല്ലെങ്കിൽ ഈ പ്രാർത്ഥനയുടെ അർത്ഥമെന്താണെന്ന് മുല്ലാക്കമാർ വിശദീകരിക്കട്ടെ. നമുക്ക് പ്രാപിക്കാൻ സാധിക്കാത്ത അനുഗ്രഹങ്ങൾക്ക് വേണ്ടി നമ്മുടെ റബ്ബ് നമ്മോടു പ്രാർത്ഥിക്കാൻ പറയുക, നമ്മുടെ യജമാനരായ റസൂൽ തിരുമേനി (സ) യെ നമുക്ക് മാതൃകയായി കാണിച്ചുതരിക, എന്നിട്ട് നിങ്ങൾക്ക് ഒന്നും പ്രാപ്യമല്ല എന്നു പറയുക. ഇതെന്ത് റബ്ബ്? (നഊദുബില്ലാഹ്) ഇതെന്ത് പ്രവാചകൻ? (നഊദ് ബില്ലാഹ്) പൂർവാപര വൈരുദ്ധ്യമല്ലേ ഈ വിശ്വാസം മൂലം സംജാതമാവുക? സാമാന്യജനങ്ങൾ ചിന്തിച്ചുനോക്കട്ടെ. എന്നാൽ ഇതിന്നുത്തരവാദി അല്ലാഹുവും അവന്റെ റസൂലുമല്ല. മറിച്ച്, ഈ മൊല്ലമാരാണെന്ന തിരിച്ചറിവ് മുസ്‌ലിം സമാന്യജനങ്ങൾക്ക് ഉണ്ടാകണം. ആ പ്രാർത്ഥനയെ തുടർന്നു ചെയ്യുന്ന പ്രാർത്ഥന കൂടി ശ്രദ്ധിക്കുക. "നിന്റെ കോപത്തിനും ശാപത്തിനും പാത്രമായവരുടെ വഴിയല്ല". എന്നുവെച്ചാൽ നിന്റെ ശാപത്തിനും കോപത്തിനും പാത്രമായവരുടെ വഴിയിൽ നിന്നു നീ ഞങ്ങളെ രക്ഷിക്കണമേ എന്നാണ്. വളരെ ഗൗരവമുള്ള ഒരു പ്രാർത്ഥനയാണിത്. ഒന്ന് അനുഗ്രഹം നൽകാനും അടുത്തത് അനുഗ്രഹം ലഭിച്ചാൽ അത് നിഷേധിച്ചവരുടെ വഴിയിൽ നിന്നുള്ള മോചനത്തിനുള്ളതുമാകുന്നു. ഫാത്തിഹാ സൂറത്തിൽ തന്നെ അല്ലാഹു എല്ലാ രഹസ്യങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവാണിത്. അല്ലാഹുവിന്റെ റസൂൽ (സ) ഇതിന്റെ പൊരുൾ നമുക്ക് വ്യക്തമാക്കിതന്നിരിക്കുന്നു.

അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും പാത്രമായവർ എന്നു പറയുന്നത് യഹൂദിനസാറാക്കളാണെന്നാണ് വിശുദ്ധനബി (സ) നമുക്ക് മനസ്സിലാക്കിത്തന്നത്. എന്തുകൊണ്ടാണ് അവർ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് പാത്രമായത്? യഹൂദികൾ അവർക്കായി നിയോഗിതരായ മസീഹ് ഈസബ്നുമർയമിനെ വിശ്വസിച്ചില്ല. പകരം അദ്ദേഹത്തെയും അദ്ദേഹത്തിൽ വിശ്വസിച്ചവരെയും ബഹിഷ്ക്കരണങ്ങൾക്കും മർദ്ദനങ്ങൾക്കും വിധേയരാക്കി. അദ്ദേഹത്തെ കുരിശിൽ തറച്ച് കൊല്ലാൻ ശ്രമിച്ചു. ക്രിസ്ത്യാനികൾ അതായത് ഈസാനബി (അ)യെ വിശ്വസിച്ചവർ ക്രമേണ തൗഹീദിൽ നിന്ന് അകന്നു; ഈസാമസീഹിനെ ദൈവമായും ദൈവപുത്രനായും അവരോധിച്ചു. അതുകൊണ്ട് അവർ അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും പാത്രമായി. ത്രികാലജ്ഞനായ അല്ലാഹു മുസ്‌ലിംകളിലും ഇത്തരം ഒരു അധഃപതനം ഭാവിയിൽ ഉണ്ടാകാനിരിക്കുന്നത്കൊണ്ടാണ് ഇപ്രകാരമുള്ള ഒരു പ്രാർത്ഥന പഠിപ്പിച്ചുതന്നത്. റസൂൽതിരുമേനി (സ) തന്റെ ജനം മുഹമ്മദീ മസീഹിന്റെ ആവിർഭാവകാലത്ത് അവർ യഹൂദി നസാറാക്കളെ മുഴത്തിന് മുഴമായും ചാണിന് ചാണാ യും പിന്തുടരുമെന്നും ഒരു ജോഡി ചെരുപ്പുകൾ ഒന്നിനൊന്നു സാമ്യമായിരിക്കുന്നത്പോലെ അത്ര സാമ്യമായിരിക്കുമെന്നും പ്രവചിക്കുകയുണ്ടായി. അവരിൽ സ്വന്തം മാതാവിനെ പരിഗ്രഹിച്ചവരുണ്ടെങ്കിൽ ഈ സമുദായത്തിലും അപ്രകാരമുള്ളവരുമുണ്ടാകും എന്നുവരെ സാദൃശപ്പെടുത്തി പറയുകയുണ്ടായി. ഈ ഒരു സാദൃശ്യം മുസ്‌ലിം ഉമ്മത്തിനുണ്ടായോ എന്ന് നാമൊന്നു പരിശോധിക്കണം. യഹൂദികൾ അവർക്ക് വരുമെന്ന് പറയപ്പെട്ട മസീഹ് ദാവൂദ് നബി (അ)യുടെ സിംഹാസനം സ്ഥാപിക്കുമെന്നും ദൈവരാജ്യം സ്ഥാപിക്കുമൊന്നൊക്കെയുള്ള ധാരണയിലായിരുന്നു. മസീഹ് വരുന്നതിന് മുമ്പ് ഏലിയാ പ്രവാചകൻ (ഇല്ല്യാസ് നബി (അ)) ആകാശത്ത് നിന്ന് ഇറങ്ങി വരുമെന്നും അദ്ദേഹം വഴി ഒരുക്കിയ ശേഷമാണ് മസീഹ് വരേണ്ടതെന്നും അവർ വിശ്വസിക്കുകയും പ്രതീക്ഷിക്കുകയും അതേപോലെ മുസ്‌ലിംകളും മഹ്ദിയെ പ്രതീക്ഷിക്കുകയും ചെയ്തു. മസീഹി

ൽ അദ്ദേഹത്തിന്റെ മരണശേഷം അല്ലാഹു ഒരിക്കലും ഒരു പ്രവാചകനെ അയക്കുകയില്ലെന്നും അവർ പറഞ്ഞു. അങ്ങനെ പറഞ്ഞവർ അതിരുകവിഞ്ഞു പ്രവർത്തിക്കുന്നവരും സംശയാലുക്കളും വഴിപിഴച്ചവരുമാണെന്ന് അല്ലാഹു തീരുമാനിക്കുന്നതായും അതിൽ പറയുന്നു. യാതൊരു പ്രമാണവും കൂടാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തത്തിന്റെ കാര്യത്തിൽ കുതർക്കം ചെയ്യുന്നവരാണ് അവർ എന്നും അല്ലാഹുവിന്റെയും വിശ്വസിച്ചവരുടെ അടുക്കലും വളരെ കോപകരമായ വിശ്വാസമാണ് അതെന്നും അങ്ങനെ അഹങ്കാരികളും തന്നിഷ്ടക്കാരുമായവരുടെ ഹൃദയങ്ങളിൽ അല്ലാഹു മുദ്രവെക്കുന്നുവെന്നും അല്ലാഹു ഫത്വ ചെയ്യുന്നു (40:35,36). ഈ ഫത്വയെ അഗണ്യ കോടിയിൽ തള്ളാൻ പറ്റുമോ? ഇത് മൊല്ലാക്കയുടെയോ മൗലവിയുടെയോ ഫത്വ അല്ല. പ്രവാചകനിയോഗത്തിൽ സംശയാലുക്കളെയും പ്രവാചകനിയോഗം അവസാനിച്ചു എന്നു പറയുന്നവരെയും ഏതെല്ലാം പദങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് അല്ലാഹു ശാസിച്ചത് എന്ന് മാന്യ മുസ്‌ലിം സഹോദരങ്ങൾ ചിന്തിക്കേണ്ടതും പണ്ഡിതന്മാരെന്നു പറയുന്നവർ സൃഷ്ടിച്ച പുകമറയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കേണ്ടതുമാണ്.

പ്രവാചക നിയോഗത്തെക്കുറിച്ച് ഒരുപാട് ആയത്തുകൾ വിശുദ്ധഖുർആനിൽ കാണാൻ സാധിക്കും. അതൊക്കെ വിശകലനം ചെയ്യുമ്പോൾ ഇതൊരു വലിയ ഗ്രന്ഥമായി പരിണമിച്ചേക്കും. ചില ഖുർആനിക വചനങ്ങൾ മേൽ ഉദ്ധരിച്ചെങ്കിലും ഒരു ആയത്തു കൂടി ഞാൻ ഇവിടെ ചേർത്തുകൊണ്ട് വിഷയം ഇവിടെ അവസാനിപ്പിക്കാം. അതിനുമുമ്പ് ഒരു കാര്യം കൂടി നമ്മുടെ ശ്രദ്ധയിൽ ഉണ്ടാവേണ്ടതാണ്. പ്രവാചകന്മാരെല്ലാവർക്കും അല്ലാഹു ന്യായപ്രമാണമടങ്ങിയ വേദഗ്രന്ഥം നൽകിയിട്ടില്ല. വേദഗ്രന്ഥങ്ങളിലേക്ക് ജനങ്ങളെ വഴിനടത്താനും പ്രവാചകന്മാരെ അല്ലാഹു അയക്കുന്ന മൂസനബി (അ) തൗറാത്ത് കൊണ്ടുവന്നതിന് ശേഷം ബനൂഇസ്രായീൽകാർക്ക് നിരവധി പ്ര

അഹ്മദായി എന്നവർ ചോദിക്കുന്നു. അതാണ് ഈസാനബി (അ) ഇല്ല്യാസ് നബിക്ക് പകരം യഹ്‌യാനബിയെ ചൂണ്ടിക്കാണിച്ചത്. സാദൃശ്യാർത്ഥത്തിലാണ് പ്രസ്തുത വചനം പൂർത്തിയായത്. അതേപോലെ തിരുനബി (സ) നമുക്ക് മനസ്സിലാക്കിത്തന്നു "ഇബ്നുമറിയം നിങ്ങളിൽനിന്നു നിങ്ങളുടെ ഇമാമായി നിങ്ങളിൽ ഇറങ്ങിയാൽ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും?" (ബുഖാരി, മുസ്‌ലിം) ആകാശത്ത് നിന്നല്ല നിങ്ങളിൽ നിന്ന് തന്നെയാണ് ഇബ്നുമറിയം വരേണ്ടത് എന്നു വളരെ വ്യക്തമാക്കിയിട്ടും ബനൂഇസ്രായീലിൽ വന്നു മരിച്ചുപോയ ഒരാളെ കാത്തുനിൽക്കുന്നതിലുള്ള വൈപരീത്യം ഒന്നു ചിന്തിക്കുക. "നിങ്ങളുടെ അവസ്ഥ എന്തായിരിക്കും?" എന്ന തിരുമേനി (സ)യുടെ ചോദ്യത്തിന് മുസ്‌ലിം സാമാന്യജനങ്ങൾ ഉത്തരം കണ്ടാൽ പ്രശ്നം അവിടെ അവസാനിക്കും. കൂടാതെ, യഹൂദരിൽ ആഗതനായ ബനൂഇസ്രായീൽ മസീഹും മുഹമ്മദീ ഉമ്മത്തിൽ ആഗതരാകേണ്ട മുഹമ്മദീ മസീഹും രണ്ടു വ്യത്യസ്ഥ വ്യക്തികളാണെന്ന് റസൂൽതിരുമേനി നമുക്ക് മനസ്സിലാക്കിത്തന്നിട്ടുമുണ്ട്. യഹൂദി മസീഹിന്റെ നിറം ചുവപ്പും മുടി ചുരുണ്ടതുമാണെന്നും ദജ്ജാലിനെതിരിൽ വരുന്ന മുഹമ്മദി മസീഹിന്റെ നിറം ഗോതമ്പുനിറമാണെന്നും മുടി നീണ്ട മുടിയാണെന്നും ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

വിശുദ്ധഖുർആനിൽ പ്രവാചക നിയോഗം ഉണ്ടാകുമെന്നും പ്രസ്തുത പ്രവാചകത്വം റസൂൽ തിരുമേനിയിൽ വിശ്വസിച്ചവരിൽ (ഉമ്മത്തിൽ) മാത്രമേ സംഭവ്യമാവുകയുള്ളുവെന്ന് നിരവധി ആയത്തുകളിൽനിന്നും സൂചനകളിൽ നിന്നും മനസ്സിലാകുന്നു. പ്രവാചകാവതാരത്തെ അല്ലാഹു നിർത്തലാക്കി എന്നു പറയുന്നവർ വഴികേടിലാണെന്നും വിശുദ്ധഖുർആൻ അതിന്റെ അനുവാചകരെ ഓർമ്മപ്പെടുത്തിയിരിക്കുന്നു. യൂസുഫ് നബി (അ) ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രവാചകത്വത്തെക്കുറിച്ച് അദ്ദേഹത്തിന്റെ ജനം സംശയത്തിലായിരുന്നുവെന്നും എന്നാ

നേയും. പക്ഷേ, മഹ്ദീമസീഹായി വന്ന ഹസ്റത്ത് അഹ്മദ് മഹ്ദിയുടേയും മസീഹിന്റേയും വ്യക്തിത്വമുള്ള ഒരു വ്യക്തിയാണ് വരേണ്ടതെന്നും ആ വാഗ്ദത്ത പുരുഷൻ മഹ്ദീ മസീഹ് എന്ന അഭിധാനമുള്ള താനാണെന്നും ഹസ്റത്ത് അഹ്മദ് (അ) മുസ്‌ലിംകളെ ഉദ്ബോധിപ്പിച്ചു. അവർ അത് സ്വീകരിക്കാൻ കൂട്ടാക്കിയില്ല. അവർ ചില ഹദീസുകളുടെ വെളിച്ചത്തിൽ രണ്ടു വ്യക്തികൾ തന്നെ വരണമെന്നും ഈസാനബി (അ) ആകാശത്ത്നിന്ന് ഇറങ്ങണമെന്നും ശാഠ്യം പിടിച്ചുനിൽക്കുന്നു. 'ഇബ്നുമാജ'യിൽ വന്ന ഹദീസിൽ പറഞ്ഞ "ഈസയല്ലാതെ മഹ്ദി ഇല്ല" എന്ന ഹദീസിന്റെ വെളിച്ചത്തിൽ മസീഹും മഹ്ദിയും ഒരാളുടെ തന്നെ സ്ഥാനപ്പേരുകളാണെന്ന് മനസ്സിലാക്കാൻ അവർ കൂട്ടാക്കിയില്ല. യഹൂദികളോടു അവരുടെ മസീഹ് പറഞ്ഞു: ആകാശത്തേക്ക് ഒരു പ്രവാചകനും ജഡികമായി പോയിട്ടില്ല. അതുകൊണ്ടു തന്നെ ആകാശത്ത് നിന്ന് ഇറങ്ങിവരുകയുമില്ല. തനിക്കുമുമ്പു വരുമെന്ന് പറഞ്ഞ ഇല്യാസ് നബി വന്നുവെന്നും അദ്ദേഹമാണ് യഹ്‌യാ നബി (അ) (യോഹന്നാൻ സ്നാപകൻ)ആണെന്നും പറഞ്ഞുനോക്കി. പക്ഷേ, അതെല്ലാം അവരുടെ വിഭാവനകൾക്ക് എതിരായിരുന്നു. 'ദാവീദിന്റെ സിംഹാസനം' ആത്മീയഭരണമാ ണെന്നും അവരെ പറഞ്ഞു മനസ്സിലാക്കാൻ നോക്കി. പക്ഷേ, അവർ സ്വീകരിച്ചില്ല. ഈസാനബിയോടു ചോദിച്ചതുപോലെ മസീഹാണെങ്കിൽ 'എവിടെ ഇസ്‌ലാമിക ഭരണവും ചെങ്കോലും?' എന്ന് ഹസ്റത്ത് അഹ്മദിനോട് മുസ്‌ലിംകളും ചോദിച്ചു. ഈ സദൃശ്യങ്ങൾ നമ്മെ ഇരുത്തിചിന്തിപ്പിക്കുന്നില്ലേ? അതുകൊണ്ടാണ് ശപിക്കപ്പെട്ട യഹൂദരാൽ മുസ്‌ലിംകൾ ശിക്ഷ അനുഭവിക്കുന്നത്. ആത്മീയദൃഷ്ടിയുള്ളവർക്ക് ഇത് കാണാൻ പ്രയാസമില്ല. ആത്മീയദൃഷ്ടിയില്ലാത്തവർ പരലോകത്തും അന്ധന്മാരായിരിക്കുമെന്നാണ് അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നത് (17:73).

ഈസബ്നുമർയം എങ്ങനെ

വാചകന്മാർ പ്രസ്തുത ഗ്രന്ഥത്തിലേക്ക് ജനങ്ങളെ ക്ഷണിച്ചുകൊണ്ടു ആഗതരായിട്ടുണ്ട്. അതേപോലെ പൂർണ്ണത പ്രാപിച്ച മനുഷ്യർക്കായി അന്ത്യനാൾ വരേക്കും ന്യായപ്രമാണമായി അവതരിച്ച ഗ്രന്ഥമാണ് വിശുദ്ധഖുർആൻ. ന്യായപ്രമാണ വാഹകരായ പ്രവാചകന്മാരിൽ റസൂൽതിരുമേനി അവസാനത്തെ ആളാണ്. ന്യായപ്രമാണത്തിൽ നിന്ന് അതിന്റെ അനുയായികൾ ബഹുദൂരം അകലുമ്പോൾ അവരെ സമുദ്ധരിക്കുവാനും അവരിൽ നിലനിൽക്കുന്ന മതപരമായ തർക്കങ്ങളും അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് മുജദ്ദിദുമാരും പ്രവാചകന്മാരും വരുക എന്നുള്ളത് പ്രസ്തുത സമൂഹത്തെ അല്ലാഹു കൈവിട്ടിട്ടില്ല എന്നതിനും പ്രസ്തുത സമുദായം ജീവനുള്ള സമുദായമാണെന്നതിനും ശക്തമായ തെളിവാണ്. റസൂൽ തിരുമേനിയുടെ അവതരണത്തോടെ മറ്റു സമുദായങ്ങളിലും ഗോത്രങ്ങളിലും പ്രവാചകാവതാരമോ ദൈവിക പരിഷ്കർത്താക്കളോ വരാതായി. കാരണം അല്ലാഹു പ്രസ്തുത അനുഗ്രഹം ജീവനുള്ള സമുദായമായ ഇസ്‌ലാമിലേക്ക് പ്രത്യേകമാക്കി. അതു മുഖേന ഇസ്‌ലാം ജീവനുള്ള മതവും റസൂൽ തിരുമേനി (സ) ജീവൽ പ്രവാചകനുമായി മാറി. പ്രവാചകന്മാർ വരെയുള്ള സ്ഥാനമാനങ്ങൾ ഇസ്‌ലാമാകുന്ന വൃക്ഷത്തിന്റെ ശാഖകളാണ്. അപ്പോൾ ആ അർത്ഥത്തിലാണ് ഇസ്‌ലാമിൽ അവതരിച്ച മുജദ്ദിദ്മാരെയും മഹ്ദിമസീഹിനെയും അഹ്മദികൾ മനസ്സിലാക്കുന്നത്. ഈ കാലത്ത് വാഗ്ദത്ത മഹ്ദിമസീഹായവതരിച്ച ഹസ്റത്ത് അഹ്മദ് (അ) റസൂൽ തിരുമേനിയാകുന്ന സൂര്യനിൽ നിന്നു വെളിച്ചം ലഭിച്ച പതിനാലാം രാവിലെ ചന്ദ്രനാണ്. അദ്ദേഹത്തിന്റെ അസ്തിത്വം മുഹമ്മദ് നബി(സ) യുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഏതുപോലെയെന്നാൽ സൂര്യനില്ലാതെ ചന്ദ്രനെവിടെ? അപ്പോൾ ഇസ്‌ലാമിന്റെ ശരീഅത്തിനെ സംരക്ഷിക്കാനും ഭൗതികമായ കാര്യത്തിത്തിനു പാണ്ഡിത്യം കാണിക്കുവാനും കക്ഷികളും പ്രതികക്ഷികളുമായി അധഃപതിച്ച ഈ സമൂഹത്തെ രക്ഷിക്കാനും ഇസ്‌ലാമിനെ മുഴുലോകത്തും പ്രചരിപ്പിക്കുവാനുമാണ് മഹ്ദി മസീഹ് ആവിർഭവിച്ചത്. അപ്പോൾ ഇതെങ്ങനെ ഇസ്‌ലാമികവിരുദ്ധമാകും? വായനക്കാർ ചിന്തിക്കുക. ഹസ്റത്ത് അഹ്മദ് (അ) 'ഏക് ഗലത്തീകാ ഇസാല' എന്ന ചെറുഗ്രന്ഥത്തിൽ ഒരു സ്ഥലത്ത് ഇങ്ങനെ എഴുതിയിരിക്കുന്നു.

"നുബുവ്വത്തിന്റെ എല്ലാ വാതിലും അടക്കപ്പെട്ടുപോയിരിക്കുന്നു. എന്നാൽ ഒരു വാതിൽ മാത്രം തുറന്നിട്ടിരിക്കുന്നു- നബിതിരുമേനിയെ പിൻപറ്റി തിരുമേനിയിൽ ലയിക്കുക എന്ന വാതിൽ. ഏതൊരാൾ ആ വാതിലിൽകൂടി അല്ലാഹുവിന്റെ അടുക്കൽ ചെല്ലുന്നുവോ അദ്ദേഹത്തിന് അല്ലാഹു 'ളില്ലി'യായ നിലയിൽ അതേ നുബുവ്വത്തിന്റെ, അതായത് മുഹമ്മദിയ്യാ നുബുവ്വത്തിന്റെ വസ്ത്രം ഉടുപ്പിച്ചുകൊടുക്കുന്നു. തന്മൂലം അദ്ദേഹം നബിയാകുന്നതു അഭിമാനത്തിന് ഹാനികരമാകുന്നതല്ല. എന്തെന്നാൽ അദ്ദേഹത്തിന് നുബുവ്വത്ത് ലഭിക്കുന്നതു സ്വന്തം നിലയിലല്ല. നേരെ മറിച്ച്, നബിതിരുമേനിയുടെ ഉറവിൽ നിന്നാണ്............... എന്റെ നുബുവ്വത്തും രിസാലത്തും മുഹമ്മദും അഹ്മദുമായ നിലക്ക് ആകുന്നു. എന്റെ സ്വന്തം നിലക്ക് ഈ പദവി ലഭിച്ചതല്ല. റസൂൽ തിരുമേനിയിൽ ലയിക്കുക നിമിത്തമാണ്. അതിനാൽ ഖാത്തമുന്നബിയ്യീന്റെ ഉദ്ദേശ്യത്തിന് മാറ്റം വരുന്നില്ല.

"ഈ ഉമ്മത്തിൽ നബിതിരുമേനി (സ) യെ പിൻപറ്റിയാൽ ആയിരക്കണക്കിൽ വലിമാർ ഉണ്ടായിട്ടുണ്ട്. ഒരാൾ ഉമ്മത്തിനബിയുമായിരിക്കുന്നു. ഏതൊരു അല്ലാഹുവിന്റെ കൈയിലാണോ എന്റെ ജീവനുള്ളത് ആ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ടു ഞാൻ പറയുന്നു, അവനാണ് എന്നെ അയച്ചത് എനിക്ക് നബിയെന്ന പേർ നൽകിയതും അവനാണ്. നബിതിരുമേനിയുടെ ആദ്ധ്യാത്മികാഭിവൃദ്ധിയുടെ പരിപൂർണ്ണത തെളിയിക്കുന്നതിന് വേണ്ടിയാണ് അല്ലാഹു ഈ സ്ഥാനം എനിക്ക് നൽകിയത്. തിരുമേനിയുടെ മഹത്വത്തിന്റെ ബർക്കത്ത് കൊണ്ട് അവൻ എന്നെ നുബുവ്വത്തിന്റെ സ്ഥാനത്തേക്ക് എത്തിച്ചു". ■

*പേജ് 21ൽ നിന്ന്*

ത്തിനുള്ള ശിക്ഷയെന്നോണം ദയാനന്ദ മതത്തെ വിശ്വഹിന്ദു പരിഷത്തിന്റെ ശിൽപികൾ തള്ളിപ്പറഞ്ഞിരിക്കുന്നു.

നെഹ്റു ഇപ്രകാരം പറയുന്നു: ഹിന്ദു എന്ന ശബ്ദം നമ്മുടെ പുരാതന സാഹിത്യത്തിലെവിടെയും കാണപ്പെടുന്നില്ല. ക്രിസ്താബ്ദം എട്ടാം നൂറ്റാണ്ടിലെ ഒരു താന്ത്രിക ഗ്രന്ഥത്തിലാണ് അതു ആദ്യമായി പരാമർശിക്കപ്പെട്ടു കാണുന്നത്. അവിടെ ഹിന്ദു എന്നതും ഒരു ജനവിഭാഗം ആണ്. ഒരു പ്രത്യേക മതത്തിന്റെ അനുയായികൾ എന്നല്ല അർത്ഥം. ഈ ശബ്ദം വളരെ പുരാതനമാണെന്നതു വ്യക്തമാണ്. 'അവസ്ത'യിലും (സെന്ത് അവസ്ത) പഴയ പേർഷ്യനിലും ആ പദം കാണപ്പെടുന്നുണ്ട്. അക്കാലത്തും പിന്നീടു ഒരായിരം കൊല്ലം വരെയും പശ്ചിമേഷ്യയിലും മദ്ധ്യേഷ്യയിലും ഇന്ത്യക്ക് 'ഇൻഡസ്' നദിയ്ക്കപ്പുറം വസിക്കുന്നവർക്ക് ഈ പേര് പറയപ്പെട്ടിരുന്നു. ഇൻഡസിനുള്ള പ്രാചീനവും അർവ്വാചീനവുമായ പേരായ സിന്ധുവിൽ നിന്നാണ് ഈ ശബ്ദം ഉരുത്തിരിഞ്ഞതെന്നതു വ്യക്തമാണ്. സിന്ധുവിൽ നിന്ന് ഹിന്ദു ഹിന്ദുസ്ഥാൻ എന്നീ ശബ്ദങ്ങൾ ഉടലെടുത്തു. അതുപോലെ തന്നെ ഇൻഡസ് എന്നും ഇന്ത്യ എന്നും പേരുകൾ ഉണ്ടായി. ഏഴാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച് പ്രസിദ്ധ ചൈനീസ് തീർത്ഥാടകനായിരുന്ന ഇത്-സിംഗ് (I-tsing) തന്റെ യാത്രാ വിവരണത്തിൽ വടക്കൻ ട്രൈബുകൾ അതായത് മദ്ധ്യേഷ്യക്കാർ ഇന്ത്യയെ ഹിന്ദു (Hsintu) എന്നു വിളിച്ചിരുന്നു എന്നു പറഞ്ഞിട്ടുണ്ട്. ഇതുപക്ഷേ പൊതുവെ പറഞ്ഞുവന്ന പേരല്ല എന്നു പറയുന്നു. ഇന്ത്യക്ക് കുലീന ദേശം അഥവാ ആര്യദേശം എന്ന പേരാണ് ഏറ്റവും യോജിച്ചത് എന്നും അദ്ദേഹം തുടർന്നു പറഞ്ഞിട്ടുണ്ട്. ഒരു പ്രത്യേക മതത്തെപ്പറ്റി ഹിന്ദു എന്ന നാമം വളരെ പിൽക്കാലത്താണ് ഉപയോഗിക്കപ്പെട്ടുവന്നത്. (ഇന്ത്യയെ കണ്ടെത്തൽ പേജ് 62) ■

*പേജ് 13ൽ നിന്ന്*

ണ്. ഞങ്ങൾ അത്തരത്തിലുള്ളവരുടെ നേരെ ഞങ്ങളുടെ ജമാഅത്തിലേക്ക് കയറാനുള്ള വാതിൽ കൊട്ടിയടക്കാനാണഗ്രാഹിക്കുന്നത്. അവർ പല വിധത്തിലുള്ള രോഗങ്ങൾക്കടിമകളാണ്. അവരുടെ വിശ്വാസം ഇടക്കിടെ മാറ്റുക എന്നത് അവർക്കൊരു തമാശപോലെയാണ്. അതുകൊണ്ട് ഈ ജമാഅത്തിനകത്ത് കയറുവാൻ ആഗ്രഹിക്കുന്നവരോട് നാം ആദ്യമേതന്നെ താക്കീതായി പറയുന്നത് ഇവിടുന്ന് തിരിച്ചുപോകുന്നതിന്നുള്ള ശിക്ഷ മരണമാകുന്നു. അങ്ങനെ ഇതിൽ പ്രവേശിക്കുന്നതിനു മുമ്പെ ഒരു നൂറുപ്രാവശ്യം ചിന്തിക്കട്ടെ, ഈ ജമാഅത്തിൽ പ്രവേശിക്കണമോ വേണ്ടയോ എന്ന്. എന്നാൽ മാത്രമേ ഇനിയൊരിക്കലും തിരിച്ച് പോകുന്നതല്ല എന്ന ഉറപ്പോടെ ഇതിൽ വരാൻ അവർക്ക് സാധിക്കുകയുള്ളൂ"[5]

മൗലാനാ മൗദൂദിയുടെ മത സങ്കൽപ്പമാണ് മോക്ഷത്തിനുള്ള ഏകമാർഗ്ഗം എന്ന് അദ്ദേഹം കരുതുന്നു. അതുകൊണ്ടാണ് മൗലാന ആ അവകാശം മറ്റു മതങ്ങളുടെ അനുയായികൾക്ക് വകവെച്ചുകൊടുക്കാതിരിക്കുന്നത്. അന്യമതസ്ഥരുടെ പ്രചാരണ പ്രവർത്തനങ്ങൾ മൗദൂദിയൻ രാഷ്ട്രത്തിൽ അനുവദനീയമല്ല. മൗലാന പറയുന്നു.

"മത പരിത്യാഗത്തിന് വധശിക്ഷയാണെന്ന് തീരുമാനിക്കപ്പെട്ടുകഴിഞ്ഞതോടെ പ്രശ്നം പരിഹരിച്ചു. ഒരു മുസ്ലിമിനെയും അന്യമതം സ്വീകരിക്കാൻ നാം അനുവദിക്കുന്നില്ല എന്നു വരുമ്പോൾ നമ്മുടെ അധികാര പരിധിയിൽ അന്യ മതസ്ഥർക്ക് പ്രചാരണം നടത്തുക എന്ന പ്രശ്നം തന്നെ ഉത്ഭവിക്കുന്നില്ല. നാം ഒരിക്കലും അത് സഹിക്കുകയില്ല."[6]

പക്ഷേ, ഒരു കാഫിറിന് മറ്റു കാഫിറുകൾക്കിടയിൽ മതപ്രചാരണം നടത്തുവാൻ അനുവാദമുണ്ടോ? ഉദാഹരണത്തിന് ഒരു ക്രിസ്ത്യാനിക്ക് ജൂതന്മാരുടെ ഇടയിലോ ഹിന്ദുക്കളുടെ ഇടയിലോ പ്രചാരണം നടത്തുവാൻ സാധിക്കുമോ? ബിംബങ്ങളെ ആരാധിക്കാത്തവരും ഏകദൈവത്തെ ആരാധിക്കുന്നവരുമായ ആര്യ സമാജികൾക്ക് സർവ്വേശ്വര വാദികളായ സനാതന ധർമ്മികൾക്കിടയിൽ പ്രചാരണം നടത്താൻ സാധിക്കുമോ? മൗലാന പറയുന്നു.

"അത്തരം വ്യാജ മതങ്ങൾ ലോകത്ത് പ്രചരിപ്പിക്കാൻ ഇസ്ലാം ഒരിക്കലും അനുവദിക്കുന്നില്ല. വ്യാജമതങ്ങളുടെ പ്രബോധകർക്ക് അത് ലോകത്ത് പ്രചരിപ്പിക്കാനും മറ്റുള്ളവരെ അഗ്നിയിലേക്ക് ആകർഷിക്കാനും അനുമതി കൊടുക്കാമോ? അവർ സ്വയം തന്നെ അഗ്നിയിലേക്ക് പാഞ്ഞടുക്കുകയാണ്."[7]

ക്രിസ്ത്യാനികളും ജൂതന്മാരും ഗ്രന്ഥാനുസാരികളാണെന്നാണ് (അഹ്ലുൽ കിതാബ്)മൗദൂദി വിശ്വസിക്കുന്നത്. വിഗ്രഹാരാധകരോ, ബഹു ദൈവാരാധകരോ മൂസ്സാ (അ) യുടെയും ഈസാ (അ)യുടെയും ഏക ദൈവാരാധനയിലേക്ക് പരിവർത്തനം ചെയ്യുകയാണെങ്കിൽ അവർക്ക് ഇസ്ലാമുമായി അത്രയധികം അടുക്കാൻ കഴിയുന്നു. പക്ഷേ അവർ തടയപ്പെടുകയാണ്.

ചുരുക്കത്തിൽ ഒരു ജന്മനാ കാഫിർ അവൻ മുസ്ലിമാകുന്നില്ലെങ്കിൽ അവനെ കൊല്ലേണ്ട എന്ന കാര്യം മൗലാന സമ്മതിക്കുന്നു. പക്ഷേ, ഇങ്ങനെയാണെങ്കിൽ മതമുപേക്ഷിച്ച പുതിയ കാഫിനെ മാത്രം എന്തു കൊണ്ടു കൊല്ലുന്നു? പുതിയ കാഫിർ ശിക്ഷാർഹനാണെങ്കിൽ എന്തുകൊണ്ട് ഏറ്റവും വലിയ ശിക്ഷയായ വധശിക്ഷ മാത്രം കൊടുക്കുന്നു? അയാളെ എന്തുകൊണ്ട് നാടുകടത്തുകയോ ജീവപര്യന്തം തടവ് ശിക്ഷ നൽകുകയോ ചെയ്തുകൂടാ? അങ്ങനെയാണെങ്കിലും മുസ്ലിം സൊസൈറ്റിയിൽ പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയില്ലല്ലോ? ഇവിടെ സെന്റ് അഗസ്റ്റിന്റെ ന്യായയുക്തിയെ സത്യപ്പെടുത്തിക്കൊണ്ട് മതപരിത്യാഗിയെ സ്വന്തം താൽപര്യത്തിന് വേണ്ടി വധിക്കുന്നു എന്ന് മൗദൂദി വിശദീകരിക്കുന്നു. അദ്ദേഹം പറയുന്നു.

"ഇതിനുള്ള പ്രതിവിധി രണ്ടു വിധമാണ്. ഒന്നുകിൽ അയാളെ സ്റ്റേറ്റിൽ എല്ലാവിധ പൗരാവകാശങ്ങളും ത്യജിക്കപ്പെട്ട നിലയിൽ ജീവിക്കാനനുവദിക്കുക. അല്ലെങ്കിൽ അയാളുടെ ജീവിതം അവസാനിപ്പിക്കുക. ആദ്യത്തെ രീതി രണ്ടാമത്തെ രീതിയേക്കാൾ കഠിനതരമായ ശിക്ഷയായിരിക്കും. കാരണം അതിന്റെ അർത്ഥം *'ലായമൂത്തു ഫീഹാ വലായഹ്യാ'* എന്ന അവസ്ഥയിൽ, അതായത് ജീവച്ഛവം പോലെ ആവുക എന്നാണ്. അതുകൊണ്ട് ശ്രേഷ്ഠമായ കാര്യം അയാൾക്ക് മരണശിക്ഷ നൽകിക്കൊണ്ട് അദ്ദേഹത്തിനും സൊസൈറ്റിക്കുമുള്ള എല്ലാ ആപത്തുകളും തൽക്ഷണം അവസാനിപ്പിക്കുകയാണ്."[8]

മൗലാന മതമുപേക്ഷിക്കുന്നവനെ കൊല്ലാൻ കൊണ്ടുപോകുന്നത് സെന്റ് അഗസ്റ്റിൻ പറയുന്നത് പോലെ സ്നേഹത്തിന്റെ പ്രചോദനത്തിലുള്ള (Spirit of Love) പീഡനമായിട്ടല്ല. ഏതായാലും മരണത്തിന് ശേഷം ഒരു ജീവിതമുണ്ടല്ലോ. മതപരിത്യാഗിയെ കൊല്ലുന്നതിലൂടെ മൗലാന അയാളെ നേരിട്ട് നരകാഗ്നിയിലേക്ക് തള്ളിയിടുകയാണ് ചെയ്യുന്നത്. സമൂഹത്തിൽ നിന്ന് ബഹിഷ്കൃതനാക്കുകയാണെങ്കിൽ മതപരിത്യാഗി താൽക്കാലികമായ പീഡനമേ സഹിക്കേണ്ടിവരുന്നുള്ളൂ; അയാൾക്ക് പശ്ചാത്തപിച്ചു മടങ്ങാനും അവസരമുണ്ട്. എന്നാൽ ഇവിടെ മതപരിത്യാഗിക്ക് പാശ്ചാത്തപിച്ചുമടങ്ങാനും അതുവഴി ആത്മീയ മോചനത്തിനുമുള്ള എല്ലാ അവസരങ്ങളും മൗലാന എടുത്തുകളയുന്നു. ഒരു കാഫിറിന് ജീവിതത്തിലേതെങ്കിലുമൊരവസരത്തിൽ നന്നായിത്തീരാനുള്ള അവസരമുണ്ട്. എന്നാൽ മതപരിത്യാഗിക്ക് ഒരിക്കലും ഇസ്ലാമിലേക്ക് മടങ്ങിവരാനോ ദൈവത്തിന്റെ ഏറ്റവും വലിയ പൊറുത്തുകൊടുക്കുന്നവർ (അൽഗഫ്ഫാർ) പശ്ചാത്താപം സ്വീകരിക്കുന്നവൻ (അത്തവ്വാബ്) എന്നീ ഗുണങ്ങളുടെ ആനുകൂല്യം അനുഭവിക്കാനോ സാധിക്കുന്നില്ല.

മൗലാനയുടെ അസംബന്ധജഡിലമായ താർക്കിക യുക്തി സംഗ്രഹിച്ചുകൊണ്ട് ഒരാൾക്ക് ഇങ്ങനെ ചോദിക്കാം. 'വളരെ ലാഘവ ബുദ്ധിയോടെ വിശ്വാസം മാറി നമ്മുടെ സൊസൈറ്റിയിലേക്ക് വരുന്നവരെ നിരുത്സാഹപ്പെടുത്തലാണ് വധശിക്ഷ നൽകുന്നത് കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് താങ്കൾ പറയുന്നു. എന്നാൽ മുസ്ലിം ഗൃഹങ്ങളിലെ തന്നെ വിശ്വാസത്തിൽ സംശയാലുക്കളായി പിറക്കുന്നവരെ തടഞ്ഞു നിർത്താൻ എന്ത് പദ്ധതിയാണ് നിങ്ങൾക്കുള്ളത്?'

*(Murder in the name of Allah)*

---

1. *മുർത്തദ് കി സസാ ഇസ്ലാമി ഖാനൂൻ മേം (1950) പേ. 80*
2. *Ibid- P. 723*
3. *അൽ ബുഖാരി, കിതാബുൽ ജനായിസ്*
4. *Dictionary of the History of Ideas (Newyork) Vol. IV-P. 116*
5. *മുർത്തദ് കി സസാ ഇസ്ലാമി ഖാനൂൻ മേം. പേ. 51*
6. *Ibid- P. 32*
7. *Ibid- P. 35*
8. *Ibid- P. 40*

## റൂഹാനീ ഖസായിൻ വാല്യം 20 (1)

# ആത്മീയഭണ്ഡാരം

മുഹമ്മദ് ഉമർ എച്ച്. ഏ.

## തദ്കിറത്തുശ്ശഹാദതൈൻ, സീറത്തുൽഅബ്ദാൽ, ലാഹോർ പ്രഭാഷണം, സിയാൽക്കോട്ടു പ്രഭാഷണം, ലുധിയാനാ പ്രഭാഷണം, അൽവസിയ്യത്ത്, ചശ്മയെ മസീഹ്, തജല്ലിയാത്തെ ഇലാഹിയ്യ, ഖാദിയാൻകെ ആര്യ ഔർ ഹം.

ഹസ്റത്ത് വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥസമുച്ചയമായ റൂഹാനി ഖസായിന്റെ ഇരുപതാം വാല്യം മേലെ എഴുതിയ എട്ടു ഗ്രന്ഥങ്ങൾ അടങ്ങിയതാണ്. അവയെക്കുറിച്ചുള്ള ചെറിയൊരു വിവരണം ചുവടെ ചേർക്കുന്നു.

### തദ്കിറത്തുശ്ശഹാദതൈൻ

ഉർദുവിലും അറബിയിലുമായി രണ്ടു ഭാഗങ്ങളുള്ള ഈ ഗ്രന്ഥം 1903ലാണ് ഹസ്റത്ത് അഹ്മദ് (അ) രചിച്ചത്. ഈ ഗ്രന്ഥത്തിന്റെ അടിസ്ഥാന വിഷയം, ഹസ്റത്ത് വാഗ്ദത്ത മസീഹി(അ)നെ വിശ്വസിച്ച കാരണത്താൽ രക്തസാക്ഷികളാക്കപ്പെട്ട ഹസ്റത്ത് മിയാൻ അബ്ദുർറഹ്മാൻ സാഹിബ് (റ), ഹസ്റത്ത് സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബ് (റ) എന്നിവരുമായി ബന്ധപ്പെട്ട കാര്യങ്ങളടങ്ങിയതാണ്. ഈ സംഭവത്തിന്നെത്രയോ വർഷങ്ങൾക്കുമുമ്പ് ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിൽ രേഖപ്പെട്ടുകിടക്കുന്ന *'ശാത്താനി തുദ്ബഹാനി കുല്ലുമൻ അലൈഹാ ഫാൻ'*-രണ്ട് ആടുകൾ ബലിയിടപ്പെടും. അതിന്ന് ശേഷം ആ പ്രദേശത്ത് വലിയ നാശമുണ്ടാകും എന്ന ദിവ്യവെളിപാടിന്റെ പൂർത്തീകരണമാണീ സംഭവങ്ങൾ.

ഈ ഗ്രന്ഥത്തിൽ ഹസ്റത്ത് അഹ്മദ് (അ) തന്റെ സത്യതക്ക് നിദാനമായ ധാരാളം സാക്ഷ്യങ്ങൾ വിവരിക്കുകയുണ്ടായി. അവയിലൊന്ന് ഹസ്റത്ത് റസൂൽ കരീം (സ) തന്റെ സത്യത്തിന്നു സാക്ഷ്യമെന്നോണം തന്റെ വാദത്തിന്നുമുമ്പുള്ള പവിത്ര ജീവിതത്തെ ജനങ്ങളുടെ മുമ്പാകെ പ്രദർശിപ്പിച്ചതാണ്. അതേപ്രകാരം ഹസ്റത്ത് അഹ്മദ് (അ) തന്റെ വാദത്തിന്നുമുമ്പുള്ള ജീവിതത്തിൽ ഒരു ന്യൂനതയും അപാകതയും ആർക്കും തന്നെ കാണിക്കുവാൻ സാധിക്കുന്നതല്ലെന്നു വാദിച്ചു.

അദ്ദേഹം ഈ ഗ്രന്ഥത്തിൽ പറയുന്നു:

"എന്റെ വാദത്തിന്നുമുമ്പുള്ള ജീവിതത്തിൽ ആർക്കുംതന്നെ ഒരുവിധത്തിലുള്ള പോരായ്മയോ കറ്റുകെട്ടോ വ്യാജമോ വഞ്ചനയോ തെളിയിക്കുവാൻ സാധിക്കുന്നതല്ല. അങ്ങനെയായിരുന്നില്ലെങ്കിൽ പണ്ടുപണ്ടേ നുണയും കറ്റുകെട്ടും പറഞ്ഞു ശീലമുള്ള ഒരാൾ ഇതും കളവായി വാദിച്ചതായിരിക്കാം എന്ന് കരുതാമായിരുന്നു. എന്റെ ജീവിതത്തിൽ ആർക്കെങ്കിലും വിമർശനഹേതുവായ ഏതെങ്കിലും ഒരു കാര്യം ചൂണ്ടിക്കാണിക്കുവാൻ സാധിക്കുമോ? ആരംഭം തൊട്ടു തന്നെ എന്നെ തഖ്വയിൽ നിലനിർത്തിയിരിക്കുന്നത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ്. ചിന്തിക്കുന്നവർക്ക് ഇതുതന്നെ ഒരു തെളിവാണ്."

ഹസ്റത്ത് അഹ്മദ് (അ) ഈ ഗ്രന്ഥത്തിൽ തനിക്കും ഹ: ഈസാനബി(അ)ക്കുമിടയിലുള്ള പതിനാറു സാദൃശ്യങ്ങൾ വിവരിച്ചതിന്നുശേഷം എഴുതുന്നു:

"എനിക്കും മസീഹിനുമിടയിലുള്ള ഈ പതിനാറു സാദൃശ്യങ്ങൾ മനുഷ്യനിർമ്മിതവും കൃത്രിമവും ആയതാണെങ്കിൽ എനിക്കും അദ്ദേഹത്തിനുമിടയിൽ ഇത്രകണ്ടു സാദൃശ്യങ്ങളും താരതമ്യതകളും കൈവരുത്തുവാൻ സാധിക്കുമായിരുന്നില്ല. സത്യാത്മാക്കളെ വ്യാജപ്പെടുത്തുക എന്നത് ആദികാലം തൊട്ടുതന്നെ ഭാഗ്യദോഷികളായ ജനങ്ങളുടെ ചര്യയാണ്. എന്നാൽ ഈ കാലത്തെ മൗലവിമാരുടെ വ്യാജാരോപണം വിസ്മയകരമായതാണ്. ഞാൻ തക്കസമയത്ത് തന്നെ ആഗതനായ വ്യക്തിയാണ്. എന്റെ സത്യത്തിനു സാക്ഷ്യമായി വിശുദ്ധ ഖുർആന്റെയും ഹദീസുകളുടെയും ഇഞ്ചീലിന്റെയും ഇതര പ്രവാചകന്മാരുടെയും മുന്നറിയിപ്പുകളും സുവിശേഷങ്ങളും അനുസരിച്ച് ചന്ദ്രന്നും സൂര്യന്നും ഗ്രഹണങ്ങളുണ്ടായി. എന്റെ സത്യത്തിനു സാക്ഷ്യമായിട്ടുതന്നെയാണ് എല്ലാ പ്രവാചകന്മാരുടെയും വിശുദ്ധ ഖുർആന്റെയും പ്രവചനങ്ങളനുസരിച്ച് നാശകാരിയായ പ്ലേഗുരോഗം വ്യാപിച്ചത്. എന്റെ കാലത്ത് തന്നെയാണ് ഹദീസിൽവന്ന വാർത്തയനുസരിച്ച് ഹജ്ജ് വിരോധിക്കപ്പെട്ടത്. മസീഹിബ്നു മർയമിന്റെ കാലത്തുദിച്ചത്പോലുള്ള വെള്ളിനക്ഷത്രം എന്റെ കാലത്തും പ്രത്യക്ഷമായി. എന്റെ കാലത്ത് തന്നെയാണ് ഖുർആന്റെയും ഹദീസിന്റെയും പ്രവചനമനുസരിച്ച് ഒട്ടകം ഉപേക്ഷിക്കപ്പെട്ടതും. ഇതുപോലുള്ള ധാരാളം ദൃഷ്ടാന്തങ്ങൾ എന്റെ സത്യസാക്ഷ്യമെന്നോണം

പ്രത്യക്ഷപ്പെടുകയുണ്ടായി"(35, 36). ഹസ്റത്ത് ഈസാനബിയുടെ ആകാശത്തു നിന്നുള്ളആഗമനത്തെ പ്രതീക്ഷിച്ചിരിക്കുന്നവരുടെ പര്യവസാനത്തെക്കുറിച്ച് അദ്ദേഹം തന്റെ ഈ ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു:

"വാഗ്ദത്ത മസീഹിന്റെ ആകാശത്തുനിന്നുള്ള ആരോഹണം വെറും മിഥ്യയായ വ്യാമോഹം മാത്രമാണ്. ആകാശത്തിൽനിന്ന് ആരുംതന്നെ ഇറങ്ങിവരുന്നതല്ലെന്ന് നന്നായി ധരിച്ച് കൊള്ളുവിൻ. ഇന്നു ജീവിച്ചിരിക്കുന്ന എന്റെ എതിരാളികളെല്ലാം മരിച്ചൊടുങ്ങും. എന്നാലവർക്ക് ഈസബ്നു മർയം ഇറങ്ങിവരുന്നതായി കാണാൻ സാധിക്കുന്നതല്ല അതിനുശേഷം അവരുടെ സന്താനങ്ങളും മർയമിന്റെ പുത്രൻ (അ) ഇറങ്ങുന്നതായിക്കാണാതെ മരിച്ചുപോകുന്നതാണ്. പിന്നെ ആ സന്തതികളും സന്തതികളുടെ സന്താനങ്ങളും ഈസാനബിയെ കാണാതെ നിരാശരായി മരണമടയുന്നതാണ്. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഉളവാക്കും. കാരണം അന്നു കുരിശിന്റെ മേധാവിത്വകാലം കഴിഞ്ഞുപോവുകയും ലോകം ഒരു നവീനഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. എന്നാലും മർയമിന്റെ പുത്രൻ ഈസാ അതുവരെയും ഇറങ്ങിവന്നിരിക്കുകയില്ല. തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസത്തെ പാടെ വെറുത്തുതുടങ്ങും.

"അങ്ങ ഇന്നുമുതൽ മൂന്നു നൂറ്റാണ്ടുകൾ പൂർണ്ണമാകുന്നതിന്നുമുമ്പായി ഈസായെ കാണാതിരിക്കുന്നവർ, അവർ മുസ്ലിംകളോ, ക്രിസ്ത്യാനികളോ ആവട്ടെ, അദ്ദേഹത്തിന്റെ വരവിനെക്കുറിച്ചു നിരാശപ്പെടുകയും തീരെ അസ്വസ്ഥചിത്തരായി മനംമടുത്ത് ഈ വിശ്വാസത്തെ പരിത്യജിക്കുകയും ചെയ്യുന്നതാണ്" (പേജ് 67).

പ്രസ്തുത ഗ്രന്ഥത്തിന്റെ അറബിഭാഗത്ത്, അദ്ദേഹം ഈ കാലഘട്ടം ഇസ്ലാംമത പ്രചാരണത്തിന്ന് വാളിന്റെയല്ല പ്രാർത്ഥനയുടെ ആത്മായുധമാണാവശ്യമെന്ന് സമർത്ഥിക്കുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ ആയുധങ്ങൾ പ്രാർത്ഥനയും ദിവ്യദൃഷ്ടാന്തങ്ങളും തെളിവുകളും ആയിരിക്കുമെന്ന് പൂർവ്വിക പ്രവാചകന്മാർ പ്രവചിച്ചിരുന്നു. ശൈത്താനുമായുള്ള ഈ അന്തിമപോർ വാൾകൊണ്ടല്ല തൂലികകൊണ്ടായിരിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. പ്രസ്തുത ഗ്രന്ഥത്തിൽ തന്റെ വാഗ്ദത്ത മസീഹെന്നും നബിയെന്നും ഉള്ള വാദത്തിലേക്ക് ധാരാളം തെളിവുകൾ ഉന്നയിക്കുകയും മൂസവീ പ്രസ്ഥാനത്തിന്റെ അവസാനഘട്ടത്തിൽ മസീഹായവതീർണ്ണനായ ഹ: ഈസാ (അ) ഒരു നബിയായിരുന്നത് പോലെ മുഹമ്മദീ പ്രസ്ഥാനത്തിന്റെ അവസാനം വന്ന മസീഹും നബിയായിരിക്കുമെന്നദ്ദേഹം തെളിവുകൾ സഹിതം സ്ഥാപിക്കുകയുണ്ടായി.

തദനന്തരം ഗ്രന്ഥകർത്താവ് ദിവ്യവെളിപാടുകളുടെ യാഥാർത്ഥ്യത്തെയും അതു ലഭിക്കുന്നതിന്നുള്ള മാർഗ്ഗങ്ങളെയും കുറിച്ചു വിശദീകരിക്കുകയുണ്ടായി.

## സീറത്തുൽ അബ്ദാൽ

അറബിഭാഷയിൽ എഴുതപ്പെട്ട സാഹിത്യ സമ്പുഷ്ടവും ചമൽക്കാരപൂരിതവുമായ ഈ ഗ്രന്ഥത്തിൽ, ദൈവനിയുക്തരായവതരിക്കുന്ന മതപരിഷ്കർത്താക്കളുടെ എല്ലാ വിശിഷ്ട ഗുണങ്ങളെയും അവർക്ക് ദൈവദത്തമായുണ്ടാകുന്ന ദിവ്യാനുഗ്രഹങ്ങളെയും കുറിച്ച് വിവരിച്ചിരിക്കുകയാണ്.

## ലാഹോർ പ്രഭാഷണം

1904 സപ്തംബർ 3-ാം തിയ്യതി ലാഹോറിൽ ഒരു വമ്പിച്ച ജനസമൂഹത്തിൽ പാരായണം ചെയ്യപ്പെട്ട ഹസ്റത്ത് അഹ്മദി(അ)ന്റെ ഒരു പ്രഭാഷണമാണിത്. ഈ പ്രഭാഷണത്തിൽ അദ്ദേഹം ഇസ്ലാം, ഹിന്ദു, ക്രിസ്തീയമതാദ്ധ്യാപനങ്ങളെ താരതമ്യപഠനം നടത്തി ഇസ്ലാമിന്റെ മഹത്വത്തെയും അതിന്റെ ശ്രേഷ്ഠതയെയും അവിതർക്കിതമായ രീതിയിൽ സ്ഥാപിച്ചിരിക്കുന്നു. ഇന്നു കാണപ്പെടുന്ന പാപകർമ്മങ്ങളുടെ ആധിക്യത്തിന്നുള്ള കാരണം, ദൈവികജ്ഞാനമില്ലായ്മയാണെന്നും ഇതിന്നുള്ള പ്രതിവിധി ക്രിസ്ത്യാനികളുടെ പാപപരിഹാരസിദ്ധാന്തത്തിലോ വേദങ്ങളിലെ അദ്ധ്യാപനങ്ങളിലോ കാണപ്പെടുന്നില്ല എന്നും യഥാർത്ഥവും പരിപൂർണ്ണവും ഉദാത്തവുമായ ദിവ്യജ്ഞാനം ഇസ്ലാമിൽ കാണപ്പെടുന്ന ദിവ്യഭാഷണം മുഖേന മാത്രമേ കരഗതമാവുകയുള്ളുവെന്നും അദ്ദേഹം കാര്യകാരണസഹിതം സമർത്ഥിക്കുകയുണ്ടായി.

ഓരോ മതത്തിന്നും വിശ്വാസാദർശങ്ങൾ, കർമ്മാനുഷ്ഠാനങ്ങൾ എന്നീ രണ്ടു ഭാഗങ്ങളാണുള്ളത്. വിശ്വാസാദർശങ്ങളെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായ വിശ്വാസം ദൈവത്തിന്റെ സത്തയെയും അവന്റെ ദിവ്യഗുണങ്ങളെയും സംബന്ധിച്ചുള്ളതാണ്. ഗ്രന്ഥകർത്താവ് വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ അടിസ്ഥാനപരമായ ഈ വിശ്വാസത്തെ വിശദീകരിച്ചതിനു ശേഷം ക്രിസ്തുമതത്തിലുള്ള ത്രിയേകത്വ സിദ്ധാന്തത്തെയും വേദങ്ങളിലെ ആത്മാവ്, പരമാണു എന്നിവ ദൈവത്തെപ്പോലെ സൃഷ്ടികളല്ലെന്ന വിശ്വാസത്തെയും ഖണ്ഡിച്ച് കാണിച്ചു.

കർമ്മങ്ങളെ സംബന്ധിച്ചിടത്തോളം നീതി, ഔദാര്യം, ബന്ധുക്കളോടുള്ള പെരുമാറ്റം എന്നീ മൂന്നവസ്ഥകളെക്കുറിച്ച് വിവരിക്കുകയും ക്രൈസ്തവമതത്തിലുള്ള പാപപരിഹാരസിദ്ധാന്തത്തിന്റെയും ആര്യസമാജക്കാരുടെ പുനർജ്ജന്മസിദ്ധാന്തത്തിന്റെയും പൊള്ളത്തരങ്ങൾ വിവരിക്കുകയും ചെയ്തു.

പ്രസ്തുത ഗ്രന്ഥം മലയാളഭാഷയിൽ ഈ വിനീതൻ ഭാഷാന്തരം ചെയ്തിട്ടുണ്ട്.

## സിയാൽക്കോട്ടു പ്രഭാഷണം

ഈ ഗ്രന്ഥവും 1904 നവംബർ 2 നു സിയാൽക്കോട്ട് എന്ന സ്ഥലത്ത് ഹിന്ദുക്കളും മുസ്ലിംകളും നിറഞ്ഞ സദസ്സിൽ വായിക്കപ്പെട്ട ഉപന്യാസമാണ്.

ഈ പ്രഭാഷണത്തിലും ഇസ്ലാമികാദ്ധ്യാപനങ്ങളുടെ ശ്രേഷ്ഠതയെ ഇതരമതങ്ങളുമായി താരതമ്യപ്പെടുത്തി

*ശേഷം പേജ് 33ൽ*

കഴിഞ്ഞലക്കം തുടർച്ച

# ഞാൻ എങ്ങനെ അഹ്മദിയായി

മൗലാനാ മുഹമ്മദ് അബുൽ വഫാ

## മൗലാനാ സാഹിബ് 1947ൽ സത്യദൂതനിലെഴുതിയ തുടർലേഖനത്തിന്റെ അവസാനഭാഗം

വരേത മഹാത്മാക്കളായ 'വലി'മാരെയും 'ശൈഖ്'മാരേ യും വിളിച്ച് അവരോടു സഹായാർത്ഥന ചെയ്യുന്നത് 'ജാഹിലിയ്യത്തി'ന്റെ കാലത്തെ ശിർക്കുകളിൽ പ്രധാനമായതാണെന്നു കൊട്ടിഘോഷിച്ചിരുന്നവർതന്നെ അത്തരം ശിർക്കു ചെയ്യപ്പെടുന്ന സദസ്സുകളിൽ സസന്തോഷം പങ്കെടുത്തുപോന്നുവെന്നുള്ളത് ഞാൻ സസൂക്ഷ്മം കണ്ടറിഞ്ഞിട്ടുള്ളതാണ്. ബിദ് അത്തുകളെ (അനാചാരങ്ങളെ) ഉച്ചാടനം ചെയ്യാൻ കച്ച കെട്ടിപ്പുറപ്പെട്ടവർതന്നെ മൗലീദാദി അടിയന്തരങ്ങൾക്കു നേതൃത്വം വഹിച്ചതും ഞാൻ കണ്ടിട്ടുണ്ട്. ജാഹിലിയ്യത്തിന്റെ കാലത്തു ഏതെല്ലാം ശിർക്കുകൾ നടപ്പുണ്ടായിരുന്നുവോ അതുകളെല്ലാം ഇക്കാലത്തെ യാഥാസ്ഥിതികരായ മുസ്ലിയാന്മാരിലും അവരെ പിൻപറ്റിയ ജനങ്ങളിലും കാണുന്നുണ്ടെന്നു മുക്തകണ്ഠം ഉദ്ഘോഷിക്കുന്ന ഉൽപതിഷ്ണു മൗലവിമാർ നമസ്കാരത്തിൽ അതേ യാഥാസ്ഥിതിക മുസ്ലിയാന്മാരെതന്നെ തുടരുന്നു എന്നുള്ളത് പരസ്യമായ ഒരു വസ്തുതയാണ്. വഹ്ഹാബികളുടെ ഈ വിഷയകമായ വൈപരീത്യനയത്തിൽ അതൃപ്തനായിത്തീർന്ന ഞാൻ എന്റെ മനോവ്യഥയെക്കുറിച്ചു ഉറ്റമിത്രങ്ങളെ അനുസ്മരിപ്പിക്കാറുണ്ടായിരുന്നു.

"എന്റെ ജനം എഴുപത്തിമൂന്നു കക്ഷികളായ് പിരിയും; അവരിൽ ഒന്നൊഴികെ മറ്റെല്ലാ കക്ഷികളും നരകാവകാശികളായിരിക്കും" എന്നും സ്വർഗ്ഗാവകാശികളായ ഒരേ കക്ഷി "ഞാനും എന്റെ സഹചരരും ഉള്ള നിലയിൽ സ്ഥിതിചെയ്യുന്നവരാണ്" എന്നും "ആ ഒരു കക്ഷി ജമാഅത്തായിട്ടിരിക്കുന്നതാണ്" എന്നുമുള്ള നബിവചനത്തെക്കുറിച്ചു ഞാൻ പലപ്പോഴും ചിന്തിക്കുകയും മോക്ഷപ്രാപ്തിക്കർഹമായ ആ ഏകകക്ഷി ഏതായിരിക്കുമെന്നു ആലോചിച്ചുനോക്കുകയും ചെയ്കയുണ്ടായിട്ടുണ്ട്. എന്നാൽ ഞാൻ ആശാപൂർവ്വം തേടിനടന്നിരുന്ന ആ കക്ഷി-മുഹമ്മദുമുസ്തഫാ (സ) തിരുമേനിയേയും സഹചരസംഘത്തേയും ശരിയായ നിലയിൽ പിൻപറ്റിനടക്കുന്ന ഒരു സ്വർഗ്ഗീയജമാഅത്ത്,വാഗ്ദത്തം ചെയ്യപ്പെട്ട മഹ്ദിയും മസീഹുമായ ഹസ്റത്ത് അഹ്മദുൽ ഖാദിയാനി (അ)യാൽ സംസ്ഥാപിതമായ അഹ്മദിയ്യാ ജമാഅത്ത്-ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രചരിക്കുകയും അതു ലോകത്തെ സൽപന്ഥാവിലേക്കു ക്ഷണിക്കുകയും ചെയ്തുകൊണ്ടിരുന്നിട്ടും അത് എന്റെ ചിന്തയ്ക്കു വിഷയീഭവിക്കാതിരുന്നത് ഞാൻ സ്വാർത്ഥലോലുപരായ ചില പണ്ഡിതന്മാരുടെ കുപ്രചാരവേലയാൽ വഞ്ചിതനായിപ്പോകയാലാണെന്നു പറയാതെ കഴിയുകയില്ല. ദൈവനിയുക്തനായ മഹാത്മാവിനാൽ അഭിഷിക്തമായ ജമാഅത്തിന്റെ നേർക്കു മതപണ്ഡിതന്മാർ ക്ഷുഭിതരായി അവരുടെ പേരിൽ വ്യാജപ്രസ്താവങ്ങൾ പരത്തുകയും മതഭ്രഷ്ട് വിധിക്കുകയും ചെയ്യുന്ന സമ്പ്രദായം ഇന്നും ഇന്നലേയും തുടങ്ങിയതല്ല, പുരാതനകാലം മുതൽക്കെ നടന്നുവന്നതാണ് എന്നു മുൻപ്രസ്താവിച്ചുവല്ലോ. അപ്രകാരം തന്നെ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹിന്റെ ശത്രുക്കളും അക്കാലത്തെ ആലിംകൾ (മതപണ്ഡിതർ) ആയിരിക്കുമെന്നും അവർ തങ്ങളുടെ സ്ഥാനമാനങ്ങൾക്കും നേതൃത്വത്തിന്നും ക്ഷതിപറ്റുമെന്ന ആശങ്കയാൽ ആ മഹാത്മാവിന്റെ പേരിൽ കുഫ്റ് ഫത്വ പുറപ്പെടുവിക്കുമെന്നും പൂർവ്വകാലത്തെ മഹാന്മാരായ പണ്ഡിതന്മാർ മുൻകൂട്ടി പറഞ്ഞിട്ടുമുണ്ട്.

അഹ്മദികളെ സംബന്ധിച്ചു മുമ്പു പറഞ്ഞുകേട്ടത് അവർ പരിശുദ്ധ റസൂൽതിരുമേനിയെ ഉപേക്ഷിച്ചു വേറൊരു പ്രവാചകനെ സ്വീകരിച്ചവരാണെന്നും അവരുടെ നമസ്കാരം മൂന്നു നേരവും ഖുർആൻ ഇരുപതു ജുസൂഅ് മാത്രമുള്ളതുമാണെന്നും അത്രെ. കാലാന്തരത്തിൽ ഇതെല്ലാം അടിസ്ഥാനരഹിതമായ ആരോപണമാണെന്നു മനസ്സിലായി. അഹ്മദികളും മുസ്ലിംകളിലുള്ള ഒരു കക്ഷിതന്നെയാണെന്നും അവർ ബിദ്അത്തുകളെ ഉച്ചാടനം ചെയ്ത് സുന്നത്തുകളെ ഉജ്ജീവിപ്പിക്കാനും ഇസ്ലാംമതത്തെ തബ്ലീഗ് മുഖേന പ്രചരിപ്പിക്കാനും ശ്രമിക്കുന്ന ഏക ഇസ്ലാമിക സംഘമാണെന്നും പല വഴികളിലായി എനിക്കു അറിയുമാറായി. എന്നാൽ ഈ കാലത്തും അഹ്മദിയ്യാ പ്രസ്ഥാനത്തെക്കുറിച്ചു ചിന്തിച്ചുനോക്കുന്നതിൽനിന്നു എന്നെ തടഞ്ഞുനിർത്തിയത്, അതിനെസംബന്ധിച്ചു പരിഷ്കൃത മൗലവിമാർ നിർമ്മിച്ചു പ്രചരിപ്പിച്ചിട്ടുള്ള ചില മിത്ഥ്യാപ്രസ്താവങ്ങളായിരുന്നു. നിർഭാഗ്യവശാൽ ആ പ്രസ്താവങ്ങളുടെ സത്യാസത്യങ്ങളെപ്പറ്റി ചിന്തിക്കുവാൻ എനിക്കു സാധിച്ചിരുന്നില്ല. ഹസ്റത്ത് അഹ്മദുൽഖാദിയാനി (അ) മൗലവി സനാഉല്ലാസാഹിബുമായി 'മുബാഹലാ' പ്രാർത്ഥന നടത്തി പരാജിതനായെന്നുള്ള വ്യാജപ്രസ്താവമായിരുന്നു എന്റെ ഹൃദയത്തിൽ ശക്തിയുക്തം സ്ഥലംപിടിച്ചിരുന്നത്. അടിസ്ഥാനരഹിതമായതാണെങ്കിലും, യഥാർത്ഥമെന്നു ഞാൻ വിശ്വസിച്ചുപോന്നിരുന്ന ആ സംഗതി, അഹ്മദിയ്യത്ത് ഒരു അസത്യപ്രസ്ഥാനമാണെന്നു വരുത്തുവാനായ്ക്കൊണ്ട് ഞാൻ എന്റെ പല സ്നേഹിതന്മാരോടും എടുത്തുപറയാറുണ്ടായിരുന്നു. ആ പാപമെല്ലാം കൃപാനിധിയായ

അല്ലാഹു മാപ്പ് ചെയ്തുതരുമാറാകട്ടെ! ശരിയായ നിലയിൽ അന്വേഷിച്ചറിഞ്ഞതിനു ശേഷമല്ലാതെ ഒരു കാര്യവും തീരുമാനിക്കുകയോ, ഉലമാക്കൾ പറഞ്ഞതെന്നുവെച്ചു ഒരു സംഗതിയും കണ്ണടച്ചു സ്വീകരിക്കുകയോ അരുതെന്നു അല്ലാഹു ഖുർആനിൽ പഠിപ്പിക്കുകയും കാര്യകാരണ വിവേചനം ചെയ്യുന്നതിന് അവൻ വിശേഷബുദ്ധി നൽകുകയും ചെയ്തിരിക്കയാൽ പ്രസ്തുതാപരാധം ഞാൻ വിവരമില്ലായ്മ കൊണ്ടു ചെയ്തുപോയതാണെന്നു പറയുവാൻ എനിക്ക് അവകാശമില്ല. പരമകാരുണികനായ ദൈവം അവന്റെ കാരുണ്യാതിരേകത്താൽ എന്റെ അപരാധം ക്ഷമിച്ചുതരുമാറാക്കേണ്ടതിന്നു ഞാൻ അവനോടു പ്രാർത്ഥിച്ചുകൊണ്ടി രിക്കുന്നു.

1942 മാർച്ച് മാസത്തിലോ ഏപ്രിൽമാസത്തിലോ ഒരു വെള്ളിയാഴ്ചദിവസം (അക്കാലത്തു ഞാൻ തലശ്ശേരിയിൽ ഒരിടത്തു ട്യൂട്ടറായി ജോലി ചെയ്യുകയായിരുന്നു) ജനാബ് കെ. എം. മൗലവി സാഹിബ് തലശ്ശേരി സെയ്ദാർ പള്ളിയിൽ അസർ നമസ്കാരം അനുഷ്ഠിച്ചതിനുശേഷം പള്ളിക്കടുത്തുള്ള ഒരു പീടികയിൽ ചെന്നിരുന്ന് തന്റെ ഒരു കൃതിയായ 'ഖാദിയാനിവാദഖണ്ഡനം' എന്ന അറബി മലായള ലഘുലേഖ വിൽക്കുന്നത് കാണുകയുണ്ടായി. ഞാനും ഒരു പ്രതി സന്തോഷപൂർവ്വം വാങ്ങുകയും എന്റെ സ്നേഹിതന്മാരെക്കൊണ്ടു വാങ്ങിപ്പിക്കുകയും ചെയ്തു. അത് വായിച്ചതോടുകൂടി അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ നേർക്കുള്ള എന്റെ എതിർമനോഭാവത്തിനു ശക്തി കൂടുകയുണ്ടായി. അതിൽ ഹസ്റത്ത് അഹ്മദിന്റെ പ്രസ്താവങ്ങളാണെന്ന വ്യാജനേ പേജ് നമ്പറോടുകൂടി ചേർത്തുകണ്ട ഉദ്ധാരണങ്ങളായിരുന്നു എന്റെ ഹൃദയത്തെ അധികമായും ഇളക്കിത്തീർത്തത്. ആ ലഘുലേഖ പ്രചരിപ്പിക്കുന്ന വിഷയത്തിൽ മറ്റു സ്നേഹിതന്മാരോടൊപ്പം ഞാൻ പരിശ്രമിക്കുകയും അതു വായിച്ചുനോക്കുവാൻ പലരേയും പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ അഹ്മദിയ്യത്തിന്റെ പേരിൽ അനുഭാവമുള്ള തലശ്ശേരിക്കാരനായ ഒരു സ്നേഹിതനു ഞാൻ ആ ലഘുലേഖ വായിക്കുവാൻ കൊടുത്തു. അദ്ദേഹത്തെ അഹ്മദിയ്യാ ആദർശങ്ങളോടുള്ള അനുഭാവത്തിൽനിന്ന് പിന്തിരിപ്പിക്കണമെന്നതായിരുന്നു എന്റെ ഉദ്ദേശ്യം. ഇതിനെ തുടർന്നു ഞാനും അദ്ദേഹവുമായി ഒരു സംവാദം നടന്നു. പ്രസ്തുത ലഘുലേഖ ഏതൊരു പ്രസിദ്ധീകരണത്തിനു ഖണ്ഡനമായുള്ളതാണോ ആ അഹ്മദിയ്യാ പ്രസിദ്ധീകരണം ഞാൻ വായിച്ചുനോക്കിയിട്ടുണ്ടോ എന്നു ആ സ്നേഹിതൻ എന്നോടു ചോദിച്ചതിൽ, അതു വായിക്കേണ്ട ആവശ്യമില്ലെന്നും അതിലെ സംഗതികളെല്ലാം ഇതിൽ പ്രതിപാദിപ്പിക്കപ്പെട്ടിട്ടുണ്ടെന്നും ഞാൻ മറുപടി പറഞ്ഞു. അതു ശരിയല്ലെന്നും ആ അഹ്മദിയ്യാ ലഘുലേഖകൂടി വായിക്കേണ്ടതാണെന്നും അതിലെ ആശയം എതിരാളിയുടെ കൃതിയിൽനിന്നു ഗ്രഹിക്കാവതല്ലെന്നും ആരുടെയും ആശയം അയാളുടെ എതിരാളി മുഖേനയല്ല മനസ്സിലാക്കുവാൻ കഴിയുക എന്നും അയാളിൽനിന്നു നേരിട്ടോ അയാളുടെ ലേഖനം മുഖേനയോ അറിയാൻ ശ്രമിക്കുകയായിരിക്കും ഉത്തമമായ മാർഗ്ഗമെന്നും അദ്ദേഹം സമാധാനം പറഞ്ഞു. ഇപ്പറഞ്ഞത് എത്രയും ശരിയാണെന്ന് എനിക്ക് തോന്നി. ആ ലഘുലേഖ ഒന്നു കിട്ടിയാൽകൊള്ളാമെന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചു. പിറ്റേദിവസം ആ സ്നേഹിതൻ ആ ചെറുപുസ്തകം എനിക്കു എത്തിച്ചുതന്നു. അതു സെക്കന്ത്രബാദിലെ ജനാബ് സേട്ടു അബ്ദുല്ലാഹ് അലാഹ്ദീൻ സാഹിബ് ഉറുദുവിൽ എഴുതിയതും '25200 രൂപാ സമ്മാനം' എന്ന പേരിൽ കോഴിക്കോട്ടെ അഞ്ചുമൻ അഹ്മദിയ്യാ മലയാളത്തിൽ പ്രസിദ്ധംചെയ്തതുമാണ്. ഞാനതു വായിച്ചുനോക്കിയപ്പോൾ, അഹ്മദിയ്യത്തിന്നെതിരിൽ അതിന്റെ വിരോധികൾ ചെയ്യുന്ന പ്രസ്താവനകളെ മാത്രം അടിസ്ഥാനമാക്കി ഒന്നും തീരുമാനിക്കുന്നതു ശരിയല്ലെന്നു എനിക്കു ഗ്രഹിക്കുവാൻ സാധിച്ചു. എന്നു മാത്രമല്ല, ഒരു കക്ഷിയെസംബന്ധിച്ചും അതിന്റെ എതിരാളികൾ പുറപ്പെടുവിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും സൂക്ഷ്മാവലോകനം ചെയ്യാതെ അപ്പടി വിശ്വസിക്കാവതല്ലെന്നു എനിക്ക് ബോദ്ധ്യമാവുകയും ചെയ്തു.

കെ. എം. മൗലവിസാഹിബ് തന്റെ ലഘുലേഖയിൽ ജനാബ് സേട്ടു സാഹിബിന്റെ പ്രസ്തുതകൃതിയിലെ മറ്റെല്ലാ സംഗതികളേയും വിട്ട് മുജദ്ദിദിനെസംബന്ധിച്ച വിഷയത്തെ മാത്രം ഖണ്ഡിക്കാൻ മുതിർന്നതിലുള്ള രഹസ്യം എനിക്കു മനസ്സിലാക്കാൻ വിഷമിക്കേണ്ടിവന്നില്ല. സേട്ടുസാഹിബിന്റെ കൃതിയിൽ പ്രതിപാദിച്ച പല സംഗതികളും എന്റെ ചിന്തയ്ക്ക് വിഷയീഭവിച്ചു. എന്നാൽ മൗലവി സനാഉല്ലാസാഹിബ് താൻ ഹസ്റത്ത് അഹ്മദുമായി 'മുബാഹലാ' പ്രാർത്ഥന ചെയ്തിരുന്നുവെന്നു വാദിക്കുന്നതു വെറുമൊരു മിത്ഥ്യവാദമാണെന്നും അതു ശരിയെങ്കിൽ അദ്ദേഹം ഒരു പൊതുയോഗത്തിൽവെച്ചു അപ്രകാരം സത്യം ചെയ്തു പ്രഖ്യാപിക്കട്ടെ എന്നും സത്യംചെയ്താൽ അദ്ദേഹത്തിന് ഒരു ക്ലിപ്ത തുക സമ്മാനം കൊടുക്കാമെന്നും എത്രയോ വർഷമായിട്ട് വിളംബരം ചെയ്യുകയും അതിലേക്ക് മൗലവി സാഹിബിനെ ആഹ്വാനം ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നതായിട്ട് സേട്ടു സാഹിബ് ആ ലഘുലേഖയിൽ പ്രതിപാദിച്ചിട്ടുള്ളതാണ് കൂടുതലായി എന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചത്. പിന്നീടു ഈ സംഗതിയുടെ യഥാർത്ഥനിലയെക്കുറിച്ച് സവിസ്തരം അറിയുവാനും എനിക്കു സാധിച്ചു. അങ്ങനെ, അഹ്മദിയ്യത്തിന്റെ സത്യതയെക്കുറിച്ചു ചിന്തിച്ചതിൽനിന്ന് എന്നെ തടഞ്ഞുനിർത്തിയതും എന്റെ ഹൃദയത്തിൽ രൂഢമൂലമായിരുന്നതുമായ ഈ സംഗതി-മൗലവി സനാഉല്ലാ സാഹിബിന്റെ മുബാഹലാവാദം-ഒരു മിത്ഥ്യാപ്രസ്താവമാണെന്നു ഗ്രഹിക്കുമാറായി. കെ. എം. മൗലവി സാഹിബ് തന്റെ പ്രസ്തുത ഖണ്ഡനത്തിന്റെ അവസാനത്തിൽ ഹസ്റത്ത് അഹ്മദിന്റെ കൃതികളിൽനിന്നുള്ളവയെന്നു പറഞ്ഞുകൊണ്ട് എടുത്തുചേർത്ത ഉദ്ധാരണങ്ങളെപ്പറ്റിയാണ് പിന്നെ ഞാൻ ചിന്തിച്ചത്. അപ്പോൾ, മൗലവി സാഹിബ് ആ ഉദ്ധാരണവിഷയത്തിൽ കൈക്കൊണ്ട നയത്തെക്കുറിച്ച് എനിക്ക് ആശ്ചര്യമുളവായി. എന്തെന്നാൽ, അതിൽ ചില ഭാഗം വെറും കെട്ടുകെട്ടും ചിലത് ഹസ്റത്ത് അഹ്മദിന്റെ കൃതികളിൽനിന്നു പൊതുജനത്തെ തെറ്റിദ്ധരിപ്പിക്കുവാൻ വാലും തലയും വെട്ടിയെടുത്തിട്ടുള്ളവയുമാണ്. ഇതെല്ലാം

കെ.എം. മൗലവി സാഹിബ് സ്വന്തത്തിൽ എഴുതിച്ചേർത്തതാണെങ്കിൽ, അത് 'നിനക്കു ലജ്ജയില്ലെങ്കിൽ ഇഷ്ടമുള്ളതു ചെയ്തുകൊൾക' എന്ന നബിവചനത്തിനു മാതൃകയായിത്തീരുന്നതിനായിരിക്കാം. അല്ലെങ്കിൽ, അദ്ദേഹത്തിനു ഈ വിഷയത്തിൽ വഴികാട്ടികളായ ഇൽയാസ് ബർനീ സാഹിബ്, മൗലവി സനാഉല്ലാ സാഹിബ് മുതലായവരുടെ കൃതികളിൽ നിന്ന് അപ്പടി എടുത്തുചേർത്തതായിരിക്കാം!

അനന്തരം, എനിക്ക് അഹ്മദിയ്യത്തിനെക്കുറിച്ചു കൂടുതൽ വായിച്ചറിയാനും ചിന്തിച്ചുനോക്കാനും സാധിച്ചു. കെ. എം. മൗലവി സാഹിബിനെക്കാൾ എത്രയോ വലിയ വലിയ മൗലവിമാർ അഹ്മദിയ്യത്തിന്നെതിരിൽ ഇതേ നയം തന്നെ അനുവർത്തിച്ചുവന്നതായും ഇതു പൂർവ്വപ്രവാചകന്മാരുടെയും അവരുടെ മതപ്രസ്ഥാനങ്ങളുടെയും നേർക്കു അതതുകാലത്തെ ശത്രുക്കൾ കൈക്കൊണ്ടുപോന്നിട്ടുള്ള കാര്യങ്ങളുമായി വ്യത്യാസമില്ലാത്തതായും എനിക്കു ഗ്രഹിക്കുവാൻ കഴിഞ്ഞു. ചുരുക്കിപ്പറയാം, അവസാനം എനിക്കു അഹ്മദിയ്യാ ജമാഅത്തിൽ ചേരാനും ഭാഗ്യമുണ്ടായി. അൽഹംദുലില്ലാഹ്! ഇങ്ങനെ, ഞാൻ അഹ്മദിയാകുവാനുണ്ടായ പ്രഥമകാരണം കെ. എം. മൗലവി സാഹിബിന്റെ 'ഖാദിയാനിവാദഖണ്ഡനം' എന്ന ലഘുലേഖയാണെന്നു തീർത്തുപറയാം. സത്യത്തിന്റെ വൈരികൾ അതിന്നെതിരായി ചെയ്തുകൂട്ടുന്നതെല്ലാം അതിനു ഗുണമായിട്ടല്ലാതെ പരിണമിക്കുകയില്ലെന്നതിന് ഈ സംഭവം നല്ലൊരു സാക്ഷ്യമാണ്. "അവർ തങ്ങളുടെ ശ്വസനങ്ങൾകൊണ്ട് ദൈവത്തിന്റെ പ്രകാശത്തെ കെടുത്തിക്കളയാൻ ഉദ്ദേശിച്ചിരിക്കുന്നു; എന്നാൽ ദൈവം തന്റെ പ്രകാശത്തെ പൂർണ്ണമാക്കാൻ ഉറച്ചിരിക്കുന്നു; അവിശ്വാസികൾ വിരക്തഭാവം കാട്ടുന്നതായാലും ശരി" (ഖുർആൻ, 9: 32). ഞാൻ അഹ്മദിയായതിനുശേഷം എന്റെ മിത്രങ്ങളിൽ ഒരു വലിയ ഭാഗം എന്റെ ശത്രുക്കളായിത്തീർന്നു. മുസ്ല്യാന്മാരുടെയും മൗലവിമാരുടെയും പ്രചാരവേലകളാൽ എന്റെ ജീവനമാർഗ്ഗത്തിൽ പല വൈഷമ്യങ്ങൾ നേരിടുകയും ഞാൻ പലവിധേനയും ഞെരുക്കപ്പെടുകയുമുണ്ടായി. ദൈവസഹായത്താൽ അതെല്ലാം എനിക്കു ഗുണകരമായിപ്പരിണിക്കുകയും എന്റെ അഭിവൃദ്ധിക്കു കാരണമാവുകയാണ് ചെയ്തത്.

അഹ്മദിയ്യത്തിനെക്കുറിച്ചു ശരിയായ മാർഗ്ഗേണ ഇതുവരെ ചിന്തിച്ചുനോക്കിയിട്ടില്ലാത്ത മുസ്ലിം സഹോദരരേ! ഇനിയെങ്കിലും നിങ്ങൾ ഉണരുവിൻ. മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയാൽ വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദീമസീഹ് ഇതാ ആഗതനായിരിക്കുന്നു. അദ്ദേഹത്തിന്റെ മിഷൻ ലോകത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിക്കുകയും തന്റെ സ്വർഗ്ഗീയകാഹളം ദിഗന്തങ്ങളിലെല്ലാം മുഴങ്ങുകയും ചെയ്തു തുടങ്ങിയിരിക്കുന്നു. "മഹ്ദി വെളിപ്പെട്ടാൽ ഹിമക്കട്ടമേൽ മുട്ടുകുത്തി ഇഴഞ്ഞുപോയിട്ടെങ്കിലും നിങ്ങൾ അദ്ദേഹത്തിനു ബൈഅത്ത് ചെയ്യണം" എന്നു നബിതിരുമേനി (സ) അരുൾചെയ്തത് നിങ്ങളുടെ ഗാഢമായ ചിന്തയ്ക്ക് വിഷയീഭവിക്കട്ടെ. ദിവ്യപുരുഷന്മാർക്കു എപ്പോഴും ശത്രുക്കളായി വർത്തിച്ച പണ്ഡിതസമൂഹത്തിന്റെ ഉൽബോധനയാൽ നിങ്ങൾ വഞ്ചിതരാകരുതേ! നാമെല്ലാവരും ഇന്നല്ലെങ്കിൽ നാളെ അല്ലാഹുവിന്റെ അടുക്കൽ ചെല്ലേണ്ടവരാണല്ലോ. ''മനുഷ്യൻ അവന്റെ കൈകൾ പ്രവർത്തിച്ചതിനെ കാണുകയും 'ഹാ! ഞാൻ മണ്ണായിരുന്നെങ്കിൽ എത്ര നന്നു' എന്നു പറഞ്ഞുപോകയും ചെയ്യുന്ന ആ ദിവസം" നാമോരോരുത്തരേയും സമീപിച്ചുകൊണ്ടിരിക്കുന്നു. ആ നാളിൽ ദൈവസന്നിധിയിൽ നമ്മുടെ യജമാനനായ നബി മുഹമ്മദ് മുസ്തഫാ (സ) സത്യത്തിന്റെ വിരോധികൾക്കെതിരിൽ സാക്ഷ്യം ചൊല്ലുകയും, ഓ, ദൈവമേ, ദീനുൽ ഇസ്ലാമിനെ പുനരുദ്ധീകരിക്കുന്നതിനായിട്ടു നീ നിയോഗിച്ചയച്ച എന്റെ ശിഷ്യനായ മഹ്ദീമസീഹിനെ ഇവർ സ്വീകരിച്ചില്ല, എന്നു ആവലാതിപ്പെടുകയും ചെയ്യുമ്പോൾ "ഞങ്ങൾ ഞങ്ങളുടെ നേതാക്കന്മാരെയും മഹാന്മാരെയും അനുസരിച്ചു, അവർ ഞങ്ങളെ നേർവഴിയിൽനിന്നു തെറ്റിച്ചുകളഞ്ഞു" എന്നല്ലാതെ നിങ്ങൾക്കു എന്തു സമാധാനമാണ് പറയാനുണ്ടാവുക? അല്ലാഹു നമ്മെയെല്ലാം നബിതിരുമേനിയുടെ യഥാർത്ഥാനുയായികളിൽപെടുത്തുമാറാകട്ടെ. ആമീൻ! ■

*പേജ് 30ൽ നിന്ന്*

ഇസ്ലാമിന്റെ സത്യതയെയും സജീവതയെയും തെളിയിക്കുകയുണ്ടായി. ഇസ്ലാം ഒരു സജീവ മതമാണെന്നു സ്ഥാപിക്കുവാൻ അതിൽ ദൈവത്തിൽനിന്നും അവതരിക്കുന്ന മതപരിഷ്ക്കർത്താക്കളെ ഒരു ദൃഷ്ടാന്തമായദ്ദേഹം എടുത്തുകാട്ടി. പതിനാലാം നൂറ്റാണ്ടിന്റെ പരിഷ്ക്കർത്താവായുള്ള തന്റെ ആഗമനത്തെയും അദ്ദേഹം ഇസ്ലാമിന്റെ സത്യതക്കും സജീവതക്കുമുള്ള ഒരു തെളിവായുദ്ധരിച്ചു.

ഈ പ്രഭാഷണം മുഖേനയാണ് അദ്ദേഹം ആദ്യമായി താൻ ശ്രീകൃഷ്ണന്റെ അവതാരമാണെന്നു വാദിച്ചത്. അദ്ദേഹം ഇപ്രകാരം എഴുതി.

"രാജാ ശ്രീകൃഷ്ണൻ എനിക്ക് വെളിപ്പെടുത്തപ്പെട്ടതനുസരിച്ച് യഥാർത്ഥത്തിൽ ഒരു പരിപൂർണ്ണ മനുഷ്യനായിരുന്നു. അദ്ദേഹത്തിന്നു തുല്യനായി ഹിന്ദുക്കളിലെ മഹർഷിമാരിലും അവതാരപുരുഷന്മാരിലും മറ്റാരുമില്ലതന്നെ. അദ്ദേഹം തന്റെ കാലഘട്ടത്തിലെ അവതാരം അഥവാ നബിയായിരുന്നു. അദ്ദേഹത്തിൽ അല്ലാഹുവിൽനിന്നുള്ള ആത്മാവ് ഇറങ്ങാറുണ്ടായിരുന്നു." പിന്നീടദ്ദേഹം ഹിന്ദുസഹോദരന്മാരിൽ കടന്നുകൂടിയിട്ടുള്ള ചില അന്ധവിശ്വാസങ്ങളെയും അടിസ്ഥാനപരമായ തെറ്റുകളെയും വിശകലനം ചെയ്തു.

അവസാനമായിട്ടദ്ദേഹം തന്റെ വാദങ്ങളുടെ സത്യതയിലേക്ക് ചില തെളിവുകളും അടയാളങ്ങളും ഉദ്ധരിക്കുകയും വിശുദ്ധഖുർആനിൽനിന്നും ഹദീസുകളിൽനിന്നും അതിന്നുള്ള ആധാരങ്ങൾ തരികയും തന്റെ പല മുന്നറിയിപ്പുകളുടെയും പ്രവചനങ്ങളുടെയും പൂർത്തീകരണത്തെ തന്റെ സത്യത്തിന്നുള്ള തെളിവുകളായി നിരത്തിവെക്കുകയും ചെയ്തു.

ഈ ഗ്രന്ഥം മലയാളത്തിൽ ലക്ചർ സിയാൽക്കോട്ടു എന്ന പേരിൽ ജ: എൻ. അബ്ദുർറഹീം സാഹിബ് ഭാഷാന്തരം ചെയ്തത് ഇവിടെ നന്ദിപൂർവം സ്മരിക്കുന്നു. ■

# മാസമുറപ്പിച്ച ഖാളിമാരും നോമ്പ് മുറിച്ച സുന്നികളും

അബൂരിസ്‌വാൻ

**കേരളത്തിന്റെ വടക്കും തെക്കുമുള്ള അനഹ്മദി മുസ്‌ലിംകൾ റമസാൻമാസമുറപ്പിച്ച കാര്യത്തിലുണ്ടായ ഭിന്നതയും മാസപ്പിറവി കാണുന്നതിൽ കണക്കിനുള്ള പ്രാധാന്യവും ഇസ്‌ലാമിക പ്രമാണങ്ങളുടേയും ഗോളശാസ്ത്രത്തിന്റേയും അടിസ്ഥാനത്തിൽ ലേഖകൻ വിശദീകരിക്കുന്നു**

ആകാശത്ത് അമ്പിളിക്കീറ് കാണുന്നതിന് മുമ്പ് ഭൂമിമലയാളത്തിലെ മുസ്‌ലിം ഭൂരിപക്ഷത്തിന് ടെൻഷനാണ്. മാസപ്പിറവി പ്രഖ്യാപിക്കുന്ന ഏത് കുട്ടിക്കൊമ്പനാണ് ചങ്ങല പൊട്ടിക്കുക എന്നറിയാതെ സമുദായം വീർപ്പടക്കി നിൽക്കുന്നു. കോഴിക്കോട് നിന്ന് മാത്രം അഞ്ച് കേന്ദ്രങ്ങളിൽ നിന്നാണ് വിവിധ കക്ഷികൾ മാസമുറപ്പിക്കുന്നത്. പലപ്പോഴും ഏതെങ്കിലുമൊരു കക്ഷി ഇടഞ്ഞാൽ നോമ്പും പെരുന്നാളും രണ്ട്. പലപ്പോഴും അങ്ങനെ സംഭവിക്കാറുണ്ട്. സമൂഹത്തിനുമേൽ ഉലമാക്കന്മാരുടെ ഹുക്കുമത്ത് അവശേഷിക്കുന്ന അപൂർവ്വ സന്ദർഭമാണ് മാസപ്രഖ്യാപനം. ആ അവസരത്തിൽ തങ്ങളുടെ ശക്തിപ്രകടനവും അധികാരവും തെളിയിക്കാനുള്ള ബലപരീക്ഷണ വേദിയായാണ് അവർ മാസപ്രഖ്യാപനത്തെ കാണുന്നത്. മാസം ആദ്യം കണ്ടതായി പ്രഖ്യാപനം നടത്തി മറ്റുള്ളവരെക്കൊണ്ട് നിർബന്ധപൂർവ്വം അതംഗീകരിപ്പിക്കുക. മാസപ്രഖ്യാപനക്കാരുടെ ഗ്ലാമർ അതിലാണ് എന്ന നില വന്നു. മുസ്‌ലിം ബഹുജനത്തിന്ന് ഇക്കാര്യത്തിലുള്ള അജ്ഞത ചൂഷണം ചെയ്ത് അവരെ ബുദ്ധിമുട്ടിക്കുന്നതിൽ ആനന്ദം കണ്ടെത്തുകയായിരുന്നു ഉലമാക്കന്മാർ. പൊറുതി മുട്ടിയപ്പോൾ ചില ഗൾഫ് മുതലാളിമാർ രംഗത്തിറങ്ങി മുസ്‌ലിം സൗഹൃദവേദി എന്ന ഒരു സമിതിയുണ്ടാക്കിയാണ് ഈ മാസ പ്രഖ്യാപനക്കാർക്ക് മൂക്കുകയറിട്ടത്. അല്ലാഹുവും റസൂലും (സ) സമുദായത്തിൽ ഭിന്നതയുണ്ടാക്കരുതെന്ന് പറഞ്ഞിട്ടും കേൾക്കാത്ത ഉലമാക്കന്മാർ ഇപ്പോൾ ഗൾഫ് മുതലാളിമാർക്ക് കീഴടങ്ങിയിരിക്കുകയാണ്. ഇക്കഴിഞ്ഞ റമസാൻ പ്രഖ്യാപനത്തിൽ ഈ സമിതി ഇടപ്പെട്ടു മാസപ്രഖ്യാപനം ഏകീകരിക്കുകയാണുണ്ടായത്. പക്ഷേ അഹ്മദികളൊഴികെയുള്ള വടക്കൻ കേരളത്തിലെ മുസ്‌ലിംകളിൽ നിന്ന് തുടങ്ങിയ റമസാൻ മാസം മലബാറിൽ നിന്നു പതിവായി വരാറുള്ള വ്യാജമാസമായിരുന്നു. ഈ വ്യാജമാസം കേരളം മുഴുവൻ പരന്നപ്പോൾ തെക്കൻ കേരളത്തിലെ സുന്നികൾ അതിന്നെതിരെ ഹാലിളകി ചന്ദ്രഹാസം ചുഴറ്റി നിൽക്കുകയാണ്.

ഗോളശാസ്ത്രപരമായി മാസം കാണാൻ സാധ്യമല്ലാത്ത ദിവസമായിട്ടും 29 ആണെന്ന ന്യായത്തിന്മേൽ മാസം നോക്കാൻ ഖാളിമാരും ഹിലാൽ കമ്മിറ്റിയും പൊതുജനങ്ങളെ ആഹ്വാനം ചെയ്യുന്നു. ലക്ഷക്കണക്കിന് മുസ്‌ലിംകൾ അന്നേദിവസം ആകാശത്ത് തലങ്ങും വിലങ്ങും ദൃഷ്ടിപായിക്കുന്നു. കണ്ണിന് മതിഭ്രമമുള്ള ഏതെങ്കിലുമൊരു നയനരോഗിയായ ദൃഷ്ടാവ് ആകാശത്തിലെ ഏതെങ്കിലും മിന്നാട്ടം കണ്ട് മാസം കണ്ടതായി തെറ്റിദ്ധരിച്ച് ആണയിട്ടാൽ വ്യാജമാസം പിറന്നു. ഖാളിമാരും ഹിലാൽ കമ്മിറ്റിയും ആകാശത്ത് മാസമുണ്ടെന്ന് പറഞ്ഞതല്ലേ, 'കണ്ട മിന്നാട്ടം മാസപ്പിറ തന്നെ'- ദൃഷ്ടാവിന് മനസ്സാക്ഷിക്കുത്തുമുണ്ടാവില്ല. ഗോളശാസ്ത്രപരമായി മാസം കാണാൻ സാധ്യമല്ല എന്നറിയുന്ന ഗോളശാസ്ത്ര പണ്ഡിതന്മാർവരെ മുജാഹിദുകളുടെ ഹിലാൽ കമ്മിറ്റിയിൽ ഉണ്ടായിരുന്നു. ഹിലാൽ കമ്മിറ്റി തലവനായിരുന്ന പരേതനായ പ്രൊഫ. അഹ്മദ്കുട്ടി സാഹിബ് ഒരു ഗോളശാസ്ത്ര പണ്ഡിതനായിരുന്നു. അദ്ദേഹം ഗോളശാസ്ത്ര സിദ്ധാന്തമനുസരിച്ച് വിളംബരം ചെയ്യാതെ രഹസ്യത്തിൽ നോമ്പും പെരുന്നാളും എടുത്തിരുന്ന ആളായിരുന്നുവെന്ന് ജനാബ് സി. എൻ. അഹ്മദ് മൗലവി സാഹിബ് 'ചന്ദ്രമാസ നിർണയം' എന്ന പുസ്തകത്തിൽ എഴുതിയിട്ടുണ്ട് (പേജ് 107). പക്ഷേ, ഖാളിമാരുടെയും ഹിലാൽ കമ്മിറ്റി പണ്ഡിതന്മാരുടെയും മാസം കാണാൻ സാധ്യതയില്ലാത്ത 29ാം രാത്രിയിലെ മാസം കാണാനുള്ള ആഹ്വാനത്തിന് ശേഷം മാസം കണ്ടതായി ഏതെങ്കിലുമൊരു വിദ്വാൻ ആണയിട്ടാൽ പിന്നെ രക്ഷയില്ല. ലക്ഷക്കണക്കിന് മുസ്‌ലിംകൾക്ക് നോമ്പും, പെരുന്നാളുമായി- 'താങ്കൾ കണ്ടത് മാസപ്പിറവിയല്ല' എന്ന് പറഞ്ഞാൽ 'പിന്നെയെന്തിനാണ് ഞങ്ങളോട് ആകാശം നോക്കാൻ പറഞ്ഞത്' എന്ന മറുചോദ്യവും കൂടെ മറ്റു വല്ലതും ജനത്തിൽ നിന്ന് ലഭിക്കുമെന്ന് ഭയന്ന് ഗോളശാസ്ത്രം അറിയുന്നവരായിരിക്കെ തങ്ങൾ കുഴിച്ച കുഴിയിൽ ഖാളിമാരും, ഹിലാൽ കമ്മിറ്റിയും, കൂടെ ജനവും വീഴുന്നു. ഇതാണ് കള്ള മാസം പിറ

ക്കുന്ന രീതി.

ഇത്തവണ അനഹ്മദികൾക്ക് മലബാറിൽ 5.11.2002ന് റമസാൻ മാസപ്പിറ കണ്ടു എന്ന അവകാശവാദത്തിന്റെയടിസ്ഥാനത്തിൽ 6.11.2002ന് നോമ്പ് ആരംഭിച്ചതായി പ്രസ്താവന വന്നു. മലബാറിൽ മിക്കപ്പോഴുമുണ്ടാകുന്ന വ്യാജമാസമായിരുന്നു അത്. നേരത്തെ പറഞ്ഞ ഗൾഫ് മുതലാളിമാരുടെ സമിതിയുടെ സാന്നിധ്യമുള്ളതുകൊണ്ട് മുറുമുറുപ്പും ടെൻഷനുമില്ലാതെ എല്ലാ കക്ഷികളും ഐക്യമുന്നണിയായി അത് അംഗീകരിച്ചു. ഈ വ്യാജമാസ പ്രഖ്യാപനം പതിവിന്നു വിപരീതമായി തെക്കൻ കേരളത്തിലേക്കും വ്യാപിക്കുകയുണ്ടായി. തിരുവനന്തപുരത്തെ സുന്നികൾക്ക് വടക്ക് നിന്ന് വന്ന ഈ വ്യാജമാസത്തിൽ ശങ്ക ജനിച്ചു. ഉടനെ അന്വേഷണമാരംഭിച്ചപ്പോൾ മാസപ്പിറ ബൈനോക്കുലറിലൂടെയാണ് കണ്ടതെന്ന ഞെട്ടിക്കുന്ന സത്യമാണ് അവർക്ക് മനസിലായത്. ഇതോടെ 'ബൈനഹുമ'യിലായ സുന്നികൾ സടകുടഞ്ഞെഴുന്നേറ്റ് പിറ്റേന്ന് മഹല്ലുകൾ തോറും സഞ്ചരിച്ച് നോമ്പെടുത്ത സുന്നികളെകൊണ്ട് നോമ്പ് മുറിപ്പിച്ചു. പത്രസമ്മേളനം വിളിച്ചുചേർത്ത് കള്ളമാസം പ്രഖ്യാപിക്കുന്ന സ്വന്തം പാർട്ടിക്കാർ ഉൾപ്പെടെയുള്ളവർക്കെതിരെ ഒരു ഉശിരൻ താക്കീതും നൽകിയതിന് ശേഷമാണ് തെക്കൻ സുന്നികളുടെ കലി അടങ്ങിയത്. പത്രവാർത്ത ഇങ്ങനെയാണ്:

"തിരുവനന്തപുരം: വാനനിരീക്ഷണ കേന്ദ്രത്തിലെ ദൂരദർശിനിയിലൂടെ മാസപ്പിറ കണ്ടുവെന്ന് ചിലർ പ്രഖ്യാപിച്ചത് ശരീഅത്ത് വിരുദ്ധമായതുകൊണ്ട് അംഗീകരിക്കാനാവില്ലെന്നും അതിനാൽ റമദാൻ ഒന്ന് വ്യാഴാഴ്ചയായിരിക്കുമെന്നും ബീമാപള്ളി, വള്ളക്കടവ് മുസ്‌ലിം ജമാഅത്ത് ഇമാമുമാരുടേയും പണ്ഡിതന്മാരുടേയും സംയുക്തയോഗം തീരുമാനിച്ചു... ശരീഅത്ത് നിയമത്തിന്ന് വിരുദ്ധമായി ഇസ്‌ലാമിക കാര്യങ്ങൾ പ്രഖ്യാപിച്ച് സമൂഹത്തിൽ ഭിന്നത സൃഷ്ടിക്കാനുള്ള ചിലരുടെ നീക്കത്തിൽ യോഗം പ്രതിഷേധിച്ചു." (മാധ്യമം 6.11.2002)

"കൊല്ലം: റമദാൻ പിറദർശനം തിരുവനന്തപുരത്ത് നിന്ന് പ്രസ്താവിച്ചത് ബൈനോക്കുലറിലൂടെ ദർശിച്ചതിന്റെ അടിസ്ഥാനത്തിലാണെന്നതിനാൽ തെക്കൻ കേരളത്തിൽ മാസപ്പിറവി കണ്ടുവെന്ന് അംഗീകരിക്കാനാവില്ലെന്ന് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ (എ. പി. വിഭാഗം) ജില്ലാ പ്രസിഡന്റ് പി. ഐ. ഹൈദറൂസ് മുസ്‌ലിയാർ ഫൈസി പത്രസമ്മേളനത്തിൽ പറഞ്ഞു. ഇത്തരം പ്രഖ്യാപനങ്ങൾ ഇസ്‌ലാമികദൃഷ്ട്യാ കുറ്റകരമാണെന്നും ശഅ്ബാൻ 30 പൂർത്തിയാക്കി വ്യാഴാഴ്ചയാണ് റമദാൻ ഒന്നായി കണക്കാക്കേണ്ടതെന്നും അദ്ദേഹം അറിയിച്ചു." (മാധ്യമം 7.11.2002).

"കൊല്ലം: കഴിഞ്ഞ ചൊവ്വാഴ്ച പിറ കണ്ടതായി പാളയം ഇമാമും മണക്കാട് ഇമാമും പ്രഖ്യാപിച്ചത് ബൈനോക്കുലറിലൂടെ ചന്ദ്രനെ കണ്ടതാണെന്നും ഇക്കാര്യം മനസ്സിലാക്കാതെ നിരവധി മഹല്ലുകൾ റമസാൻ ആരംഭിച്ചതായി കണക്കാക്കുകയും ചെയ്തു. പിന്നീട് ഇത് സംബന്ധിച്ച് വിവാദം ഉയർന്ന സാഹചര്യത്തിൽ ഭൂരിഭാഗം മഹല്ലുകളും റമസാൻ വ്രതത്തിൽ നിന്നും പിന്മാറി. ഇവർ പിന്നീട് വ്യാഴാഴ്ച മുതൽ റമസാൻ വ്രതം ആരംഭിച്ചു" (ജന്മഭൂമി-12. നവം. 2002)

തിരുവനന്തപുരവുമായി ഏകദേശം രണ്ട് ഡിഗ്രി മാത്രം രേഖാംശ വ്യത്യാസമുള്ള മലബാറിലെ സുന്നികളും മുജാഹിദുകളും തെക്കരുടെ ഈ കോലാഹലം കണ്ട് ഞങ്ങളിതെത്ര കണ്ടതാണ് എന്ന മട്ടിൽ അനങ്ങിയിട്ടില്ല.

## സഊദിയുടെ വ്യാജമാസങ്ങൾ കള്ളമാസങ്ങൾക്ക് പ്രേരണ

കേരളത്തിൽ വ്യാജമാസങ്ങൾ പിറക്കാനുള്ള ഒരു പ്രേരണ സഊദി അറേബ്യയാണ്. അവർ വർഷങ്ങളോളമായി മാസപ്പിറവി കാണാതെ മാസപ്പിറ കണ്ടു എന്ന വ്യാജേന പ്രഖ്യാപിക്കുകയും നോമ്പും പെരുന്നാളുമാഘോഷിക്കുകയും ലോകത്തുള്ള മുഴുവൻ മുസ്‌ലിംകളെയും ആശയകുഴപ്പത്തിലാക്കുകയും ചെയ്യുന്നു. സഊദി അറേബ്യയുടെ മാസപ്രഖ്യാപനങ്ങളോട് റാബിതത്തുൽ ആലിമിൻ ഇസ്‌ലാമിയുടെ ഫിഖ്ഹ് വിഭാഗത്തിന്ന് തന്നെ കടുത്ത വിയോജിപ്പാണുള്ളത്. പരേതനായ സഊദിയിലെ ഗ്രാന്റ് മുഫ്തി ശൈഖ് ഇബ്നുബാസ് അന്ധനായിരുന്നു. ഒബ്സർവേറ്ററിയിലോ ഹെലികോപ്റ്ററിലോ മാസംകാണിച്ചു കൊണ്ടുവന്ന ഒരാളെ ഇബ്നുബാസിന്റെ മുമ്പിലിരുത്തി സത്യം ചെയ്യിക്കലാണ് പതിവെന്ന് ചില സലഫീ പണ്ഡിതന്മാർ തന്നെ പ്രസംഗിച്ചത് ഈ ലേകഖൻ കേട്ടിട്ടുണ്ട്. സഊദി അറേബ്യ ഇത്തരം അഭ്യാസം കാണിക്കാൻ കാരണം അവരുടെ ഹിജ്റ ദേശീയ കലണ്ടർ അമേരിക്കയിൽ വെച്ച് മുൻകൂട്ടി തയ്യാറാക്കുന്നതാണ്. അതുമായി അഡ്ജസ്റ്റ് ചെയ്യാനാണ് പൊതുജനത്തെ വിഡ്ഢികളാക്കി രഹസ്യത്തിൽ നടത്തുന്ന ഈ പരാക്രമണങ്ങൾ. സലഫി രാജാക്കന്മാരുടെ എണ്ണപ്പണത്തിൽ ഒരു കണ്ണ് എപ്പോഴുമുള്ള ഇവിടുത്തെ മുസ്‌ലിം കക്ഷി പ്രഭുക്കന്മാർ കണ്ണുംപൂട്ടി സഊദി അറേബ്യയെ ഇത്താഅത്ത് ചെയ്യാൻ ശ്രമിക്കുമ്പോഴാണ് വ്യാജമാസങ്ങൾ പിറക്കുന്നത്. സഊദിയുടെ മൂന്ന് വർഷത്തെ പ്രഖ്യാപനത്തെക്കുറിച്ച് പഠിച്ച മുജാഹിദ് ആശയക്കാരനായ ഗോളശാസ്ത്ര പണ്ഡിതൻ ഡോ. സയ്യിദ് അബ്ദുൾ സാഹിർ ബാംഗ്ലൂരിൽ നിന്ന് പുറപ്പെടുന്ന ISLAMIC VOICE എന്ന മാസികയിൽ പറഞ്ഞ അഭിപ്രായങ്ങൾ കേട്ട് ഇവിടുത്തെ മുജാഹിദുകൾ ഞെട്ടേണ്ടതാണ്-അദ്ദേഹം എഴുതുന്നു.

A Study of saudi Arabian dates for the first day of 36 months. (Hijri years 1410, 1411 & 1412) Indicated that on 14 occasions the moon had set before the sunset and in the remaining months the Hilal was sighted even when the age of the moon was under 14 hours which is billion percent impossible. In other words they rely on a phantom or imaginary Hilal. Please note that a Hilal can be seen only when its minimum age is 18 hours or more generally 20 to 24 hours and the moon set must and should occur after the sunset, Generally about the 50 minute later. So the Ruyathe Hilal for all the 36 months was wrong and absurd scientifically. Muslims are aware that Allah's grave punishment awaits the people who tamper with the mani pulate the Islamic time keeping)" (Islamic Voice.

Dec. 1997)

സഊദി അറേബ്യയുടെ തിയ്യതി സംബന്ധമായി 36 മാസങ്ങളിലെ ആദ്യ ദിവസങ്ങളെപ്പറ്റിയുള്ള പഠനങ്ങളിൽ ഹിജ്റ (1410, 1411, 1412) 14 മാസങ്ങൾ ആരംഭിച്ചത് ചന്ദ്രൻ സൂര്യനേക്കാൾ മുമ്പ് അസ്തമിച്ച ദിവസങ്ങളിലാണ്. ബാക്കിയുള്ള മാസങ്ങളിൽ ചന്ദ്രന്റെ പ്രായം 14 മണിക്കൂർ പോലും തികയാത്ത അവസ്ഥയിലായിരുന്നു കാണപ്പെട്ടത്. ഇത് തികച്ചും അസാധ്യമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അതെല്ലാം വ്യാജത്തിന്റെയും മിഥ്യാസങ്കൽപ്പങ്ങളുടെയും ചന്ദ്രക്കലയെ അടിസ്ഥാനമാക്കിയുള്ളതാണ്. ചന്ദ്രക്കല കാണണമെങ്കിൽ അതിന്റെ പ്രായം ചുരുങ്ങിയത് 18 മണിക്കൂറിൽ കൂടുതൽ വേണം എന്ന കാര്യം നാം ദയവ് ചെയ്ത് ഓർക്കണം; പൊതുവെ 20 മുതൽ 24 മണിക്കൂർ വരെ. കൂടാതെ സൂര്യാസ്തമയത്തിന് ശേഷമായിരിക്കണം ചന്ദ്രന്റെ അസ്തമയം. സാധാരണയായി 50 മിനുട്ടെങ്കിലും ചന്ദ്രൻ ആകാശത്തുണ്ടായിരിക്കണം. ആയതിനാൽ ഈ 36 മാസത്തെയും സഊദി മാസനിർണയങ്ങൾ ശാസ്ത്രീയമായി അസംബന്ധവുമാണ്. ഇസ്‌ലാമിന്റെ മാസനിർണയത്തിൽ അനാവശ്യമായി ഇടപെടുകയും തിരിമറി നടത്തുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ ശിക്ഷ കാത്തിരിപ്പുണ്ടെന്ന് മുസ്‌ലിംകൾ ജാഗ്രതപ്പെടേണ്ടതാണ്. (Islamic Voice. 1997)

## കണക്കും ഗോളശാസ്ത്രവും ഇസ്‌ലാമും

അനുസ്യൂതം ഒഴുകുന്ന കാലപ്രവാഹത്തെ സമയഖണ്ഡങ്ങളാക്കി കണക്കാക്കുക എന്നത് മനുഷ്യന്റെ ഒരാവശ്യമാണ്. അതിന് ആകാശത്ത് സ്ഥാപിച്ച ഗോള ഘടികാരങ്ങളെ ആശ്രയിക്കാനാണ് അല്ലാഹു പറയുന്നത്. കാലനിർണയത്തിനായി മനുഷ്യൻ ആവിഷ്കരിച്ച സമയനിർണയപദ്ധതികളെല്ലാം സൂര്യ ചന്ദ്രന്മാരുടെ ചലനങ്ങളുടെ ഗണിതത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. കാരണം സൂര്യചന്ദ്രന്മാരുടെ ചലനം ഒരു നിശ്ചിതമായ കണക്കിന്റെ (ഹിസാബ്) അടിസ്ഥാനത്തിലാണെന്നും ചന്ദ്രന് എണ്ണിക്കണക്കാക്കിയ മൻസിലുകളും (രാശികൾ) അഹില്ലകളും (കലകൾ) ഉണ്ടെന്നും ഖുർആൻ പറയുന്നു.

"സൂര്യനും ചന്ദ്രനും ഒരു നിശ്ചിത കണക്കനുസരിച്ചാണ് ചുറ്റിക്കൊണ്ടിരിക്കുന്നത്" (55:6)

"അവനത്രെ സൂര്യനെ ഉജ്ജ്വല തേജസ്സുള്ളതും ചന്ദ്രനെ പ്രകാശം പ്രതിഫലിക്കുന്നതുമാക്കുകയും വർഷങ്ങളുടെ എണ്ണവും കണക്കും നിങ്ങൾക്ക് അറിയുന്നതിന് വേണ്ടി ചന്ദ്രന് രാശിമണ്ഡലങ്ങൾ നിർണയിക്കുകയും ചെയ്തിട്ടുള്ളവൻ. ന്യായമായ ആവശ്യാർത്ഥമല്ലാതെ അല്ലാഹു അത് സൃഷ്ടിച്ചിട്ടില്ല. കാര്യങ്ങൾ ഗ്രഹിക്കുന്ന ജനങ്ങൾക്ക് വേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിവരിക്കുന്നു" (10:6)

"ചന്ദ്രന്റെ കലകളെ (Phases of moon) കുറിച്ച് അവർ നിന്നോട് ചോദിക്കുന്നു. പറയുക അത് മനുഷ്യരാശിക്ക് സമയം നിർണയിക്കാനുള്ള ഒരു ഉപാധിയാണ്" (2:190)

മേൽ വിവരിച്ച ഖുർആൻ ആയത്തുകളിൽ നിന്ന് മൂന്ന് കാര്യങ്ങൾ വ്യക്തമാക്കുന്നു.

1. സൂര്യനും ചന്ദ്രനും കാലനിർണയത്തിനുള്ള ഉപാധികളാണ്.
2. സൂര്യനും ചന്ദ്രനും കണിശവും നമുക്ക് ഗ്രഹിക്കാൻ കഴിയുന്നതുമായ ഒരു ഗണിത നിയമം പാലിക്കുന്നു.
3. മനുഷ്യൻ കാലനിർണയം നടത്തേണ്ടത് കണക്കിനെ അടിസ്ഥാനമാക്കി ചലിക്കുന്ന ആകാശഗോളങ്ങളെ നോക്കിയാണ്.

ദിവസങ്ങളെ അക്കങ്ങൾകൊണ്ട് നിജപ്പെടുത്തുന്ന പട്ടികയാണ് കലണ്ടർ. കലണ്ടറുകളിൽ അതിന് ഉപയോഗിക്കുന്ന 'തിയ്യതി' എന്ന വാക്ക് ചന്ദ്രകലകൾക്ക് സംസ്കൃതത്തിൽ പറയുന്ന 'തിഥി' എന്ന പദത്തിന്റെ തൽഭവമാണ് എന്നുകൂടി നാം മനസ്സിലാക്കണം. സൂര്യന്റെ ദിനചലനങ്ങളെ (Diurnal motion ദുലൂക്കി ശംസ്) കണക്കാക്കിയാണ് നമസ്കാരസമയം മുൻകൂട്ടി നിശ്ചയിക്കാൻ നമുക്ക് സാധിക്കുന്നത് ഗോളത്തിന്റെ ചലനനിയമങ്ങൾ പഠിച്ചുകൊണ്ടാണല്ലോ. അതായത്, സൂര്യന്റെയും ആകാശത്തിന്റെയും പ്രതീകമാണ് നമ്മുടെ വാച്ചിന്റെ സൂചിയും ഡയലും. വാച്ചിന്റെ സൂചിയുടെ നീക്കങ്ങൾ സൂര്യന്റെ ചലനത്തിന്റെ കണക്കനുസരിച്ചാണ്. ആ വാച്ച് നോക്കി നാം സമയാസമയങ്ങളിൽ ബാങ്ക് കൊടുക്കുന്നു. അപ്രകാരം ചന്ദ്രക്കലകളുടെ വൃദ്ധിക്ഷയങ്ങളും ദീർഘവൃത്തത്തിലുള്ള അതിന്റെ ഭ്രമണവും കാരണം രാശികൾ തോറുമുണ്ടാകുന്ന വ്യതിയാനങ്ങളും നമുക്കിന്ന് ഗണിച്ചെടുക്കാൻ സാധിക്കും. അപ്പോൾ കൂടുതൽ സൗകര്യപ്രദമായ രീതിയിൽ മുൻകൂട്ടി കണക്കിന്റെ അടിസ്ഥാനത്തിൽ മാസപ്പിറവി നിശ്ചയിക്കുന്നത് സുന്നത്തിനെതിരാകുന്നതെങ്ങനെ? മാസപ്പിറവിയുടെ മാനദണ്ഡം ചന്ദ്രനെ നഗ്നദൃഷ്ടികൊണ്ട് കാണൽ തന്നെയാണ്. അതായത് തിരുനബി (സ)യുടെ സുന്നത്തനുസരിച്ച് നഗ്നദൃഷ്ടികൊണ്ട് കാണാൻ ആവശ്യമായ ചന്ദ്രന്റെ പ്രായവും (Moon age) ഭൂമിസൂര്യ രേഖയിൽ നിന്നുള്ള കോണകലവും (Elongation) നമുക്കിന്ന് അറിയാം. അതിന്റെ അടിസ്ഥാനത്തിൽ മുൻകൂട്ടി മാസപ്പിറവി തീരുമാനിക്കുകയും ചെയ്യാം.

## ഒരു ഹദീസിന്റെ വിശദീകരണം

ഇബ്നു ഉമർ (റ) രിവായത്ത് ചെയ്ത ഒരു ഹദീസ് ഇപ്രകാരമാണ്. "നാം ഉമ്മീ സമുദായമാണ്. എഴുത്തും കണക്കും നമുക്കറിയില്ല അതുകൊണ്ട് നവചന്ദ്രോദയം കാണും വരേക്കും നിങ്ങൾ നോമ്പ് ആരംഭിക്കരുത്. അടുത്ത നവചന്ദ്രോദയം കാണും വരേക്കും നോമ്പവസാനിപ്പിക്കുകയും അരുത്. മേഘങ്ങൾ നിമിത്തമോ മറ്റോ നവചന്ദ്രോദയം കാണാൻ കഴിയാത്ത അവസ്ഥ വന്നാൽ അത് കണക്കുകൂട്ടുക. (*ഫ ഖദറൂ ലഹൂ* - calculate it (it's appearance)"

'നാം നിരക്ഷര സമുദായമാണ് കണക്കും എഴുത്തും നമുക്കറിയില്ല' എന്ന് പറഞ്ഞ് ആരംഭിക്കുന്ന പ്രസ്തുത

ഹദീസിന്റെ അവസാനത്തിലാണ് മാസപ്പിറ നിശ്ചയിക്കാൻ 'കണക്ക് കൂട്ടുക' എന്ന് അർത്ഥം വരുന്ന 'ഫഖദറൂലഹൂ' എന്ന ആജ്ഞയുള്ളത്. അതായത്, നാം കണക്കറിയാത്ത സമുദായമാണ് എന്നും കണക്ക് കൂട്ടുക എന്നുമുള്ള പ്രയോഗങ്ങൾ ഒറ്റനോട്ടത്തിൽ പരസ്പരം യോജിക്കാതെ വരുന്നു. ഈ ഹദീസ് രിവായത്ത് ചെയ്ത മറ്റു റാവിമാർക്കും ഹദീസ് ഭാഷ്യകാരന്മാർക്കും ഹദീസിലെ പദപ്രയോഗങ്ങൾ തമ്മിൽ യോജിപ്പിക്കാൻ കഴിയാതെ ആശയക്കുഴപ്പമുണ്ടായി. അതുകൊണ്ട് '*ഫകദറൂലഹൂ*' എന്നതിന്ന് '30 എണ്ണം പൂർത്തിയാക്കുക' എന്ന രീതിയിലും ഈ ഹദീസ് രിവായത്ത് ചെയ്യപ്പെട്ടത്. ഹദീസുകളിൽ റാവികളുടെ ഇത്തരം വിശദീകരണങ്ങൾ കൂട്ടിച്ചേർക്കൽ ഹദീസ് നിദാന ശാസ്ത്രത്തിൽ അനുവദനീയമാണെന്ന് പണ്ഡിതന്മാർ പറയുന്നു. 'ഇദ്റാജ്' എന്നാണ് സാങ്കേതികമായി ഇതിന് പറയുക. അങ്ങനെയാണ് 30 എണ്ണം പൂർത്തിയാക്കുക എന്ന നിർദേശം ഹദീസിൽ വന്നത്.

വാസ്തവത്തിൽ റസൂൽ തിരുമേനി കണക്കിൽ വ്യുൽപത്തി നേടാത്ത അക്കാലത്തെ അറബികളേയും കണക്കിൽ വൈദഗ്ദ്യം നേടുന്ന ഭാവിയിലെ മുസ്ലിംകളെയും രണ്ടു വിഭാഗങ്ങളെയും ഉദ്ദേശിച്ചാണ് ഈ ഹദീസിൽ ഉപദേശം നൽകിയത്. ഈ ഹദീസിലെ നാം അക്ഷരജ്ഞാനമില്ലാത്തവരും കണക്കറിയാത്തവരുമാണെന്ന പരാമർശം അക്കാലത്തെ അറബികൾക്ക് മാത്രം ബാധകമാണ്. അക്കാലത്ത് ഗോളശാസ്ത്രം നിരീക്ഷണ പ്രധാനമായിരുന്നു (Observational). അന്നത്തെ അറബികളാകട്ടെ നക്ഷത്രങ്ങളുടെയും ഗോളങ്ങളുടേയും നിരീക്ഷണകലയിൽ സൂക്ഷ്മജ്ഞാനമുള്ളവരുമായിരുന്നു. മരുഭൂമിയിലൂടെയുള്ള ദീർഘയാത്രകളും കപ്പലോട്ടവും ജീവിത ശൈലിയാക്കിയ അറബികൾക്ക് ആകാശം ഹൃദിസ്ഥമായിരുന്നു. അവർക്ക് മാസപ്പിറവി നിരീക്ഷണം തെറ്റാറില്ല. എന്നാൽ നാം കൊല്ലത്തിൽ രണ്ട് തവണ മാത്രം ആകാശം നോക്കുന്നവരാണ്. അമാവാസിയും പൗർണമിയും എന്താണെന്നറിയാത്തവരാണ് നമ്മിൽ പലരും. അതുകൊണ്ടാണ് നമുക്ക് തെറ്റിപ്പോകുന്നത്. പിൽക്കാലത്ത് അതേ അറബികൾ തന്നെ ഗണിതശാസ്ത്രത്തിൽ അഗ്രഗണ്യരായി. ഇന്ന് നാം ഉപയോഗിക്കുന്ന അക്കങ്ങൾപോലും അറബി അക്കങ്ങൾ (Arabic Numerals) എന്നാണല്ലോ അറിയപ്പെടുന്നത്. ഗോളങ്ങളുടെ ചലനത്തിന്റെ ഗണിതനിയമങ്ങൾ പഠിച്ച് സ്ഥാനം നിർണ്ണയിക്കുന്ന ജ്യോതിശാസ്ത്രത്തിലും (Positional Astronomy) അവർ വൈദഗ്ദ്യം നേടി. അക്കാലത്തെ അറബികളെ സംബന്ധിച്ച് ഹദീസിൽ പറഞ്ഞ കണക്കറിയാത്തവരും നിരക്ഷരരുമാണെന്ന വിശേഷണം ഒഴിവായി. അപ്പോൾ പിന്നെ നവചന്ദ്രനെ എപ്പോൾ ദർശിക്കാൻ കഴിയും എന്നത് കണക്ക്കൂട്ടിക്കൊണ്ട് കണ്ടുപിടിക്കാമെന്നായി. ഇങ്ങനെ മാസമുറപ്പിക്കുന്നതിൽ അസാംഗത്യമൊന്നുമില്ല എന്നാണ് ഈ ഹദീസിൽ നിന്നു വ്യക്തമാകുന്നത്. അതായത്, 29 ദിവസമുള്ള മാസം അവസാനിച്ച് ചന്ദ്രക്കല ആകാശത്ത് പ്രത്യക്ഷപ്പെട്ടിട്ടും മേഘം മൂലമോ മറ്റോ ചന്ദ്രക്കല ദൃശ്യമാകാതിരുന്നാൽ കണക്ക് കൂട്ടി കണ്ടുപിടിക്കാം എന്നാണ് പ്രസ്തുത ഹദീസിന്റെ താൽപ്പര്യം. ബാങ്കിന് വാച്ച് ഉപയോഗിക്കുന്നത്പോലെ നമുക്ക് മാസപ്പിറവിക്ക് കണക്കും ഉപയോഗിക്കാം.

## പ്രകൃതിയും ചന്ദ്രമാസപ്പിറവിയും

വാസ്തവത്തിൽ റസൂൽ തിരുമേനി (സ) പ്രകൃതിമതമായ ഇസ്ലാമിന്റെ ചന്ദ്രമാസങ്ങളെ പ്രകൃതിയുമായി യോജിപ്പിക്കുകയാണ് ചെയ്തത്. ഇസ്ലാം ആവിർഭവിക്കുന്നതിന്ന് മുമ്പു തന്നെ അറബികളിലും യഹൂദന്മാരിലും ഒരു ചന്ദ്രമാസകലണ്ടർ ഉണ്ടായിരുന്നു. ഈ കാലഗണനാ പദ്ധതി പ്രകാരം 29, 30, 29, 30 എന്നീ ദിവസങ്ങളുള്ള ചന്ദ്രമാസങ്ങൾ തുല്യമായി ആവർത്തിക്കുന്നതും മുൻകൂട്ടി നിശ്ചയിച്ചതുമായിരുന്നു. ചന്ദ്രന്റെ ദീർഘവൃത്ത ചലനം മൂലമുണ്ടാകുന്ന പ്രകൃതിയിലെ 29ന്റെയും 30ന്റെയും ചന്ദ്രമാസങ്ങളുടെ യാദൃച്ഛികമായ (Random) മാറ്റങ്ങളെപ്പറ്റിയും അതിന്റെ കണക്കും അവർക്കറിയില്ലായിരുന്നു. അവരുടെ ഈ കലണ്ടർ സമ്പ്രദായം പ്രകൃതിയിലുള്ള ചന്ദ്രമാസവുമായി യോജിക്കുകയില്ലെന്നും പ്രകൃതിയിൽ ഈ രണ്ട് എണ്ണങ്ങൾ തുല്യമായി ആവർത്തിക്കുന്നില്ലെന്നും റസൂലുല്ല (സ) പറഞ്ഞു. "ഇബ്നു ഉമറിൽ നിന്നു നിവേദനം. തിരുമേനി (സ) അരുളി: അക്ഷരജ്ഞാനമില്ലാത്ത ജനതയാണ് നാം. നമുക്ക് എഴുതാനോ കണക്ക് കൂട്ടാനോ അറിയില്ല. മാസം ഇങ്ങനെയും അങ്ങനെയും വരും. അതായത് ചിലപ്പോൾ ഇരുപത്തൊമ്പതും മറ്റു ചിലപ്പോൾ മുപ്പതും ദിവസങ്ങളുണ്ടായിരിക്കും" (ബുഖാരി) റസൂൽ തിരുമേനി ഗഹനമായ ഒരു ജ്യോതി ശാസ്ത്രതത്വമാണ് ഇവിടെ അതീവ ലളിതമായി പറഞ്ഞിരിക്കുന്നത്. മാസം 29, 30, 29എന്നീ രീതികളിൽ ആവർത്തിക്കില്ലെന്നും അവ യാദൃച്ഛികമായാണ് ആവർത്തിക്കുന്നതെന്നും അതിൽ 30ന്റെ 3 മാസം തുടർച്ചയായി വരുമെങ്കിൽ 29ന്റെ മാസങ്ങൾ 2 പ്രാവശ്യം മാത്രമേ തുടർച്ചയായി വരുകയുള്ളൂ എന്നുമുള്ള യാഥാർത്ഥ്യം മൂന്നുതവണയും രണ്ട് തവണയും കൈകൊണ്ട് ആംഗ്യം കാണിച്ച് തിരുമേനി (സ) അനുയായികളെ പഠിപ്പിക്കുകയായിരുന്നു. അതുകൊണ്ടാണ് പ്രകൃതിയിൽ ചന്ദ്രമാസം പിറന്നിട്ടുണ്ടോ എന്നറിയാൻ മാസപ്പിറ കാണാൻ ആകാശ നിരീക്ഷണം നടത്തണമെന്ന് റസൂൽ തിരുമേനി കൽപ്പിച്ചത്. ചന്ദ്രന്റെ ദീർഘവൃത്താകൃതിയിലുള്ള (Eliptic) ഭ്രമണം കാരണം ഭൂമിയുമായി താരതമ്യപ്പെടുത്തുമ്പോൾ അതിന്റെ വേഗം എല്ലാ മാസവും ഒരുപോലെയല്ല. അതുകൊണ്ടാണ് ഇത്തരത്തിൽ ചന്ദ്രമാസം ഇടകലർന്ന് ആവർത്തിക്കുന്നത് എന്ന ശാസ്ത്രതത്ത്വം റസൂൽ തിരുമേനി 1400 വർഷങ്ങൾക്ക് മുമ്പേ ഗ്രഹിച്ചിരുന്നു എന്ന യാഥാർത്ഥ്യം നമ്മെ അത്ഭുതസ്തബ്ധരാക്കുന്നു.

## മാസപ്പിറവി കാണൽ മറ്റൊരു പ്രശ്നം

മാസപ്പിറവി കാണുന്ന വിഷയത്തിൽ കണക്കിനുള്ള പ്രാധാന്യം വ്യക്തമാക്കുന്ന മറ്റൊരു പ്രശ്നം കൂടി നാം പരിഗണിക്കേണ്ടതുണ്ട്. അല്ലാഹു സൃഷ്ടിച്ച പ്രകൃതിയിൽ ചന്ദ്രമാസങ്ങൾ 29ഉം 30 ഇടകലർന്ന് വരുമെന്ന് പറഞ്ഞുവല്ലോ. ചന്ദ്രവർഷത്തിൽ 355 ഓ 354 ഓ ദിവസങ്ങളാണ് ഉണ്ടാവുക. അതായത് ചിലപ്പോൾ 29ന്റെ 5 മാസങ്ങളും 30ന്റെ 7 മാസങ്ങളും വരുമ്പോൾ 355 ദിവസങ്ങളായിരിക്കും. 29ന്റെ 6ഉം 30ന്റെ 6ഉം ആയാൽ 354 ദിവസവുമായിരിക്കും. ഇത് പ്രകൃതി

യുടെ നിശ്ചയമാണ്. ഇക്കാര്യത്തിൽ വേണ്ടത്ര വിവരമില്ലാത്തവർ 29ന് മാസപ്പിറവി നോക്കി കാണാത്തത്കൊണ്ട് 30 ആക്കുന്നു എന്ന് ധരിക്കുന്നത് ശരിയല്ല. യഥാർത്ഥത്തിൽ ആ മാസം 30 എണ്ണമുണ്ട് അതുകൊണ്ടാണ് 29ന് പിറവി കാണാത്തത്. പിറന്നുകഴിഞ്ഞ മാസം മേഘം മൂലം കാണാതെ വന്നാ ൽ കണക്കിനെ അവഗണിച്ചുകൊണ്ട് നാം മുപ്പത് ആക്കുകയാണെങ്കിൽ അത് ചില കുഴപ്പങ്ങൾ സൃഷ്ടിക്കുമെന്ന് കൂടി അറിയുമ്പോൾ കണക്കിന്റെ പ്രാധാന്യം നമുക്ക് ബോദ്ധ്യമാകും.

ചന്ദ്രവർഷം 354 ഓ 355 ഓ ദിവസങ്ങളായിരിക്കും. റമസാനും ശവ്വാലും ദുൽഹജ്ജും മാത്രമല്ല മറ്റു മാസങ്ങളും മാസപ്പിറവിയുടെ അടിസ്ഥാനത്തിലാണല്ലോ ആരംഭിക്കുന്നത്. മാസത്തിന്റെ 29ാം ദിവസം നാം പിറവിയന്വേഷിക്കുന്നു എന്നിരിക്കട്ടെ. മേഘം മൂലം പിറവി കാണുന്നില്ല. പ്രസ്തുത ഹദീസിലെ '30 എണ്ണം പൂർത്തിയാക്കുക' എന്ന അർത്ഥത്തിൽ നാം ആ മാസം 30 ദിവസം പൂർത്തിയാക്കി എന്നു വെക്കുക. അപ്പോൾ 12 മാസവും ഇപ്രകാരം മേഘംമൂലം ചന്ദ്രക്കല കാണുന്നില്ലെങ്കിൽ 12 മാസമുള്ള ചന്ദ്രവർഷത്തിൽ 12 X 30 = 360 ദിവസങ്ങൾ വരും. അതായത് വർഷത്തിൽ അഞ്ചോ ആറോ ദിവസം അധികം. ഇത് യുക്തിക്കും ബുദ്ധിക്കും നിരക്കുന്നതല്ല; പ്രകൃതിവിരുദ്ധവുമാണ്. അപ്പോൾ നവ ചന്ദ്രനെ കാണുന്ന ദിവസം കണക്ക് കൂട്ടി നമ്മുടെ കാഴ്ചയെ ദൃഢീകരിക്കാനും കുറ്റമറ്റതാക്കാനും സാധിക്കും. കാഴ്ചയും കണക്കും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ല എന്നതാണ് വാസ്തവം.

മാസപ്പിറവി എന്നത് സൗരയൂധത്തിൽ സൂര്യനും ഭൂമിയും ചന്ദ്രനും ഭാഗഭാക്കാകുന്ന, സ്ഥിരമായി ആവർത്തിക്കുന്ന ഒരു ഗോളാന്തര പ്രതിഭാസമാണ്. അമാവാസിയെ ആധാരമാക്കി ഇത് നമുക്കിന്ന് കണക്ക് കൂട്ടി അറിയാൻ സാധിക്കും. ഭൗമാന്തരീക്ഷത്തിലെ അസ്ഥിരമായ കാലാവസ്ഥമൂലം ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് മൂന്നോ നാലോ കിലോമീറ്റർ മുകളിലെ മേഘപടലങ്ങൾ കാരണം മാസപ്പിറവി കാണാതായാൽ മാസഗണന തെറ്റായി വരും. ഇതിൽ നിന്ന് നമ്മെ രക്ഷിക്കുന്നത് ഗോളശാസ്ത്ര കണക്കുകളാണ്. അപ്രകാരം മലബാറിൽ സംഭവിക്കുന്നത് പോലെ പ്രകൃതിയിൽ 30 ദിവസമുള്ള മാസത്തിൽ 29ന് രാത്രി ആകാശത്ത് നോക്കി ഇല്ലാത്ത ചന്ദ്രനെ കണ്ട് വ്യാജമാസ പ്രഖ്യാപനത്തിൽ നിന്ന് കണക്കുകൾ നമ്മെ രക്ഷിക്കുന്നു.

## അഹ്മദികളുടെ മാസപ്രഖ്യാപനവും വസ്‌വാസ് രോഗവും

മലബാറിൽ വ്യാജമാസങ്ങൾ അരങ്ങേറാൻ തുടങ്ങിയത് മുതൽ അഹ്മദികൾക്ക് പലപ്പോഴും വേറിട്ട മാസപ്രഖ്യാപനങ്ങളാണ് ഉണ്ടാവാറ്. ഇത്തവണത്തെ റമസാൻ നോമ്പ് മലബാറിലെ ഭൂരിപക്ഷ മുസ്‌ലിംകളിൽ നിന്നും വിഭിന്നമായി അഹ്മദികൾക്ക് 7.11.2002 വ്യാഴാഴ്ചയാണ് തുടങ്ങിയത്. ചിലയാളുകൾ ഈ വ്യത്യാസത്തെപ്പറ്റി ആത്മാർത്ഥമായി മനസ്സിലാക്കാൻ ശ്രമിക്കാറുണ്ട്. ചില അൽപ്പജ്ഞാനികൾ പരിഹസിക്കാറുമുണ്ട്. 'അന്നാസു അഅ്ദാഉ മാജഹലൂ'-മനുഷ്യർ തങ്ങൾക്ക് അറിഞ്ഞുകൂടാത്തതിന്റെ ശത്രുവാണ് എന്ന ന്യായം വെച്ച് അക്കൂട്ടരെ നമുക്ക് അവഗണിക്കാം. ഗോളശാസ്ത്രപരമായി മാസം കാണാൻ പറ്റാത്ത ദിവസം ഖാളിമാർ മാസം കാണാൻ ആഹ്വാനം ചെയ്യുമ്പോൾ അന്നേദിവസം അഹ്മദികളെന്താണ് മാനത്ത് നോക്കാത്തത് എന്നാണ് ഇക്കൂട്ടരുടെ പരിഭവം. അഥവാ മാസം കണ്ടാലോ എന്നൊരു വസ്‌വാസും ഇവർ പ്രകടിപ്പിക്കും. മാസം കണ്ടാൽ നിങ്ങളുടെ കണക്കെന്താകും? എന്നൊരു സാങ്കൽപ്പിക ചോദ്യവും ഇക്കൂട്ടർ ഉന്നയിക്കും. ഈ വസ്‌വാസ് കേൾക്കുമ്പോൾ ഒരു കഥയാണ് ഓർമ്മവരുന്നത്. പണ്ട് നിറഞ്ഞ് കവിഞ്ഞൊഴുകുന്ന പുഴക്കരികിലൂടെ ഒരു നമ്പൂതിരി നടന്നുപോകുകയായിരുന്നു. മറുകരയിൽനിന്ന് ഒരു പട്ടി കുരച്ചു. കോരിച്ചൊരിയുന്ന മഴയത്ത് നമ്പൂതിരി കുടയും മടക്കി പട്ടിയെ തല്ലാൻ ഓങ്ങിനിൽക്കുകയാണ്. ഒരു വഴിപോക്കൻ ചോദിച്ചു: പട്ടിയാണെങ്കിൽ അക്കരെ, നടുവിൽ നിറഞ്ഞ പുഴ പിന്നെ നമ്പൂതിരി എന്തിനാണ് പട്ടിയെ തല്ലാൻ കുടയും മടക്കി ഓങ്ങി നിന്ന് മഴ നനയുന്നത്? അപ്പോൾ നമ്പൂതിരി പറഞ്ഞു: പുഴ വറ്റിപ്പോയെങ്കിലോ? എന്നിട്ട് പട്ടി വന്ന് എന്നെ കടിച്ചെങ്കിലോ?! ഇത്തരം നമ്പൂതിരിശങ്കയുമായി നടക്കുന്ന സംശയരോഗികളോട് അഹ്മദികൾക്കുള്ള ഉപദേശം, ഖാളിമാരുടെ മാസം നോക്കാൻ ആഹ്വാനം വരുന്ന ദിവസം ആകാശം നോക്കി വ്യാജമാസം കാണാതിരിക്കാൻ തലയിൽ മുണ്ടിട്ട് നടക്കുക എന്നുമാത്രമാണ്. കഴുതപ്പുണ്ണിനു പൂഴി മരുന്ന് എന്നാണല്ലോ പ്രമാണം. ഖാളിമാരുടെ ഗോളശാസ്ത്രത്തിലുള്ള വിവരക്കേടിനനുസരിച്ച് തുള്ളാൻ അഹ്മദികളെ കിട്ടില്ല.

മാസപ്പിറവിയുടെ അടിസ്ഥാനം കാഴ്ചതന്നെയാണെന്നതിൽ യാതൊരു സംശയവുമില്ല. മാസപ്പിറ കാണുമെങ്കിൽ ചന്ദ്രന്റെ പ്രായം അമാവാസി കഴിഞ്ഞ് ഏറ്റവും ചുരുങ്ങിയത് 20 മണിക്കൂറും സൂര്യ-ഭൂമി രേഖയിൽ നിന്ന് 10 ഡിഗ്രി കോണകലവും ആവശ്യമാണ്. അതിന്ന് മുമ്പായി യാതൊരു കാരണവശാലും ചന്ദ്രപ്പിറവി കാണുവാൻ സാധ്യമല്ല എന്നത് ഗോളശാസ്ത്രത്തിലെ ഖണ്ഡിത നിയമമാണ്. ലണ്ടനിലെ റോയൽ ഒബ്സർവേറ്ററിയുടെയും മറ്റെല്ലാ ആധികാരിക ഗോളശാസ്ത്ര സ്ഥാപനങ്ങളുടെയും അഭിപ്രായമാണിത്. അഹ്മദികൾക്ക് അവരുടെ ഖലീഫാ തിരുമനസ്സ് പരിചയപ്പെടുത്തിയ ഗോളശാസ്ത്രത്തിലെ ഈ രണ്ട് അളവുകോൽ ഉപയോഗിച്ചാണ് കേരളത്തിൽ അഹ്മദികൾ റമസാൻ ശവ്വാൽ ദുൽഹജ്ജ് മാസപ്പിറവി നിർണയിക്കുന്നത്. അതുകൊണ്ട് മാസപ്പിറവി സംബന്ധമായി കേരളത്തിലരങ്ങേറുന്ന വൃത്തികെട്ട നാടകങ്ങളിൽ അഹ്മദികൾക്ക് ഭാഗഭാക്കാകേണ്ടിവരുന്നില്ല. നഗ്നദൃഷ്ടികൊണ്ട് ചന്ദ്രക്കല കണ്ട് മാസമുറപ്പിക്കലാണ് റസൂൽതിരുമേനി(സ)യുടെ സുന്നത്തെങ്കിൽ കേരളത്തിലെ മുസ്‌ലിംകൾക്ക് അഹ്മദികൾ അവലംബിക്കുന്ന രീതി പിന്തുടരുകയല്ലാതെ നിവർത്തിയില്ല. അല്ലാത്തപക്ഷം മാസമുറപ്പിക്കുന്ന ഖാളിമാരും നോമ്പ് മുറിപ്പിക്കുന്ന ഖാളിമാരും സമുദായത്തിൽ ഇനിയും ഉണ്ടായിക്കൊണ്ടിരിക്കും. ■

കുറിപ്പുകൾ

മുസാഫിർ

# അലക്സാണ്ട്രിയ ലൈബ്രറി പുനർജ്ജനിക്കുന്നു

ഗ്രീക്ക് സെമിറ്റിക്ക് സംസ്കാരങ്ങളുടെ സങ്കലനവേദി എന്നറിയപ്പെടുന്ന ഈജിപ്തിലെ പുരാണപ്രസിദ്ധമായ അലക്സാണ്ട്രിയ ലൈബ്രറി രണ്ടായിരം വർഷത്തിനുശേഷം പുനർജനിക്കുകയാണ്. കഴിഞ്ഞ ഒക്ടോബർ 16ന് ഈജിപ്ത് പ്രസിഡന്റ് ഹുസ്നി മുബാറക്കാണ് ബിബ്ളിയോത്തിക്ക അല്കസാണ്ട്രിയ (Bibliothica Alexandria) എന്ന് ചരിത്രത്തിൽ അറിയപ്പെട്ടിരുന്ന ഈ ഗ്രന്ഥപ്പുരയുടെ രണ്ടാംജന്മത്തിന് പ്രോദ്ഘാടകനായി വർത്തിച്ചത്. ഈ ഗ്രന്ഥാലയത്തിന്റെ പുനർനിർമ്മിതിയും ഉദ്ഘാടനവും ഒരു ലോകസംഭവമാക്കി മാറ്റാൻ മുബാറക്ക് നന്നായി ശ്രമിച്ചു. ലോകം കണ്ട ഏറ്റവും സമുന്നതനായ ഭരണാധികാരിയും, വിജ്ഞാനദാഹിയും പരമസാത്വികനുമായിരുന്ന മുസ്ലിംകളുടെ പ്രിയങ്കരനായ രണ്ടാം ഖലീഫ ഹസ്റത്ത് ഉമർ (റ)ന്റെ ആജ്ഞപ്രകാരമാണ് ഈ ഗ്രന്ഥാലയം നശിപ്പിച്ചതെന്ന് ക്രിസ്ത്യൻ പക്ഷപാതികളായ ചരിത്രകാരന്മാർ പ്രചരിപ്പിച്ച അടിസ്ഥാനരഹിതമായ പച്ചക്കള്ളത്തിന് മധുരമായ പ്രതികാരമായിരിക്കാം മുബാറക്കിന്റെ മനസ്സിൽ. വെൽഡൺ മിസ്റ്റർ മുബാറക്ക്! വെൽഡൺ!!

ഈജിപ്ത് ഭരണകൂടവും ഐക്യരാഷ്ട്രസഭയുടെ ഏജൻസിയായ യുനെസ്കോയും (UNESCO) ചേർന്നു നിർമ്മിച്ച ഈ ബൃഹദ് ഗ്രന്ഥാലയത്തിന്റെ ചെലവ് 225 ദശലക്ഷം ഡോളറാണ്. 31,000 ചതുരശ്ര അടി വിസ്താരത്തിൽ പതിനൊന്ന് നിലകളായി പടുത്തുയർത്തിയ ഈ കെട്ടിടം ഈജിപ്തിലെ നാലാം പിരമിഡ് എന്നാണ് ലോകമാധ്യമങ്ങൾ വിശേഷിപ്പിക്കുന്നത്. നീല ജലാശയത്തിൽ തലയുയർത്തി നിൽക്കുന്ന ഒരു പ്രാകാരത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന രീതിയിലാണ് അതിമനോഹരമായ ഈ രമ്യഹർമ്യം പണിതത്. ഉദ്ഘാടനച്ചടങ്ങിൽ ഫ്രഞ്ച് പ്രസിഡന്റ് ജാക്വിസ് ചിറാഗ്, സ്പെയിനിലെ സോഫിയാ രാജ്ഞി, ജോർദാനിലെ റാനിയ രാജ്ഞി, റുമാനിയ, ഇറ്റലി, ഗ്രീസ് മുതലായ രാജ്യങ്ങളിലെ പ്രസിഡന്റുമാർ തുടങ്ങി ലോക പ്രശസ്തരായ നിരവധി പ്രമുഖ വ്യക്തിത്വങ്ങൾ വേദിയിൽ സന്നിഹിതരായിരുന്നു. നിരവധി പാശ്ചാത്യരാജ്യങ്ങൾ ലൈബ്രറിക്ക് വേണ്ട സാമഗ്രികളും സാങ്കേതിക ജ്ഞാനവും നൽകി സഹായിക്കുകയുണ്ടായി. ലോകത്തിലെ ഏറ്റവും വലിയ ലൈബ്രറിയായ അമേരിക്കൻ കോൺഗ്രസ് ലൈബ്രറിയോട് കിടപിടിക്കുകയാണ് പുനർജനിച്ച അലക്സാണ്ട്രിയ ലൈബ്രറിയുടെ ലക്ഷ്യമെന്ന് വ്യക്തമാക്കപ്പെടുകയുണ്ടായി. രണ്ടര ലക്ഷം ഗ്രന്ഥങ്ങളും കയ്യെഴുത്തുരേഖകളും ഇപ്പോൾ ശേഖരിച്ചിട്ടുണ്ട്. 120 ദശലക്ഷം പുസ്തകങ്ങളുള്ള അത്യാധുനികമായ അമേരിക്കൻ ലൈബ്രറിയോട് മത്സരിക്കാൻ മൂന്നാം ലോകരാജ്യവും പരിമിത ബൗദ്ധിക വിഭവങ്ങളുമുള്ള ഈജിപ്തിന്നാകുമോ എന്നത് വേറെ കാര്യം.

വിശ്വജേതാവായ അലക്സാണ്ടർ ചക്രവർത്തി ബി.സി. 332ൽ പണികഴിപ്പിച്ച നഗരമാണ് അലക്സാണ്ട്രിയ. തന്റെ നാമത്തെ അനശ്വരമാക്കാൻ അലക്സാണ്ട്രിയ എന്ന് ഈ മനോഹരനഗരത്തിന് പേരുനൽകിയെങ്കിലും പൂർവ്വദിക്കിലേക്ക് പടയോട്ടത്തിന് പോയ അലക്സാണ്ടർ തന്റെ ഇഷ്ടനഗരത്തിലേക്ക് ജീവനോടെ തിരിച്ചുവന്നില്ല. അദ്ദേഹത്തിന്റെ മൃതശരീരം സ്വീകരിക്കാനുള്ള യോഗമാണ് അലക്സാണ്ട്രിയക്കുണ്ടായത്. പിന്നീട് യവനസംസ്കാരത്തിന്റെ ലോകതലസ്ഥാനമായി മാറിയ അലക്സാണ്ട്രിയ ടോളമി രാജവംശമാണ് ഭരിച്ചത്. ടോളമി രണ്ടാമനാണ് അലക്സാണ്ട്രിയ ഗ്രന്ഥാലയത്തിന് രൂപം നൽകിയത്. ഗണിതശാസ്ത്രത്തിലെ ജ്യാമിതിയുടെ (Geometry) പിതാവെന്നറിയപ്പെടുന്ന യൂക്ലിഡ് തന്റെ ഗണിതസിദ്ധാന്തങ്ങൾ ആവിഷ്കരിച്ചതും ഇറാസ്തോസ്തനീസ് ഭൂമിയുടെ വൃത്തപരിധി നിർണ്ണയിച്ച് അക്ഷാംശരേഖകളുടെയും രേഖാംശരേഖകളുടെയും അടിസ്ഥാനത്തിൽ ഭൂപടം തയ്യാറാക്കിയതും ആർക്കമഡീസ് തന്റെ പ്രശസ്തമായ ഭൗതികശാസ്ത്ര നിയമങ്ങൾക്ക് രൂപം നൽകിയതും ഹീബ്രുവിൽനിന്നു ബൈബിൾ പഴയനിയമം ഗ്രീക്കിലേക്ക് മൊഴിമാറ്റം നടത്തപ്പെട്ടതും യവനകാലഘട്ടത്തിലെ മഹത്തായ സാഹിത്യരചനകൾ നടന്നതും മ്യൂസിയം എന്ന് വിളിക്കപ്പെടുന്ന (Mousein, Museum) ഈ ഗ്രന്ഥാലയത്തിൽവെച്ചാണ്. ഏഴു ലക്ഷത്തോളം ലിഖിത രേഖകൾ സൂക്ഷിച്ചിരുന്ന ഈ വിജ്ഞാനപ്പുരയിൽ നിന്ന് സംസ്കാരവും വിജ്ഞാനവും ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പ്രസരിച്ചു. ടോളമി രാജവംശത്തിലെ അവസാനത്തെ ഭരണാധികാരി ക്ലിയോപാട്ര യുടെ കാലത്താണ് (ബി.സി.48) അലക്സാണ്ട്രിയ ഗ്രന്ഥശാല അഗ്നിക്കിരയായത്. റോമൻ ഭരണാധികാരി ജൂലിയസ് സീസർ അലക്സാണ്ട്രിയയിലെ കപ്പൽസമൂഹത്തിന് തീകൊടുത്തപ്പോൾ അത് ഗ്രന്ഥശാലയെ ഭാഗികമായി നശിപ്പിക്കുകയായിരുന്നു. ക്ലിയോപാട്രയും സഹോദരൻ ടോളമിയും തമ്മിലുണ്ടായ അധികാരവടംവലിയിൽ ക്ലിയോപാട്രയെ യുദ്ധത്തിൽ സഹായിക്കുകയായിരുന്നു ജൂലിയസ് സീസർ. ജൂലിയസ് സീസർ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ആത്മമിത്രം ആന്റണിയുമായി ക്ലിയോപാട്ര അടുത്തു. ഈ ചരിത്രസംഭവമാണ് മഹാനായ സാഹിത്യകാരൻ ഷേക്സ്പിയർ Antony And Cleopatra എന്ന ഇംഗ്ലീഷ് കാവ്യത്തിൽ ചില മാറ്റങ്ങളോടെ ആവിഷ്കരിച്ച് അനശ്വരമാക്കിയത്. പിന്നീട് ക്ലിയോപാട്ര പുതുക്കിപ്പണിത ലൈബ്രറി ക്രിസ്ത്യാനികൾ ഈജിപ്തു കീഴക്കിയപ്പോൾ (എ.ഡി. 360ൽ) മുഴുവൻ ചുട്ടുചാമ്പലാക്കി. ടോളമി ഫിലാഡെൽഫസ്

സറാപ്പ്യ ക്ഷേത്രത്തിൽ പണിത മറ്റൊരു ഗ്രന്ഥാലയവും (എ.ഡി. 391ൽ) ക്രിസ്ത്യൻ രാജാവായ തിയോഡസ് ചക്രവർത്തി അഗ്നിക്കിരയാക്കി. മുസ്‌ലിംകൾ ഈജിപ്തിൽ കാലുകുത്തുന്നതിന്റെ രണ്ടേമുക്കാൽ നൂറ്റാണ്ട് മുമ്പ് അലക്സാണ്ട്രിയയിലെ പുരാണ പ്രസിദ്ധമായ ഗ്രന്ഥാലയങ്ങൾ മുച്ചൂടും ക്രിസ്ത്യാനികളാൽ നശിപ്പിക്കപ്പെട്ടിരുന്നു. ഇതുസംബന്ധിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 'വിശ്വചരിത്രാവലോകന'ത്തിൽ എഴുതിയത് ശ്രദ്ധേയമാണ്: "അറബികളാണ് പ്രശസ്തമായ അലക്സാണ്ട്രിയൻ ലൈബ്രറി കത്തിച്ചതെന്ന് ഒരു കെട്ടുകഥയുണ്ട്. പക്ഷേ, അത് തികച്ചും തെറ്റാണെന്നാണ് ഇപ്പോൾ കരുതപ്പെടുന്നത്. പുസ്തകങ്ങളെ അഗാധമായി സ്നേഹിച്ച അറബികളിൽനിന്ന് ഇത്തരം കിരാതകൃത്യം ഉണ്ടാവില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ കോൺസ്റ്റാന്റിനോപ്പിളിലെ തിയോഡസ് ചക്രവർത്തിയാണ് ഈ നശീകരണത്തിന് കാരണക്കാരനായിരിക്കാൻ സാധ്യത. ലൈബ്രറിയുടെ ഒരു ഭാഗം അതിനുമുമ്പുതന്നെ ജൂലിയസ് സീസറാൽ നശിപ്പിക്കപ്പെട്ടിരുന്നു." (വിശ്വചരിത്രാവലോകനം-പണ്ഡിറ്റ് ജവഹർലാൽ നെഹ്റു) 18ാം നൂറ്റാണ്ടിലെ സുപ്രസിദ്ധ യൂറോപ്യൻ ചരിത്രകാരനായ എഡ്വേർഡ് ഗിബ്ബൺ അലക്സാണ്ട്രിയ ലൈബ്രറി നശിപ്പിച്ചത് മുസ്‌ലിംകളല്ല എന്ന് ശക്തിയുക്തം തെളിവുകൾ നിരത്തി സ്ഥാപിച്ചിട്ടുണ്ട്. പ്രിൻസ്റ്റൺ യൂനിവേഴ്സിറ്റിയിലെ അറബി ചരിത്രകാരനായ ഫിലിപ്പ് ഹിറ്റി, ജി വൈറ്റ്, ആൻസോക്രച്ച്ടൺ, വാഷിംഗ്ടൺ ഇർവിങ്ങ് തുടങ്ങിയ ആധുനിക ലോകത്തെ എല്ലാ പ്രാമാണിക ഓറിയന്റലിസ്റ്റ് പണ്ഡിതന്മാരും ഈ സത്യം അംഗീകരിച്ചുകഴിഞ്ഞിട്ടും അവസരം കിട്ടുമ്പോഴെല്ലാം ചില വിവരദോഷികൾ മുസ്‌ലിംകളെ പരിഹസിക്കാൻ ഈ കള്ളക്കഥ ഉദ്ധരിക്കാറുണ്ട്. 500 വർഷങ്ങൾക്ക് മുമ്പ് നമ്മുടെ കേരളത്തിൽ റോമൻ പോർട്ടുഗീസുകാരനായ അലക്സിസ് മെനേസിസ് എന്ന വിജ്ഞാനവൈരിയനായ റോമൻ കത്തോലിക്ക ആർച്ചുബിഷപ്പ് പൗരാണിക പാരമ്പര്യമുള്ള സുറിയാനി ക്രിസ്ത്യാനികളുടെ മുഴുവൻ ഗ്രന്ഥശേഖരങ്ങളും പള്ളികളായ പള്ളികളെല്ലാം ചുറ്റിസഞ്ചരിച്ച്കൂട്ടിയിട്ടു തീവെച്ച് നശിപ്പിച്ചത് കേരളത്തിന്റെ തിരുമുറ്റത്ത് വെച്ച് നടന്ന സംഭവമാണല്ലോ. ലോകത്തിലെ ഏറ്റവും പൗരാണിക ക്രിസ്തീയ സമൂഹമായ കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ചരിത്രമില്ലാതാക്കിയത് ഈ കത്തോലിക്കാ ബിഷപ്പാണെന്ന കാര്യം ഇവിടുത്തെ പലരും വേണ്ടത്ര ഗൗരവത്തിലെടുത്തിട്ടില്ല. മുസ്‌ലിംകളിൽനിന്ന് സ്പെയിൻ ക്രിസ്ത്യാനികൾ പിടിച്ചെടുത്തപ്പോഴും ഗ്രന്ഥ നശീകരണങ്ങൾ ആവർത്തിക്കപ്പെടുകയുണ്ടായി. മധ്യകാലഘട്ടത്തിലെ ക്രിസ്ത്യാനികളുടെ വിജ്ഞാന വിരോധം കുപ്രസിദ്ധമായിരുന്നു.

ഹസ്റത്ത് ഉമറുബിനുൽ ഖത്താബിന്റെ കാലത്ത് ഈജിപ്ത് കീഴടക്കിയ അംറുബിനുൽ ആസ് ആണ് ഖുർആനുള്ളപ്പോൾ മറ്റൊന്നും വേണ്ടെന്ന് പറഞ്ഞു അലക്സാണ്ട്രിയ ലൈബ്രറി അഗ്നിക്കിരയാക്കിയെന്നാണ് ക്രിസ്ത്യാനികൾ പ്രചരിപ്പിക്കാറുള്ള കള്ളക്കഥ. അവർ ചെയ്ത ഈ ഘോരാപരാധം വിജ്ഞാനത്തെ അളവറ്റ് സ്നേഹിച്ച ഉമർ ഫാറൂഖിന്റെ മേൽ നിർലജ്ജം കെട്ടിവെക്കുകയാണ്. മുസ്‌ലിംകൾ ഈജിപ്ത് കീഴടക്കി 500 വർഷങ്ങൾക്കുശേഷം മിൽട്ടൺ നഗരത്തിൽ ജനിച്ച അബുൽ ഫറജ് എന്ന ക്രിസ്തീയ പുരോഹിതൻ രചിച്ച 'മുഖ്ത്തസറുദൂൻ' എന്ന അറബി ഗ്രന്ഥത്തിലാണ് ഈ കള്ളക്കഥ ആദ്യമായി പ്രത്യക്ഷപ്പെട്ടത്. മുസ്‌ലിം ചരിത്രകാരന്മാർ ഈ കള്ളക്കഥയുടെ വിത്തും വേരും കണ്ടെത്തി അനിഷേധ്യമാം വിധം ലോകത്തിനു മുമ്പിൽതെളിയിച്ചുകാട്ടുകയുണ്ടായി. ഏതായാലും, ഫിനിക്സ് പക്ഷിയെപ്പോലെ വീണ്ടും ഉയിർത്തെഴുന്നേറ്റ അലക്സാണ്ട്രിയൻ ഗ്രന്ഥശാലയുടെ ഭുവനപ്രശസ്തി എന്നെന്നും നിലനിൽക്കട്ടെ എന്ന് നമുക്ക് ആശംസിക്കാം. ■

---

*പേജ് 11ൽ നിന്ന്*

അവിശ്വാസികളായിരുന്നു അവരെന്നായിരുന്നു ഉദ്യോഗസ്ഥന്റെ ന്യായം.

''അല്ലയോ വിശ്വാസികളെ, എന്റെയും നിങ്ങളുടെയും ശത്രുക്കളെ നിങ്ങൾ സ്നേഹബന്ധം നിലനിർത്തി മിത്രങ്ങളാക്കി വെക്കരുത്" (60:5).

ഈ അപേക്ഷ ലഭിച്ചയുടനെ രാജാവ് അതിന്മേൽ ഇപ്രകാരം ഒരു കുറിപ്പെഴുതിവെച്ചു.

'ഞാൻ താങ്കളുടെ അപേക്ഷ വായിച്ചു. ഏതൊരു അഗ്നിയാരാധകനാകട്ടെ ഹിന്ദുവാകട്ടെ അവർ അവിശ്വാസികളാണെന്ന കാരണത്താൽ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്ന് നിഷ്കാസിതനാക്കാൻ പാടില്ല. താങ്കൾ ആ ഖുർആൻ വചനത്തിന്റെ പകുതി മാത്രമാണ് ഉദ്ധരിച്ചത്. അത് മുഴുവനും വായിച്ചുനോക്കുക.

"അല്ലയോ വിശ്വാസികളേ, എന്റെയും നിങ്ങളുടെയും ശത്രുക്കളെ നിങ്ങൾ സ്നേഹബന്ധം പുലർത്തി മിത്രങ്ങളാക്കിവെക്കരുത്. അവർ നിങ്ങൾക്ക് ഇറക്കപ്പെട്ട സത്യത്തെ അവിശ്വസിച്ചിരിക്കുകയാണല്ലോ. നിങ്ങളുടെ നാഥനായ അല്ലാഹുവിൽ നിങ്ങൾ വിശ്വസിക്കുന്നുവെന്ന കാരണത്താൽ ദൈവദൂതനെയും നിങ്ങളെയും അവർ ബഹിഷ്കരിക്കുകയും ചെയ്യുന്നു"(60:2).

മുസ്‌ലിംകളോട് അക്രമം പ്രവർത്തിക്കുകയും അവരുടെ ദൂതനെയും അദ്ദേഹത്തിൽ വിശ്വസിച്ചവരെയും നാട്ടിൽനിന്ന് പുറത്താക്കുകയും ചെയ്ത അവിശ്വാസികളെ നിങ്ങളുടെ മിത്രമാക്കരുത് എന്നാണ് ഈ ഖുർആൻ വചനത്തിൽ പറഞ്ഞിരിക്കുന്നത്. നിങ്ങൾ ഈ ഖുർആൻ വചനം മുഴുവനും വായിച്ചിരുന്നുവെങ്കിൽ അതിൽനിന്ന് ഊഹിച്ചെടുത്തതിന്റെ നേർ വിപരീതാർത്ഥമായിരിക്കും താങ്കൾക്ക് ലഭിക്കുക. ഖുർആന്റെ അതേ അദ്ധ്യായത്തിൽ വളരെ വ്യക്തമായ ഒരു കൽപ്പന ഇങ്ങനെയാണ്.

"മതം കാരണത്താൽ നിങ്ങളുമായി യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളുടെ ഭവനങ്ങളിൽ നിന്ന് നിങ്ങളെ ബഹിഷ്ക്കരിച്ചിട്ടില്ലാത്തവരുമായവരെപ്പറ്റി നിങ്ങളവർക്ക് നന്മ ചെയ്യുന്നതും അവരുമായി നീതിപൂർവ്വം വർത്തിക്കുന്നതും അല്ലാഹു നിങ്ങളോട് വിരോധിക്കുന്നില്ല. തീർച്ചയായും നീതി പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു" (60:9).

അതുകൊണ്ട് നിങ്ങളുടെ അപേക്ഷ നിരസിച്ചിരിക്കുന്നു.' ■

**കുറിപ്പുകൾ**

**മുസാഫിർ**

# കാണാതെപോയ ഇസ്രായേൽ ഗോത്രവും ഡി. എൻ. ഏ. പരിശോധനയും

അസീറിയൻ ബാബിലോണിയൻ ആക്രമണങ്ങളുടെ ഫലമായി പുരാതനകാലത്ത് ഫലസ്തീനിൽ അധിവസിച്ചിരുന്ന ഇസ്രായേൽ ഗോത്രങ്ങൾ ഇന്ത്യയിലും തിബത്തിലും മറ്റ് കിഴക്കൻ പ്രദേശങ്ങളിലും കുടിയേറുകയുണ്ടായി. കാണാതെപോയ പത്ത് ഇസ്രായേൽ ഗോത്രങ്ങൾ എന്ന് ഇവരെയാണ് ചരിത്രം വിശേഷിപ്പിക്കുന്നത്. ബാബിലോണിയയ്ക്ക് ശേഷം പേർഷ്യ, മാസിഡോണിയ എന്നീ സാമ്രാജ്യപതികളുടെ അതിവിശാലമായ സാമ്രാജ്യത്തിൽ ഈ യഹൂദഗോത്രങ്ങൾ കൂടുതൽ കൂടുതൽ കിഴക്കോട്ടേക്ക് ചിതറിപ്പരന്നു. BC.458ൽ പേർഷ്യൻ ഭരണത്തിനുകീഴിൽ സൈറസ് ചക്രവർത്തിയുടെ കാലത്ത് രണ്ട് ഇസ്രയേലി ഗോത്രത്തിൽപ്പെട്ട ഏതാനും പേർ മാത്രമാണ് ജെറുസലേമിലേക്ക് മടങ്ങിയെത്തിയത്. യേശു ജനിക്കുന്നതിന് നാലര നൂറ്റാണ്ടു മുമ്പാണ് ഈ സംഭവം. യേശു അവരിലാണ് പ്രബോധനം നിർവ്വഹിച്ചത്. അഫ്ഗാനികളും കശ്മീരികളും വടക്കേ ഇന്ത്യയിലും തിബത്തിലും പ്രാന്തപ്രദേശങ്ങളിലും താമസിക്കുന്ന നിരവധി ജനവർഗ്ഗങ്ങളും ഇസ്രായേൽ ഗോത്രത്തിലെ കാണാതെപോയ ഗോത്രങ്ങളിൽ പെട്ടവരാണെന്ന് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തന്റെ 'മസീഹ് ഹിന്ദുസ്ഥാൻ മെ' എന്ന പുസ്തകത്തിൽ തെളിയിച്ചുകാട്ടുകയുണ്ടായി. കാണാതെപോയ ഇസ്രായേൽ ഗൃഹത്തിലെ ഗോത്രങ്ങളെ തേടിയായിരുന്നു യേശുക്രിസ്തു ഇന്ത്യയിലേക്ക് വന്നത്. ഇതിൽ പല ഇസ്രായേൽ ജനവിഭാഗങ്ങളും ഇസ്ലാം,ബുദ്ധ, ക്രൈസ്തവ മതങ്ങൾ സ്വീകരിച്ചു. കാലപ്പഴക്കം കൊണ്ട് ചിലരുടെ ഗോത്രമുദ്രകൾ നഷ്ടപ്പെട്ടുകഴിഞ്ഞിട്ടുണ്ടെങ്കിലും ചിലർ ഗോത്രത്തനിമ ഇപ്പോഴും നിലനിർത്തുന്നുണ്ട്.

യേശുവിന് നാലരനൂറ്റാണ്ടു മുമ്പ് എസ്രാ, നെഹമിയാ എന്നീ പ്രവാചകന്മാരുടെ നേതൃത്വത്തിൽ രണ്ട് ഗോത്രങ്ങളിലെ ഏതാനും പേർ മാത്രമാണ് ജെറുസലേമിൽ മടങ്ങിയെത്തിയത് എന്ന് പറഞ്ഞുവല്ലോ. അവർ പെറ്റുപെരുകിയ യഹൂദജനതയിലാണ് യേശു ജനിച്ചതും പ്രേഷിത പ്രവർത്തനങ്ങൾ നിർവ്വഹിച്ചതും. കുരിശ് സംഭവത്തിന് ശേഷം അദ്ദേഹം ജെറുസലേമിൽ നിന്നു പലായനം ചെയ്യുകയുണ്ടായി. പിന്നീട് AD 70ൽ റോമൻ പടയാളി ടൈറ്റസ് വന്ന് ജെറുസലേം ആക്രമിക്കുകയും സോളമന്റെ ആരാധനാലയം തകർത്തു തരിപ്പണമാക്കുകയും ചെയ്തു. ഈ ആക്രമണവേളയിൽ ലോകത്തിന്റെ നാനാഭാഗത്തേക്ക് ഇസ്രയേലികൾ വീണ്ടും ചിതറിത്തെറിച്ചു. ജെറുസലേം അവർ ഉപേക്ഷിച്ചുപോയി. 'രണ്ടാം ഡയസ്പോറ' എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. ഏകദേശം രണ്ടായിരം വർഷങ്ങൾക്ക് ശേഷം 1948ൽ ഇസ്രായേൽ സ്റ്റേറ്റ് രൂപവത്കരിച്ചപ്പോൾ മടങ്ങിവന്നത് രണ്ടാം ഡയസ്പോറ കാലത്ത് ചിതറിപ്പോയവർ മാത്രമാണ്. അതിന് മുമ്പ് കാണാതെപോയ പത്ത് ഗോത്രത്തിൽ പെട്ടവരാരും ഇസ്രായേലിലേക്ക് മടങ്ങിവന്നിട്ടില്ല. പക്ഷേ ഇന്ത്യയിൽ നിന്നു കാണാതെപോയ പത്ത് ഗോത്രങ്ങളിൽപെട്ട ഒരു ഗോത്രസമൂഹത്തെ ഇസ്രയേൽ ചരിത്രപണ്ഡിതൻമാർ തിരിച്ചെറിഞ്ഞ് തങ്ങളുടെ ജന്മഗേഹത്തിലേക്ക് മടങ്ങിവരാൻ അനുവദിക്കുകയുണ്ടായി. 1970ൽ ഇന്ത്യയിലെ പർവ്വതസംസ്ഥാനങ്ങളായ മിസോറാമിലും മണിപ്പൂരിലും നിന്നുള്ള കാണാതെപോയ പത്ത് ഗോത്രത്തിൽപ്പെട്ട ഒരു പുരാതന യഹൂദഗോത്രമായിരുന്നു അത്. ഈ ഗോത്രസമൂഹത്തെ ഇപ്പോൾ ഇസ്രായേലി നരവംശ ശാസ്ത്രജ്ഞന്മാർ വംശത്തനിമ പരിശോധിക്കാൻ ജനിത പരിശോധനയ്ക്ക് വിധേയമാക്കാൻ നിർബന്ധിക്കുകയാണ്. ഇതിനെതിരെ ഈ ജനസമൂഹം വിസമ്മതി പ്രകടിപ്പിക്കുകയും പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യുന്നു. ഒരു ജനവിഭാഗത്തിന്റെ ഗോത്രീയതയും സത്വബോധവും ശാസ്ത്രീയ പരിശോധനയുടെ സൂചിമുനയിൽ നിർത്തി പരീക്ഷിക്കുന്നത് ഒരിക്കലും നീതീകരിക്കാനാവില്ല. മനുഷ്യന്റെ അമൂർത്തമായ സാംസ്കാരിക ഗോത്രീയ വ്യക്തിത്വം അത്യപൂർവ്വമായിട്ടല്ലാതെ നിശിതവും തീക്ഷ്ണവുമായ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കുന്നത് ശരിയല്ല. പ്രത്യേകിച്ച് പൗരത്വം നിർണയിക്കുന്നതുപോലെയുള്ള പ്രശ്നങ്ങളിൽ. ഏകദേശ തെളിവുകളുമുണ്ടെങ്കിൽ അവരുടെ അവകാശവാദം അംഗീകരിക്കുന്നതാണ് ശരിയായ രീതി. പക്ഷേ, തനി വംശീയതയിലധിഷ്ഠിതമായ ഇസ്രായേൽ രാഷ്ട്രം ചരിത്രത്തിന്റെ നിഗൂഢതകളിൽ പൊതിഞ്ഞുനിൽക്കുന്ന ഈ ഗോത്രസമൂഹത്തിന്റെ സത്വബോധത്തെ ജനിതകശാസ്ത്രമുപയോഗിച്ച് ചോദ്യം ചെയ്യുകയാണ്. ഇത് സംബന്ധമായി Indian Jews resist DNA tests (ഇന്ത്യൻ ജൂതന്മാർ DNA പരിശോധനയെ പ്രതിരോധിക്കുന്നു) എന്ന തലക്കെട്ടിൽ Hindu ദിനപത്രം (11.Nov.2002) പ്രസിദ്ധീകരിച്ച ഒരു വാർത്തയുടെ പൂർണ്ണരൂപമാണ് താഴെ ചേർക്കുന്നത്:

ലണ്ടൻ നവ: 10. മുപ്പത് വർഷങ്ങൾക്ക് മുമ്പ് ഇസ്രായേലിലേക്ക് കുടിയേറിപ്പാർത്ത ഒരു ഇന്ത്യൻ യഹൂദസമൂഹം അവരുടെ വംശീയത്തനിമ തെളിയിക്കുന്ന ജനിതക പരിശോധനയിൽ ആശങ്കാകുലരായി അതിന് വിസമ്മതിക്കുകയാണ്. ഈ ഇന്ത്യൻസമൂഹം കാണാതെപോയ പത്ത് ഇസ്രയേൽ ഗോത്രത്തിൽ പെട്ടവരാണെന്നാണ് അവകാശപ്പെടുന്നത്.

ബനീമെനേശ (ബൈബിളിലെ യഹൂദി ഗോത്രങ്ങളിലൊന്നായ മെനാശാ ഗോത്രത്തിലെ സന്തതികൾ)

ശവാദം സത്യത്തേക്കാൾ കെട്ടുകഥകൾ നിറഞ്ഞതാണെന്നാണ്.

എന്ന് വിളിക്കപ്പെടുന്ന ഈ വിഭാഗം ഒരു സംഘം അമേരിക്കൻ ഇസ്രയേലി ശാസ്ത്രജ്ഞന്മാർ നടത്തുന്ന D.N.A പരിശോധന തങ്ങളുടെ യഹൂദ ഗോത്രീയതയെ തുരങ്കം വെച്ചേക്കുമോ എന്ന് ഭയപ്പെടുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

4000 മുതൽ 5000 വരെ അംഗസംഖ്യയുള്ള ഗോത്ര സമൂഹമാണ് മണിപ്പൂരിലെയും മിസോറാമിലെയും ബനീമെനേശ. 1970ന്റെ തുടക്കത്തിൽ ഇസ്രയേലിലേക്ക് കുടിയേറിയ പ്രസ്തുത ഗോത്രത്തിൽപെട്ടവർ യാഥാസ്ഥിതിക യഹൂദന്മാരായി ജീവിക്കുന്നു. വളരെ വലിയ ഷിൻലംങ്ങ് (Shinlong) ഗോത്രത്തിലെ അംഗങ്ങളായ അവർ ബനീമെനേശാ എന്നു സ്വയം നൽകിയ ഈ പുതിയ പേര് അവരുടെ വംശീയ വേരുകളിലുള്ള വിശ്വാസങ്ങളിലേക്ക് വിരൽ ചൂണ്ടുന്നുവെന്ന് ജെറുസലേമിൽ നിന്നു സൺഡേ ടെലഗ്രാഫ് റിപ്പോർട്ട് ചെയ്യുന്നു.

ഒരു നൂറ്റാണ്ട് മുമ്പ് സർവ്വാത്മതാവാദ (Animism) ത്തിൽനിന്ന് ക്രിസ്തുമതത്തിലേക്ക് മതം മാറിയെങ്കിലും വ്യക്തമായ ബർമീസ് തിബറ്റൻ ശാരീരിക സവിശേഷതകളുള്ള അവർ യഹൂദമതത്തോട് സാമ്യമുള്ള മതപരമായ ആചാരാനുഷ്ഠാനങ്ങൾ പിന്തുടർന്നു വന്നിരുന്നവരായിരുന്നു.

ഉദാഹരണത്തിന്, ജനിച്ച് എട്ട് ദിവസങ്ങൾക്ക് ശേഷം ആൺ ശിശുവിന് അവർ ചേലാകർമ്മം ചെയ്യുകയും വിശുദ്ധദിനങ്ങളിൽ പുളിപ്പില്ലാത്ത അപ്പം തിന്നുകയും ചെയ്യുമായിരുന്നു. അവരാകട്ടെ അപ്പം തിന്നുന്നവരായിരുന്നില്ല. പ്രാർത്ഥനകളിൽ ഉപയോഗിച്ചിരുന്ന ഭാഷക്ക് ബൈബിൾ ഹീബ്രുവുമായി ഭാഷാപരമായി നിരവധി ബന്ധങ്ങളും സാമ്യതകളുമുണ്ടായിരുന്നു.

നാല് വർഷം ഈ വിഷയത്തിൽ ഗവേഷണം നടത്തിയ ഹിലേൽ ഹൽകിം എന്ന പത്രപ്രവർത്തകന്റെ അഭിപ്രായത്തിൽ ഈ ജനവിഭാഗം ബി.സി. 722ൽ അസീറിയക്കാരുടെ ആക്രമണഫലമായി നഷ്ടപ്പെട്ടുപോയ പത്ത് ഇസ്രയേൽ ഗോത്രങ്ങളുടെ പരിശിഷ്ടമാണെന്നാണ്. കാണാതെപോയ ഈ യഹൂദഗോത്രങ്ങൾക്ക് എന്തു സംഭവിച്ചുവെന്നത് നിഗൂഢവും ചരിത്രകാരന്മാരെ അമ്പരപ്പിക്കുന്നതും നൂറ്റാണ്ടുകളോളമായി ഗവേഷണം നടത്തുന്നതുമായ ഒരു വിഷയമാണ്.

കാണാതെപോയ യഹൂദ ഗോത്രങ്ങളുടെ അന്വേഷണ വിദഗ്ധനായ ഏലിയാഹു അവിച്ചെല്ലി എന്ന യഹൂദ പുരോഹിതന്റെ സഹായത്തോടെ ബനീമെനേശ എന്ന ഇസ്രായേലി ഗോത്രം 5,600 കിലോമീറ്റർ അകലെയുള്ള ഇസ്രായേലിലേക്ക് അവരുടെ മാതൃദേശത്ത് നിന്ന് ഘട്ടംഘട്ടമായി കുടിയേറുകയുണ്ടായി. അവരിപ്പോൾ 700 പേരുണ്ട്.

അവരുടെ പാരമ്പര്യപ്രകാരം ഇറാക്ക്, അഫ്ഗാനിസ്താൻ, മംഗോളിയ, തെക്കൻ ചൈന വഴിയാണ് അവർ ഇസ്രായേലിൽ നിന്നു ഇന്ത്യയിലേക്ക് എത്തിയത്.

ഇസ്രായേലിലേക്കുള്ള കുടിയേറ്റത്തിന് നിയമപ്രകാരം അവർക്ക് ഇസ്രായേൽപൗരത്വം ലഭിക്കണമെങ്കിൽ പൂർണ്ണമായും യഹൂദ മതത്തിലേക്ക് പരിവർത്തനം ചെയ്യേണ്ടതുണ്ട്. ഇന്ത്യയിൽനിന്നു കുടിയേറിപ്പാർത്ത ഇവർ ഇസ്രായേൽ പൗരത്വം ലഭിക്കാൻ വളരെയേറെ ബുദ്ധിമുട്ടുന്നു. ഇസ്രായേലിലെ ചില സംശയാലുക്കളുടെ അഭിപ്രായപ്രകാരം യഹൂദന്മാരാണെന്നുള്ള ബനീ മെനേശയുടെ അവകാശവാദം സത്യത്തേക്കാൾ കെട്ടുകഥകൾ നിറഞ്ഞതാണെന്നാണ്.

ഒരു ഡി. എൻ. എ. പരിശോധനക്ക് കൂടി അവർ വിധേയമായാൽ ഇസ്രായേൽ സമൂഹവുമായുള്ള അവരുടെ സ്വാംശീകരണം കൂടുതൽ സങ്കീർണമാകുമെന്ന് ബനീമെനേശ ഭയപ്പെടുന്നു.

'അനേക വർഷങ്ങളായി യഹൂദരല്ലാത്തവരുടെ രക്തവുമായി ഞങ്ങളുടെ ഗോത്രരക്തം കൂടിക്കലർന്നിട്ടുണ്ട്. അതുകൊണ്ട് D.N.A. പരിശോധന ഞങ്ങൾ യഹൂദികളാണെന്ന് തെളിയിക്കുമോ? ജനങ്ങൾ ഞങ്ങളെ യഹൂദികളല്ലെന്നും ഞങ്ങളുടെ സമൂഹത്തിന്റെ പ്രതീക്ഷകൾ തകർക്കുമാറ് ഇവിടെ നിന്ന് പോവണമെന്നും പറയാൻ പോവുകയാണോ? D.N.A പരിശോധനയിൽ ഞങ്ങളുടെ യഹൂദിത്വം തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഞങ്ങൾ യഹൂദികളാണെന്ന വികാരമുള്ളവരാണ് അതുകൊണ്ട് എപ്പോഴും ഞങ്ങൾ യഹൂദികളായിരിക്കും''' അവർ പറഞ്ഞു.

# ഡോ. സലാഹുദ്ദീൻ സംസ്ഥാന ഖാഇദ്

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ (അഹ്മദിയ്യാ യുവജനവിഭാഗം) കേരളയുടെ പുതിയ സംസ്ഥാന ഖാഇദ് ആയി ഡോ. സലാഹുദ്ദീൻ സാഹിബിനെ ഖുദ്ദാമുൽ അ ഹ്മദിയ്യാ ഭാരത് സദർ മൗലാനാ നസീം അഹ്മദ്ഖാൻ സാഹിബ് നോമിനേറ്റു ചെ യ്തു.



കൽപ്പേനി (ലക്ഷദ്വീപ്) സ്വദേശി സി. ഹംസക്കോയ സാഹിബിന്റെയും കോഴിക്കോടൻ വീട്ടിൽ ഫാത്തിമ ബീവിയുടെയും അഞ്ചാമത്തെ പുത്രനാണ് ഡോ. സലാഹുദ്ദീൻ. University of Agricultural Sience, Banglore- ൽനിന്ന് Bachelor of Veterinary Sience പാസായി ഇപ്പോൾ കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പിൽ വെറ്റിനറി സർജനായി സേവനമനുഷ്ഠിക്കുന്നു. 1999 മുതൽ കോഴിക്കോട് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖാഇദാണ് ഡോ. സലാഹുദ്ദീൻ. ഇന്ത്യയിലെ ഏറ്റവും നല്ല മജ്ലിസിനുള്ള പുരസ്കാരം കോഴിക്കോട് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാക്ക് ലഭിച്ചത്. സലാഹുദ്ദീൻ സാഹിബ് ഖായിദായിരിക്കുന്ന അവസരത്തിലാണ്.

നേതൃത്വപാടവവും വിനയശീലവും ഒത്തിണങ്ങുന്ന സ്വഭാവപ്രകൃതിയുടെ ഉടമസ്ഥനായ സലാഹുദ്ദീൻ സാഹിബ് മികച്ച പ്രാസംഗികനും കൂടിയാണ്.

ഡോക്ടർ സലാഹുദ്ദീൻ സാഹിബിന്റെ നേതൃത്വത്തിൽ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഉത്തരോത്തരം പുരോഗതി പ്രാപിക്കാൻ സർവ്വശക്തനായ അല്ലാഹു തുണയ്ക്കുമാറാകട്ടെ-ആമീൻ.